

UNION CHRISTIAN COLLEGE LIBRARY
KERALA

# യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവാ

വാർഷികപ്പതിപ്പ്

1972—'73

മുഖ്യപത്രാധിപർ–എം. വി. പോൾ

UNION CHRISTIAN COLLEGE LIBRARY ALWAYE-2 KERALA

(Secretary)

**മുഖചിത്രം–ഷംസുദ്ദീൻ**

ഇതാദ്യമായിട്ടാണ് യു. സി കോളേജിലെ മാഗസിന്റെ മുഖചിത്രം യു സി കോളേജിലെതന്നെ ഒരു വിദ്യാർത്ഥി ഒരുക്കുന്നത്. അനുഗ്രഹീതനായ ഈ കലാകാരന് ചിത്രകലയിൽ ഉപരിപഠനത്തിനായി, സ്കോളർഷിപ്പോടുകൂടി, ബോംബെയിലെ 'സ്കൂൾ ഓഫ് ആർട്ട്സ്'ൽ പ്രവേശനം ലഭിച്ചു എന്നതു് ചാരിതാർത്ഥ്യജനകമാണ്. ഈ വർഷത്തെ 'ആർട്ട്സ് ക്ലബ്ബ്' സംഘടിപ്പിച്ച ചിത്രകലാമത്സരത്തിൽ ഏറ്റവും നല്ല ചിത്രകാരനായി തിരഞ്ഞെടുക്കപ്പെട്ടതും ഈ പ്രതിഭാശാലിയാണെന്നതു' പ്രസ്താവ്യമത്രേ.

ജയ്ഹിന്ദ് പ്രിന്റേഴ്സ്, ആലുവാ.

# പത്രാധിപസമിതി

ഡോ. എ. കെ. ബേബി
പി. എം. ചാക്കോ
പി. കെ. നാരായണമേനോൻ
തോമസ് അബ്രഹാം
ജെസ്സി പോൾ
കെ. ബാലകൃഷ്ണൻ നായർ
പി. എ. ആന്റണി
ആദം ഹമീദ്
എച്ച്. എസ്സ്. നാഗി
വി. ഡി. ജോണി
എം. വി. പോൾ

# പത്രാധിപക്കുറിപ്പ്

ഇന്ത്യയിലെ ജനസാമാന്യത്തിന്റെ ജീവിതത്തെ പരിവർത്തനവിധേയമാക്കുവാൻ തികച്ചും അശക്തമായിരുന്നു, കയ്പു നിറഞ്ഞ അനുഭവങ്ങൾമാത്രം വീണ്ടും അവർക്കേകിയ ഒരു വർഷം കടന്നുപോയി. വിശപ്പ് പ്രതിഫലംപറ്റി അധ്വാനിക്കുന്ന, മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ കഴിയുന്ന ഇന്ത്യയിലെ കോടി ജനകോടികൾക്ക് ഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല എന്നുമാത്രമല്ല, അവർക്കെന്നായിരുന്ന ഗതിമുട്ടിച്ചുകളയുവാൻ പോന്നവയായിരുന്നു കഴിഞ്ഞ ഒരു വർഷത്തെ സംഭവഗതികൾ.

ജനങ്ങളുടെ ജീവൽപ്രശ്നങ്ങളും പരിഹരിക്കുന്നതിൽ ഇവിടത്തെ ഭരണ സംവിധാനത്തിനുണ്ടായ പരാജയം വളരെ ഗുരുതരമായ ചില വസ്തുതകളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ഭൂരിപക്ഷം വരുന്ന ഇല്ലാത്തവരുടെ താത്പര്യങ്ങളെ ഇന്നത്തെ ഭരണസംവിധാനം ഉൾക്കൊള്ളുന്നില്ല എന്നത് വളരെ വ്യക്തമാണ്. ഇന്നും ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാധീനിക്കുന്നത് ന്യൂനപക്ഷംവരുന്ന സമ്പന്ന വർഗ്ഗമാണ്; അവരുടെ താത്പര്യങ്ങളാണ്, ഇന്ത്യൻ ജനത നേരിടുന്ന ഭക്ഷ്യക്ഷാമവും, പട്ടിണിയും

തൊഴിലില്ലായ്മയും എല്ലാം ഇവിടത്തെ ഭരണകർത്താക്കളുടെ ആസൂത്രണത്തിന്റെ പാപ്പരത്തത്തെയാണ് വെളിപ്പെടുത്തുന്നത്. ഇന്ത്യൻ ഭരണഘടനയനുസരിച്ച് സർവ്വവിധ അവകാശങ്ങളും സ്വാതന്ത്ര്യവുമെല്ലാമുള്ള, ഇന്ത്യൻ രാഷ്ട്രപതിയും പ്രധാനമന്ത്രിയുമെല്ലാം ആകുവാൻ യോഗ്യരായവർ, ഒരു നേരത്തെ ആഹാരത്തിനുവേണ്ടി പിച്ചപ്പാത്രവുമായി 'കഞ്ഞിവീഴ്ത്തൽ' കേന്ദ്രങ്ങളിൽ ക്യൂനിൽക്കുന്നു. ഈ അരക്ഷിതാവസ്ഥയിൽനിന്ന് ഇന്ത്യയിലെ ജനകോടികൾക്ക് മോചനമില്ലേ? പാവപ്പെട്ട ജനങ്ങൾക്ക് ഗതിയുണ്ടാകണമെങ്കിൽ അവർ സ്വയം സംഘടിച്ച് ഇന്നത്തെ ഭരണസംവിധാനത്തെ പൊളിച്ചുപണിയേണ്ടിയിരിക്കുന്നു.

വിവിധങ്ങളായ സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇവിടുത്തെ സർവ്വകലാശാലകൾക്കുള്ള പ്രസക്തിയെപ്പറ്റി ചിന്തിക്കുമ്പോൾ, ക്രിയാത്മകമായ യാതൊരു സ്വാധീനശക്തിയും ചെലുത്തുവാൻ അവ അശക്തങ്ങളാണെന്നകാര്യം വ്യക്തമാകുന്നുണ്ട്. ഇവിടത്തെ സാധാരണജനങ്ങളുടെ ജീവിതപ്രശ്നങ്ങളും ഇവിടത്തെ സർവ്വകലാശാലകളും വളരെ അകലെയാണെന്നുമാത്രമല്ല, ഈവക പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കുവാനോ, അവയെ പ്രായോഗികമായി കൈകാര്യം ചെയ്യുവാൻ പ്രാപ്തരായ ഒരു പുതിയ തലമുറയെ സൃഷ്ടിക്കുവാനോ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല. സാമാന്യജനജീവിതവുമായി, അതിന്റെ പ്രശ്നങ്ങളുമായി, അഭേദ്യമായി ബന്ധപ്പെടുന്ന വിദ്യാഭ്യാസത്തിനുമാത്രമേ ഇവിടെ എന്തെങ്കിലും ചലനം സൃഷ്ടിക്കുവാൻ കഴിയുകയുള്ളു. അങ്ങനെയുള്ള ഒരു വിദ്യാഭ്യാസരീതിക്ക് രൂപംകൊടുക്കുവാൻ, പരിവർത്തനംമാത്രം പ്രസംഗിക്കുന്ന ഭരണകർത്താക്കൾ തീർത്തും പരാജയപ്പെട്ടിരിക്കുകയാണ്. കെമിസ്ട്രിയും, ഫിസിക്സുമെല്ലാം ഐച്ഛികവിഷയമായെടുത്ത് എം എസ് സിയും ബി എസ് സിയുമെല്ലാം പാസ്സാകുന്നവരെ ബാങ്കുകളിൽ കൂട്ടപലിശക്കണക്കെഴുതാൻ ഇരുത്തുകയും, വളരെയധികം ബിരുദധാരികളെ തെക്കുവടക്കുനടത്തിക്കുകയും ചെയ്യുന്ന ഇന്നത്തെ സർവ്വകലാശാലാവിദ്യാഭ്യാസം ഒരു വലിയ പരിധിവരെ ദേശീയ പാഴ്ച്ചെലവുമാത്രമാണ്.

## നമ്മുടെ മാഗസിനെക്കുറിച്ച്

ഒരു വാർഷികപ്പതിപ്പുമാത്രം പ്രസിദ്ധീകരിക്കുക എന്ന പതിവിൽനിന്നും വിഭിന്നമായി മൂന്ന് 'Monthly magazines' കൂടിപ്രസിദ്ധീകരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ കലാലയത്തിലെ എഴുതുവാൻ കഴിവുള്ള വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾക്ക് അത് തികച്ചും ഒരു പ്രോത്സാഹനമണ്ഡലമായിരുന്നു. വലിപ്പത്തിൽ ചെറുതാണെങ്കിലും ഉള്ളടക്കത്തിൽ മറ്റുപല കോളേജുകളുടെ വാർഷികപ്രസിദ്ധീകരണത്തേക്കാൾ ഒരു പടിമുന്നിൽ നിൽക്കുന്നവയാണ് അവ. വളരെയധികം അദ്ധ്വാനം ആവശ്യമായിരുന്ന ശ്രമകരമായ ഒരു പദ്ധതിയാണ് അതിലൂടെ ഞങ്ങൾ ഏറ്റെടുത്തത്.

നേരത്തേ അംഗീകരിക്കപ്പെട്ടിരുന്നതുപോലെ Monthly മാഗസിനുകൾക്കുവേണ്ടി ഒരു ചെറിയ തുക വിദ്യാർത്ഥികളിൽനിന്ന് പിരിച്ചെടുക്കുവാൻ കഴിയാതെ വന്നതുമൂലം വലിയൊരു സാമ്പത്തികബുദ്ധിമുട്ടാണ് അഭിമുഖീകരിക്കേണ്ടിവന്നത്. അത് പിരിച്ചെടുക്കുവാൻ കഴിയാതെവന്നത് എന്തുകൊണ്ടാണെന്നകാര്യം ഇവിടത്തെ വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾക്കറിവുള്ളതാണല്ലോ. കഴിഞ്ഞവർഷത്തെ മാഗസിൻ ഫണ്ടുമായി താരതമ്യപ്പെടുത്തുമ്പോൾ ഏകദേശം പകുതിത്തുകമാത്രമാണ് ഈ വർഷം ലഭിച്ചത്. ഇതിൽനിന്ന് നല്ലൊരുഭാഗം മാസംതോറും പ്രസിദ്ധീകരിച്ച മാസികകൾക്കവേണ്ടി ചെലവഴിക്കേണ്ടിവന്നതുമൂലം, Annual പ്രസിദ്ധീകരിക്കുവാൻപോലും കഴിയാത്ത ഒരു പരിതസ്ഥിതിയാണുണ്ടായിരുന്നത്. എങ്കിലും വളരെയധികം പരിശ്രമിച്ചതിന്റെഫലമായി കൂടുതൽ പരസ്യങ്ങൾ നേടിയും, ചെലവുകൾ കുറക്കാവുന്നത്ര വെട്ടിച്ചുരുക്കിയും ഞങ്ങൾ ആ പ്രതിസന്ധിയെ അതിജീവിച്ചു. പരിമിതികൾക്കുള്ളിൽ നിന്നുതന്നെ മാഗസിൻ കൂടുതൽ ആകർഷകമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

വളരെയധികം വിദ്യാർത്ഥികൾ തങ്ങളുടെ കോഴ്സുകൾ പൂർത്തിയാക്കി, ഈയവസരത്തിൽ കലാലയജീവിതത്തിൽനിന്നും പിരിഞ്ഞു പോകുന്നുണ്ട്. അവർക്കെല്ലാം ജീവിതത്തിൽ മംഗളമാശംസിക്കുന്നു. നമ്മുടെ മാസികയുടെ പത്രാധിപസ്ഥാനം വഹിക്കുവാൻ എന്നെ നിയോഗിച്ച ഈ കലാലയത്തിലെ എല്ലാ വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾക്കും പ്രത്യേകം നന്ദിരേഖപ്പെടുത്തിക്കൊണ്ട്

എം. വി. പോൾ,

ചീഫ് എഡിറ്റർ

# താളുകളിൽ


ചിന്തകൾ, ഓർമ്മകൾ: മുത്തുകൾ
മൈക്കിൾ തരകൻ
എം. എ. ഒന്നാംവർഷം ചരിത്രം

Cultural Rot
വേണുഗോപാലൻ ടി.
എം. എ. രണ്ടാംവർഷം ചരിത്രം

ഹോമകുണ്ഡം
ആന്റണി പി. എ.
ബി. എ. മൂന്നാംവർഷം മലയാളം

ഭീഷ്മപർവ്വം
ശ്രീകുമാർ ഇ. പി.
പ്രീഡിഗ്രി രണ്ടാംവർഷം രണ്ടാംഗ്രൂപ്പ്

മെഴുകുതിരി
മേബൽ പി. അബ്രഹാം
പ്രീഡിഗ്രി ഒന്നാംവർഷം രണ്ടാംഗ്രൂപ്പ്

Sorry, India
തോമസ് എ. ജോർജ്ജ്
പ്രീഡിഗ്രി രണ്ടാംവർഷം ഒന്നാം ഗ്രൂപ്പ്

വിശപ്പ്
സന്തോഷ് കെ. പി.
ബി. എസ്. സി. രണ്ടാംവർഷം രസതന്ത്രം

ഒരു ദിവസം
സുരേഷ് ഇ. പി.
പ്രീഡിഗ്രി രണ്ടാം വർഷം ഒന്നാം ഗ്രൂപ്പ്

Where Angels Live
ബാലകൃഷ്ണൻ നായർ കെ.
ബി. എ. രണ്ടാം വർഷം മനഃശാസ്ത്രം

July 29th 1972
ഗോവിന്ദനുണ്ണി ടി.
ബി. എസ്. സി. മൂന്നാം വർഷം ഊർജ്ജതന്ത്രം

Creative Cheiromant Game-Rectilineal
ഗീവറുഗീസ് എ. എം.
എം. എ. ഒന്നാം വർഷം ആംഗലസാഹിത്യം

Pele "The Black-Pearl"
ജോയ് പി. എം.
പ്രീഡിഗ്രി ഒന്നാം വർഷം മൂന്നാംഗ്രൂപ്പ്

| നീ.ഞാൻ | = ∞
വിജയൻ കെ. പി.
ബി. എസ്. സി മൂന്നാം വർഷം ഗണിതശാസ്ത്രം

സ്വാതന്ത്ര്യസമരവും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും
ഫരീദ് പി. എ.
ബി. എ. മൂന്നാം വർഷം ധനതത്വശാസ്ത്രം-ചരിത്രം

Higher Education
ഡോ. കരുൺ എം. വി.
മേധാവി, ധനതത്വശാസ്ത്രവിഭാഗം

ആനമുടിയിലെ വെള്ളത്തകല്ലുകൾ
ബാലകൃഷ്ണൻ നായർ കെ.
ബി. എ. രണ്ടാം വർഷം മനഃശാസ്ത്രം

ഇടപ്പള്ളി രാഘവൻപിള്ള
ഉണ്ണികൃഷ്ണൻ ശീവോള്ളി
പ്രീഡിഗ്രി ഒന്നാം വർഷം മൂന്നാംഗ്രൂപ്പ്

ഒരു പുരാവൃത്തം
കുഞ്ഞികൃഷ്ണൻ കെ.
അദ്ധ്യാപകൻ, മനഃശാസ്ത്രവിഭാഗം

Brainy Machines
ഗീത പി.
ബി. എസ്. സി. ഒന്നാം വർഷം രസതന്ത്രം

Why Educate?
ജെസ്സി പോൾ
ബി. എ. രണ്ടാം വർഷം ആംഗലസാഹിത്യം

പരാജയം
ശശി മാത്തിൽ

സ്വാഗതം
ഗോപകുമാർ കെ. പി.
ബി. എസ്. സി. ഒന്നാംവർഷം ഊർജ്ജതന്ത്രം

അഖിലേന്ത്യാ പട്ടീസ് കോൺഫറൻസ്
സെയ്ദ് മുഹമ്മദ്
ബി. എ. മൂന്നാംവർഷം ധനതത്വശാസ്ത്രം-ചരിത്രം

ചിരഞ്ജീവി
പൗലോസ് എം. ജി.
ബി. എ. രണ്ടാംവർഷം ചരിത്രം

പ്രേമമെന്നാൽ
കൃഷ്ണൻ പി. ററി.
ബി. എ. മൂന്നാംവർഷം മനഃശാസ്ത്രം

ജീവിതത്തോണി
രാധ കെ. പി.
ബി. എ. മൂന്നാംവർഷം മലയാളം

ലളിതേ, ചിരിക്കൂ!
മോഹൻ ജേക്കബ് പി.
ബി. എ. മൂന്നാംവർഷം മനഃശാസ്ത്രം

ആശാന്റെ സ്നേഹസങ്കൽപ്പങ്ങൾ
കൃഷ്ണൻകുട്ടി എസ്.
ബി. എ. ഒന്നാംവർഷം മലയാളം

റിപ്പോർട്ടുകൾ

ഞാനെന്ന രണ്ടു മനുഷ്യൻ
വിജയൻ കെ. പി.
ബി. എസ്. സി. മൂന്നാംവർഷം ഗണിതശാസ്ത്രം



# ഡോ. എ. കെ. ബേബി

വളരെ അധികം സന്ദേഹങ്ങളോടുകൂടി
വളരെ വൈകി ആരംഭിച്ച ഒരു കലാലയവർഷം
പ്രതീക്ഷക്കതീതമായി
സുകരമായി കടന്നുപോയി.

ഇക്കാലത്തു്, അഭിമാനകരങ്ങളായ പല നേട്ടങ്ങളും
നമ്മുടെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ കൈവരിച്ചു.

പ്രത്യേകിച്ചു്, കോളേജ്മാഗസിന്റെ കാര്യത്തിൽത്തന്നെ
നൂതനമായ ഒരു പരിവർത്തനം വരുത്തുന്നതിനു്
ഈ വർഷത്തെ പത്രാധിപസമിതിക്കു് കഴിഞ്ഞു.
ഇതു് സ്വാഗതാർഹമായ ഒരു കാൽവയ്പാണു്.

വ്യക്തിവൈരാഗ്യങ്ങളും രാഷ്ട്രീയപകയും കൊണ്ടു്
കലാലയാന്തരീക്ഷങ്ങൾ കലുഷിതമായിരുന്ന ഒരു കാലയളവിൽപോലും
പൊതുവേപറഞ്ഞാൽ, നമ്മുടെ വിദ്യാർത്ഥികൾ
സഹകരണമനോഭാവത്തോടും സഹനശക്തിയോടും സമചിത്തതയോടുംകൂടി
പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ ശ്രമിച്ചു.
അതിൽ അവരെ ഞാൻ അഭിനന്ദിക്കുന്നു.

വ്യക്തിജീവിതത്തിൽ വിജയം വരിക്കുന്നതിനു്
മേൽപ്പറഞ്ഞ ഗുണങ്ങൾകൂടിയേ കഴിയൂ.

നമ്മുടെ വിദ്യാർത്ഥികളെക്കുറിച്ചു്
അവരുടെ എല്ലാ പരിമിതികളോടുംകൂടി
ഞാൻ അഭിമാനിക്കുന്നു.

യു. സി. സി. 1973



magazine committee



magazine advt: committee



thomas mathew
chairman



bharathan
councillor

# college union '72—'73



santhosh k. p.
arts club



paul m. v.
magazine



secretary alex k. george
pre degree forum



science representative
sathyanathan m.



arts representative
vincent k. v.

s
e
c
r
e
t
a
r
y



pre degree sasikumar
day scholars
association



pre degree group one rep:
suresh e. p.



lakshmanan pillai p. n.
secretary
economics association



davis george mampilli
secretary
jr day scholars association

- അനന്തമായ അന്വേഷണം സൃഷ്ടി യെ സ്ഥിതിയാക്കി മാററുന്നു. അതി ന്റെ അവസാനം സംഹാരത്തിനു വഴിയൊരുക്കുന്നു.
- യഥാർത്ഥകുററവാളിയെ വധിക്കാൻ അവർ കോടതിമുറ്റവെളിയിൽ പതി യിരിക്കുന്നു.
- ആത്മാർത്ഥതയോടെ പ്രവർത്തിക്കു മ്പോൾ ഒരിക്കൽ ദൈവം ഞങ്ങളിൽ കനിഞ്ഞ് ഈ പർവ്വതങ്ങളെ മാററി ത്തരും.
- "ഇല്ല, ഞാനൊരിക്കലും മരിക്കില്ല" ജോഹിൽ പറഞ്ഞു.
- "നിങ്ങൾക്കുചെറപ്പം, ഞങ്ങൾക്കും ചെറപ്പം. നമ്മളൊന്നിച്ചുനിൽക്കും."
- 'നീതിക്കുവേണ്ടികൊല്ലേണ്ടിവന്നാൽ ഞാൻ കൊല്ലും. ആത്മാർത്ഥമായ സ്നേഹവുംപരസ്പരധാരണയും അടി സ്ഥാനമായുണ്ടെങ്കിൽ ഞാനാരുമായും ലൈംഗിക ബന്ധത്തിലേർപ്പെടും.'

അന്വേഷണത്തിന്റെ അടക്കിവ്വാത്ത പാതയിലൂടെ ലേഖകൻ ലോക വിപ്ലവകാരികളുടെ പ്രവചനങ്ങളും താണ്ടിക്കടന്ന് യുവതെസ്സിന്റെ ആവേശം ആവാഹിക്കാനെന്നപോലെ, രാവിലെയുടെ ആദ്യ നിശ്വാസങ്ങളെ തിരക്കാനെന്നപോലെ അലക്ഷ്യഗമനം നടത്തുന്നു. ഒട്ടുവിൽ മാർഗററ്റ് എന്ന നിഷ്കളങ്കയുമായി ഹോട്ടൽ മുറ്റത്ത് ഒരു രാത്രിയുടെ അവസാനയാമത്തിൽ സംസാരിച്ചിരിക്കുമ്പോൾ, അവൾ സാക്ഷിമാനം പ്രഖ്യാപിക്കുന്നു— "പതിനഞ്ചാമത്തെ വയസ്സിൽ എനിക്കെന്റെ കന്യകാത്വമല്ല നഷ്ടപ്പെട്ടത്"; ഞാൻ മാത്രം ഏകയായിരുന്നു."

- ഞാൻ വെറുതെ അന്വേഷിക്കട്ടെ
- മൂല്യം ഒരു പാറയല്ല
- മാവോ പറഞ്ഞ കഥ
- 'ചേ' എന്ന ആവേശം
- പ്രായത്തിനു് ഭാഷയുണ്ട്
- നിഷ്ക്കളങ്കയായ കൂട്ടുകാരിയോടൊത്ത്

# ചിന്തകൾ, ഓർമ്മകൾ: മുത്തുകൾ.

മൈക്കിൾ തരകൻ

# ഞാൻ വെറുതെ അന്വേഷിക്കട്ടെ

"നില്ക്കാനൊരിടം തരൂ, ഭൂമിയെ ഞാനുയർത്താം" എന്ന് യവനചിന്തകനായ ആർക്കിമെഡിസ് അവകാശപ്പെടുകയുണ്ടായി. പ്രായോഗികതലത്തിൽ അസംബന്ധമായി തോന്നാവുന്ന ഈ പ്രസ്താവന താത്വികമായി തെളിയിക്കാമെന്നുള്ളതാണ് വാസ്തവം. സത്യമന്വേഷിക്കുന്നവന്റെയും പ്രശ്നം ഇതുതന്നെയാണ്. ലൗകികബന്ധങ്ങളുടെ, സാഹചര്യങ്ങളുടെ, നിബന്ധനകളുടെ, സ്വാധീനങ്ങളുടെ അധീനത്തിൽനിന്നും വിമുക്തമായൊരിടം നിൽക്കാൻ ലഭിച്ചാൽ അവിടെനിന്നും സത്യത്തെ യഥാതഥമായി വീക്ഷിക്കാൻ കഴിയും. എന്നാലിത് പ്രായോഗികമായി അസാദ്ധ്യമാണതാനും. സത്യത്തെ കുറിച്ചുള്ള ധാരണകൾ, സത്യാന്വേഷണമാർഗ്ഗങ്ങൾ, ഇവ എന്നും മാറിക്കൊണ്ടിരിക്കും. എന്നാൽ സത്യാന്വേഷത്വര മനുഷ്യന് നൈസർഗികമാണ്. ഈ അനന്തമായ അന്വേഷണമാണ് സൃഷ്ടിയെ സ്ഥിതിയാക്കി മാറ്റുന്നത്. ഈ അന്വേഷണം എന്നവസാനിക്കുന്നുവോ അന്ന് സ്ഥിതി സംഹാരത്തിനു വിധേയമാകും.

# മൂല്യം ഒരു പാറയല്ല

ഈയടുത്തകാലത്ത് എന്റെയൊരു സുഹൃത്ത് ഓസ്ട്രേലിയാക്കടുത്തുള്ള പാപ്പുവാ—ന്യൂഗിനി എന്നീ ദ്വീപുകൾ സന്ദർശിച്ചു. അവിടത്തെ ഗോത്രങ്ങൾക്കിടയിലെ നിയമസംഹിതകൾ നമ്മുടേതിൽനിന്നും വളരെ വിഭിന്നമാണ്. ഒരാൾ മറ്റൊരാളെ കൊലപ്പെടുത്തിയാൽ കൊലയാളിയേയോ അയാളുടെ കുടുംബത്തിൽപെട്ട മറ്റാരെയെങ്കിലുമോ വധിക്കാൻ കൊല്ലപ്പെട്ടയാളുടെ കുടുംബത്തിൽപെട്ടവരെ നിയമം അനുവദിക്കുന്നു. എന്നാൽ ഓസ്ട്രേലിയൻ ആധിപത്യം നിലവിലുള്ളതുകൊണ്ട് വ്യവസ്ഥാപിതകോടതികൾക്കേ ശിക്ഷിക്കാൻ അധികാരമുള്ളൂ. പലപ്പോഴും യഥാർത്ഥകുറ്റവാളി തെളിവുകളുടെ അഭാവത്തിൽ രക്ഷപ്പെടാറുമുണ്ട്. പാപ്പുവാ—ന്യൂഗിനിയിലെ ആളുകൾക്ക് ഈ "മണ്ടൻ" കോടതി പ്രസ്ഥാനം മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. അവർ സൗകര്യപൂർവ്വം യഥാർത്ഥകുറ്റവാളിയെ കാത്ത് കോടതിയ്ക്കു വെളിയിൽ പതിയിരിക്കുന്നു. കോടതിയിൽനിന്നും ഇറങ്ങിവരുന്ന അയാളെ അവർ കൊലപ്പെടുത്തുന്നു. ഒരേ രാജ്യത്തെ സർക്കാരിന്റേയും അവിടത്തെ ജനതയുടേയും മൂല്യബോധങ്ങളിലുള്ള ഈ വൈരുദ്ധ്യം മൂല്യസനാതനത്വത്തിന്റെ ഗിരിപ്രഭാഷകർക്ക് നല്ലൊരു ചിന്താവിഷയമാണ്.

# മാവോ പറഞ്ഞ കഥ

"പണ്ടൊരിക്കൽ ചൈനയിൽ ഒരു കിഴവൻ കർഷകനുണ്ടായിരുന്നു. അയാളൊരിക്കലൊരു വലിയ പർവ്വതം തൂമ്പകൊണ്ടു വെട്ടിമാറ്റാൻ തീരുമാനിച്ചു. വർഷങ്ങളായി വെയിലും മഞ്ഞും വകവയ്ക്കാതെ അയാൾ പണിയെടുത്തു. ഒടുവിൽ ദൈവം അയാളിൽ കനിഞ്ഞു. അവിടുന്ന് ലോകത്തിലേക്കിറങ്ങി വന്ന് ആ പർവ്വതം മാറ്റിക്കൊടുത്തു. ഇന്ന് ഞങ്ങൾ ചൈനീസ് വിപ്ലവകാരികൾ ഫ്യൂഡലിസം ഇമ്പീരിയലിസം എന്നീ രണ്ടു വലിയ പർവ്വതങ്ങൾ മാറ്റിയെടുക്കുവാൻ പ്രതിജ്ഞചെയ്തിരിക്കയാണ്. ഞങ്ങളുടെ അശക്തങ്ങളായ കൈകൾക്ക് ഇത് ഇന്നോ നാളെയോ ചെയ്തുതീർക്കാൻ കഴിഞ്ഞില്ലെന്നുവരാം. പക്ഷേ ഞങ്ങൾ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നെങ്കിൽ ഒരിക്കൽ ദൈവം ഞങ്ങളിൽകനിഞ്ഞ് ഈ പർവ്വതങ്ങളെ മാറ്റിത്തരും."

മാവോ കഥയിങ്ങനെ അവസാനിപ്പിക്കുന്നു: "ഞങ്ങളുടെ ദൈവം ചൈനീസ് ജനതയല്ലാതെ മറ്റാരാവാനാണ്?!"

# 'ചേ' എന്ന ആവേശം

ക്യൂബയിൽ വളർന്ന് ബൊളീവിയയിൽ മരിച്ച ചേ ഗ്യുവേരയെക്കുറിച്ചു കേട്ടിട്ടില്ലേ?

ക്യൂബൻ ജനവിഭാഗത്തെ അടിമത്തത്തിൽനിന്നു വിമോചിപ്പിക്കുവാനുള്ള സമരത്തിന് നേതൃത്വം കൊടുത്ത 'ചേ' ആ രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിന് അടിസ്ഥാനശിലയൊരുക്കുന്നതിലും കാര്യമായപങ്കുവഹിച്ചു. ഉററ സമരസഖാക്കളെല്ലാം വിപ്ലവാനന്തര ഗവൺമെന്റിന്റെ താരതമ്യേന വെല്ലുവിളികൾ കുറഞ്ഞ ഉള്ളറകളിലേക്ക് തിരിഞ്ഞപ്പോൾ ചേഗ്യുവേരയെന്ന ദീർഘദർശി തന്റെ ആദർശവുമായി, വിപ്ലവാവേശവുമായി, മർദ്ദിത ജനവിഭാഗങ്ങളുടെയിടയിലേക്ക് ഇറങ്ങിത്തിരിച്ചു. ഇത്തരം ത്യാഗസന്നദ്ധത വിരളമായേ ലോകം ദർശിച്ചിട്ടുള്ളൂ. ഗ്യുവേരയുടെ ആത്മാർത്ഥത ആ മനുഷ്യനെ ദുർഘടവും വെല്ലുവിളികൾ നിറഞ്ഞതുമായ പുതിയ ലോകങ്ങളിലെത്തിച്ചു. ഒടുവിലത്തേതിൽ "വിശ്വാസത്തിനായി" സ്വന്തം ജീവൻ കൊടുത്തു.

എവിടെയെല്ലാം മർദ്ദിതജനത സമരം ചെയ്യുന്നോ അവിടെയെല്ലാം അവരുടെ സമരങ്ങളിലൂടെ ചേഗ്യുവേര ജീവിക്കുന്നു.

ഇതേ ആശയം അമേരിക്കൻ ഗായിക ജോൻ ബയിസ് അമേരിക്കൻ തൊഴിലാളി പ്രസ്ഥാ...

ന്നത്തിന്റെ പ്രചോദനമായ ജോഹില്ലിനെക്കുറിച്ചു പാടുന്നു. സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട ജോഹില്ലിനോട് ജോ ആൻ ബയിസ് പറഞ്ഞു "ജോ, നിങ്ങൾ മരിച്ചിട്ട് വർഷങ്ങളായി." "ഇല്ല. ഞാനൊരിക്കലും മരിക്കില്ല. എവിടെയെല്ലാം തൊഴിലാളികൾ അവകാശങ്ങൾക്കായി സമരം ചെയ്യുന്നുവോ അവിടെയെല്ലാം ഞാൻ ജീവിക്കുന്നു" ജോഹിൽ പറഞ്ഞു.

## പ്രായത്തിനു് ഭാഷയുണ്ട്.

മൂന്നുവർഷങ്ങൾക്കുമുൻപ് ടോക്കിയോവിൽവച്ചു നടന്ന "വികസനത്തെ"ക്കുറിച്ചുള്ള ഒരു സെമിനാറിൽ സംബന്ധിക്കുവാൻ എനിക്കവസരമുണ്ടായി. സെമിനാറിന്റെ ഔദ്യോഗിക രേഖകളുമായി അഭിപ്രായവ്യത്യാസമുണ്ടായിരുന്ന ഞങ്ങൾ പതിനൊന്നു യുവപ്രതിനിധികൾകൂടി ഒരു എതിർരേഖയുണ്ടാക്കി. "ഈ രേഖയാതൊരു കാരണവശാലും അച്ചടിച്ചുകൊടുക്കരുതു്" എന്ന് സെമിനാർ ഭാരവാഹികളിൽനിന്നും നിർദ്ദേശം ഉണ്ടായിരുന്നിട്ടും അച്ചടിശാലയിൽ പ്രവർത്തിച്ചിരുന്ന രണ്ടു ജാപ്പനീസ് വിദ്യാർത്ഥിനികൾ ഞങ്ങൾക്കതു് അച്ചടിച്ചുതന്നു. ഇതിന്റെ പേരിൽ അവർ വളരെയധികം ശാസിക്കപ്പെട്ടുവെന്നും അവരിൽനിന്നും ഒരു സംഖ്യ 'ഫൈൻ' ആയി ഈടാക്കപ്പെട്ടുവെന്നും അറിഞ്ഞ് പിറ്റേന്നു രാവിലെ ഞങ്ങൾ രണ്ടുപേർകൂടി അവക്കാ സംഖ്യ തിരിച്ചുകൊടുക്കുന്നതിനായി ചെന്നു. ഞങ്ങളിൽ നിന്നാ പണം നിരസിച്ചുകൊണ്ട് മുറി ഇംഗ്ലീഷിൽ ആ ജാപ്പനീസ് പെൺകുട്ടികൾ പറഞ്ഞ വാചകം ഞാനൊരിക്കലും മറക്കില്ല. "You young. We young. We stand together."

## നിഷ്കളങ്കയായ കൂട്ടുകാരിയോടൊത്ത്

ഒരമേരിക്കക്കാരി പെൺകുട്ടി—സൗകര്യത്തിനുവേണ്ടി മാർഗററ്റെന്നു വിളിക്കാം. ഇന്ത്യയിലെ വൻനഗരങ്ങളിലൊന്നിൽ ഒരേ ഹോട്ടലിൽ താമസിക്കാനും തമ്മിൽ പരിചയപ്പെടാനും ഞങ്ങൾക്കിടയായി. ഒരു വൈകുന്നേരം ഹിന്ദി ഒട്ടും അറിഞ്ഞുകൂടാത്ത മാർഗററ്റും അല്പംമാത്രം ഹിന്ദി അറിയുന്ന ഞാനും ആ വടക്കേ ഇന്ത്യൻനഗരം ചുറ്റിനടന്നു കാണാനിറങ്ങി. തുടക്കം മുതലേ ഞാനൊന്നു ശ്രദ്ധിച്ചു. മാർഗററ്റിനെ നയിക്കുന്ന ആവേശം പുതിയ അനുഭവങ്ങൾ നേടുകയെന്നതാണ്. അതൊരന്ധമായ ആവേശമായിരുന്നുതാനും. വഴിയിൽക്കാണുന്നവരോടെല്ലാം അവർ ഒരു വാക്കെങ്കിലും സംസാരിക്കും. മാർഗററ്റ് ഇന്ത്യയെ തൊട്ടുനോക്കാൻ ശ്രമിക്കുകയായിരുന്നു.

നടന്നു നടന്ന്, ആരോഗ്യവാനെന്നു സ്വയം അഭിമാനിച്ചിരുന്ന ഞാൻ തളർന്നു. ഹോട്ടലിൽ തിരികെയെത്തിയശേഷം, മുറ്റത്തുള്ള പുൽപ്പുറപ്പിലിരുന്ന് വളരെ വൈകുന്നതുവരെ ഞങ്ങൾ ഞങ്ങളെക്കുറിച്ചു സംസാരിച്ചു.

മാർഗററ്റ് അമേരിക്കൻ വിദ്യാർത്ഥി പ്രസ്ഥാനത്തിലെയൊരു സജീവാംഗമായിരുന്നു. വിയറ്റ്നാമിലെ അമേരിക്കൻ ആക്രമണത്തിനെതിരെയും കറുത്തവർഗ്ഗക്കാരുടെ അവകാശങ്ങൾക്കുവേണ്ടിയും സമരം ചെയ്തിട്ടുള്ള ഈ പെൺകുട്ടി പല പ്രാവശ്യം അറസ്റ്റു വരിച്ചിട്ടുണ്ട്. പതിനഞ്ചാമത്തെ വയസ്സിൽ കന്യകാത്വം നഷ്ടപ്പെട്ടു (കന്യകാത്വം നഷ്ടപ്പെട്ടെന്നല്ല, 'മാതൃത്വംനേടി' എന്നാണ് അഭിമാനത്തോടെ അവൾ പറഞ്ഞതു്.) പതിനേഴാമത്തെ വയസ്സിൽ വിവാഹിതയായി. ഇരുപതാമത്തെ വയസ്സിൽ വിവാഹമോചനംനേടി. അതേവർഷം വീണ്ടും വിവാഹിതയായി ഇപ്പോൾ വീണ്ടും വിവാഹമോചനത്തിലാണ്. ലൈംഗികബന്ധങ്ങളെയും മററു പല മൂല്യങ്ങളെയും കുറിച്ച് തികഞ്ഞ ലാഘവ ബുദ്ധിയോടെയാണവൾ സംസാരിക്കുന്നതെന്നു തോന്നിയപ്പോൾ ഞാൻ ചോദിച്ചു "ലൈംഗികബന്ധത്തിന് ഒരു പ്രത്യേക ശാരീരികാനുഭവം എന്ന വിലയേ നിങ്ങൾ കല്പിച്ചിട്ടുള്ളോ? ഒരാളെ കൊല്ലുന്നതും ഒരനുഭവമല്ലേ? അതും നിങ്ങളീ ലാഘവത്തോടെ ചെയ്യുന്നിരിക്കുമോ?"

മാർഗററ്റിന്റെ കണ്ണുകൾ തിളങ്ങി. ഉറച്ച ശബ്ദത്തിൽ അവൾ വിളിച്ചു പറഞ്ഞു—"നീതിക്കുവേണ്ടി കൊല്ലേണ്ടിവന്നാൽ ഞാൻ കൊല്ലും. ആത്മാർത്ഥമായ സ്നേഹവും പരസ്പരധാരണയും അടിസ്ഥാനമായുണ്ടെങ്കിൽ ഞാനാരുമായും ലൈംഗികബന്ധത്തിലേർപ്പെടും. അതു തെററാണെന്ന് അംഗീകരിക്കാൻ ഞാൻ തയ്യാറില്ല."

മറെറാരു സംസ്ക്കാരത്തിന്റെ സന്തതിയായ മാർഗററിനെയും അവളുടെ അഭിനിവേശങ്ങളെയും ആശയങ്ങളെയും എനിക്കൊരിക്കലും പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിഞ്ഞെന്നുവരില്ല. പക്ഷേ ഒന്നെനിക്കറിയാം. തെററുകളെന്നു നാം പലതും കരുതുന്ന പലതും ഒരാളുടെ കളങ്കത്തെ അളക്കാൻ ഉപകരിക്കില്ല. മാർഗററ്റ് നിഷ്കളങ്കയല്ലെങ്കിൽ പിന്നെ എനിക്കറിയാവുന്ന — ഞാനുൾപ്പെടെയുള്ള — ആരും നിഷ്കളങ്കരല്ല. അതുതീർച്ച.

# CULTURAL ROT

VENUGOPALAN. T.

- those unthatched huts are still there
- what is rotten?
- divertion from the fundamental questions
- the solution
- suicidal hopelessness or force?

On the 15th August 1972 India completed 25 years of independence. Those have indeed been years of commendable achievements for the nation in many fields. Figures abundantly quoted in the press before and after the jubilee celebrations testify to it. And yet these figures are only one side of the picture. The development process in India has not yet become a mass movement. Villages which form the back bone of the country still continue to suffer from all kinds of miseries. Conditions of the people, living in the slum areas in cities do not give us a happy thought. The unthatched and dilapidated huts which the late Mr. Roger Hocks saw in and around U. C. College in 1928 can be seen even today, perhaps numerically in a larger number. The foreign rule came to an end and national leaders were entrusted to steer the ship of the state. The nation c o m p l e t e d 25 years of independence. Still the suffering of the masses continue with the same, if not with a little deeper intensity.

Now, what stands in the way of our development process becoming a mass movement? Is it the bureaucratic set up of our administration? May be, to a great extent; but that is not all. There is something rotten in our cultural heritage and it is that "something" that has in fact withstood our progess to material advancement.

A critical study of the values and manners of Indian culture will lead us to the conclusion that in this culture neither conflict nor change is of any value. The social situation of the individual is not a matter of any serious concern.

In the system of education and social and economic structures of the country we can see an incompatable feature between practical needs and theoretical knowledge. There have been social reformers at various periods who voiced against this disastrous feature in Indian culture but their attempts to reform the society have always been voices in the wilderliness. The so called spokesmen of ancient Indian cultural heritage were keen to striffle such ancipient revolutions. When this was beyond their power they resorted to a clever and malicious programme of annihilation from within.

The works of social reformers from the Buddha in the 1st century B.C. to Dr. Ambedkar in the first half of the 20th century were in this way undone by the whippersnappers of our cultural heritage.

To understand this unique phenomenon of Indian culture we need not delve deep into the panorama of India's past. Illustrations can be had in and around us in plenty.

What about the influence of caste structure in Indian society? It is said we are living in the modern world when man's footprints have even reached the moon. But are we mentally equipped to live in the modern world where science has so much advanced? Indeed, not. Let us hear what the foreigners, who need not necessarily keep any prejudice in the matter, have to say on the influence of caste system on Indian life.

Dr. Hamendorf, professor of Asian Anthropology at university of London says, "It is now being realised that the measures designed to bring about equalities and give the scheduled and other backward classes a chance of raising their social and economic status tend to perpetuate the caste system, the ill effects of which they try to combat.

Mr. L. P. Patterson, in the Annual Report of the Economic Weekly (1958) says, " It must be emphasised that a high level of western education, considerable contact with westerners and much travel abroad do not automatically imply a permissive liberal attitude towards marriage, diet, caste and social customs. Among

the highly educated persons of all castes whom I meet in Maharashtra many of those who were imbued with western ideas did not allow such intellectual westernisation to change their personal mode of living."

Extracts from census reports and other statistical records, books written by eminent persons on this subject are available to substantiate this view.

The people of Kerala are very keen to see the statue of Kumaranasan erected at various places, stamps issued in his memory and seminars conducted about his poems but never to give practical application to the society he visualised in his poems. We are keen to get entrance granted to temples wearing shirts but not so keen to get obscene songs prohibited from temple demonstrations. We are inspired to protest on the holy cow, not the denial of dignity of human life to millions, the change in timings of the Hindi news bulletin of A. I. R, not the torture of Harijan orphans in the villages, the ownership of Kachchathives, the worthless little dot in the Indian ocean not the black marketing or the merciless hoarding of greedy merchants.

The structures, the Indian society has built and jealously maintained - religious, social economic and political - direct man's mind from fundamental questions. The slow speed of material growth we experienced during these twenty five years is the best example to illustrate this idea. The most distressing aspect of our national life is the readiness of the many, especially among the educated, to accept this state of affairs and take it almost for granted.

Has India a solution? It is difficult to answer this question in the light of our experiences. Only two things seem to be possible. Either conditions will be created soon when one man will turn against his own self in suicidal hopelessness or if any thing should change it will change only by force. The acceptance of either of these has become indispensable for the masses in India if they want to be a part of humanity.

★

HINDUSTAN INSECTICIDES LIMITED

*(A Government of India Enterprise)*

**Regd. Office : New Delhi**

We manufacture

— TECHNICAL DDT
— MONOCHLOROBENZENE
— FORMULATED DDT
— ORTHO DCR
— PARA DCB
— CHLORAL

And now BHC

a wide-spectrum insecticide

for use against

Aphids, Stemborer Worms, Beetless and Grasshoppers

in the cultivation of

Paddy, tobacco, potato, vegetables etc.

*Factories:*

NEW DELHI & UDYOGAMANDAL, Kerala.

# ഹോമകുണ്ഡം

പി. എ. ആൻറണി

ചന്ദ്രബിംബത്തിൻെറ കറുത്തഭാഗം ഗുരു വിരൽകൊണ്ടു സ്പർശിച്ചു. ചന്ദ്രബിംബം ഇരുണ്ടു. വിരയൽകൊണ്ടു. ഗുരുകടക്കണ്ണാൽ ശിഷ്യനെ നോക്കി. ശിഷ്യൻ ചാർമീനാറിനു സംശയമുയർന്നു. 'അതെന്താ അങ്ങിനെ'? ഹോമത്തിൻെറ ശക്തി-ശിഷ്യാ...

'ഓം'കാരവും സിനിമാപ്പാട്ടും ക്ഷേത്രത്തിലെ ഉച്ചഭാഷിണി മുഴക്കി. മെഴുകുതിരിവെളിച്ചത്തിൽ ദേവാലയത്തിലെ അന്ധരായ പകൽ ദൈവങ്ങൾ തങ്ങളുടെ സൃഷ്ടികണ്ടു. ബധിരനായ അല്ലാഹുവെ ഉച്ചഭാഷിണിയിലൂടെ കൂകിവിളിച്ചു.

പകൽ എന്ന ആഭിസാരിക രാത്രിയുടെ കറുത്ത സാരി അഴിച്ച് കരയിൽവച്ച്, നഗ്നയായി സമുദ്രത്തിൻെറ മാറിൽ നീരാട്ടിനിറങ്ങി.

നട തുറന്നു. വിശ്രമാലയം തുറന്നു. കാളിംഗ് ബെൽ അമർത്തി. സ്വിച്ച്ഓൺ ചെയ്തു. പ്രകാശത്തിൻെറ ധവളിമയിൽ ഭിത്തിയിലെ ചിത്രങ്ങൾ ശോഭിച്ചു.

ഉർവ്വശി, മേനക, രംഭ, തിലോത്തമ—നാലും ഒന്നാംതരം നാടൻ. പൂർണ്ണനഗ്നകളും.

സമയം വൈകിട്ട് ഏഴര കഴിഞ്ഞിരിക്കുന്നു. ഹോമത്തിനുള്ള മുഹൂർത്തം എത്തിക്കഴിഞ്ഞു.

ഗുരു 'മാച്ച്സ്സ്' കൈ ഉയർത്തി വരംനല്കി.

മുഹൂർത്തസമയം അടുത്തു. ഹോമകുണ്ഡം ആഷ്ട്രേയിൽ ഒരുക്കി.

നാൽക്കാലികളിൽ ഇരുക്കാലി ശിഷ്യർ വട്ടമിട്ടിരുന്നു. ടെറീക്കോട്ടൻ മരവുരി മുകളിലേയ്ക്കു ചുരുട്ടിക്കയററി.

ഗുരുമാച്ച്സ്സ് ഗിററാറിൻെറ പുരുഷശബ്ദം മുഴക്കി ശ്രുതിമീട്ടി. ശിഷ്യർ പെൺശബ്ദംമീട്ടി. ഹോമകുണ്ഡത്തിൽ നെട്ടോട്ടക്കുടിയ പുകയുന്ന പുഷ്പങ്ങൾ ഹോമിച്ചു.

താളക്കൊഴുപ്പുകൂടി. വർണ്ണങ്ങൾ മാറി മാറി പ്രകാശിച്ചു. നാടൻ ഉർവ്വശീമേനകമാർ താളത്തിനൊപ്പം മദോന്മത്തരായി, നഗ്നരായി നൃത്തംവെച്ചു. നൃത്തത്തിനൊപ്പം മഹാമേരുപർവ്വതം ആഞ്ഞുലഞ്ഞു. ഹോമാഗ്നിയുടെ ചൂടേററ് അരക്കെട്ടിലൂടെ വിയർപ്പുതുള്ളികൾ ഊർന്നിറങ്ങി.

'ഞാനത്രെ നീ...നീയത്രെഞാൻ'

അഹംഎന്ന ഭാവംമാറി.

സപ്തർഷികൾ എത്തിയോ? സന്തോഷാശ്രുക്കൾ പൊഴിച്ചുവോ?—നരച്ചു പൊട്ടുന്നചിരി.

'ഇവിടമാണ്—'മദ്യ'ത്ത—വിദ്യാലയം'

നാം എല്ലാം ഒന്നിച്ചു.

കാമം, ക്രോധം, ലോഭം, മോഹം മദമാത്സര്യം സർവ്വാന്തഃസ്ഥം—ശിഷ്യർമന്ത്രംഉരുവിട്ടു.

മദ്യം സുന്ദരം, ശബ്ദാസച്ചിദാനന്ദം, ധനം ശാന്തിദം, പെണ്ണ് സർവ്വാൽകൃഷ്ടം, സാർവ്വന്തഃസ്ഥം—ശിഷ്യർ മന്ത്രം ഉരുവിട്ടു.

'ഹേമ'കൂടപർവ്വതത്തിൻെറകുഗ്ഗാണ്ഡസ്ഥനം—ശിവതാണ്ഡവം തുടങ്ങി. വികാരമൂർച്ഛനൃത്തിൽ പാർവ്വതി ശിവൻെറ കഴുത്തിൽ അമർത്തിചുംബിച്ചു. അഷ്ടദിക്കുകൾ അസൂയാലുക്കളായി നോക്കിനില്ക്കേ—പാർവ്വതിയുടെ ഒരു പല്ലിൻെറനിറം 'നീല'—ശിഷ്യൻ നോക്കിക്കണ്ടു.

നാം ഇപ്പോൾ ഏതുമാർഗ്ഗത്തിലാകുന്നു? സുഷുമ്നാ കാണ്ഡത്തിൽ ഷഡാധാരംകഴിഞ്ഞിരിക്കുന്നു ശിഷ്യാ.

ഗുരോ ഇപ്പോൾ

ഇടതുന്ന കറുത്തമേഘമാർഗ്ഗം; പ്രകാശമാനമായ താരാപഥം, ചന്ദ്രമണ്ഡലം.

ചന്ദ്രമണ്ഡലം രണ്ടെണ്ണം കാണുന്നുണ്ടല്ലോ? 'ഉം', ഗുരു മൂളി. ചന്ദ്രബിംബത്തിൻെറ കറുത്തഭാഗം ഗുരുവിരൽകൊണ്ടു സ്പർശിച്ചു. ചന്ദ്രബിംബംഇരുണ്ടു. വിരയൽകൊണ്ടു. ഗുരുകടക്കണ്ണാൽ ശിഷ്യനെ നോക്കി. ശിഷ്യൻ ചാർമീനാറിനു സംശയമുയർന്നു. 'അതെന്താ അങ്ങിനെ'? ഹോമത്തിൻെറ ശക്തി—ശിഷ്യാ...

ഇപ്പോൾ നാം എവിടെയാണ് ഗുരോ?

സൂര്യമണ്ഡലത്തിൽ—ചന്ദ്രബിംബങ്ങൾക്കും ഗന്ധർവ്വന്മാർ നീരാടുന്ന നീലത്തടാകത്തിനും മദ്ധ്യേ.

ബ്രഹ്മർഷിമാരുടെ തപോലോകം കഴിഞ്ഞിരിക്കുന്നു.

ബ്രഹ്മാവിൻെറ സത്യലോകത്തിലേയ്ക്കു പ്രവേശിച്ചു. ഗുരു ഒന്നിരുത്തി മൂളി ..

ത്രിശങ്കുസ്വർഗ്ഗം.

വിഷ്ണുലോകത്തിലേയ്ക്കുള്ള രഥംപോയിക്കഴിഞ്ഞു ശിഷ്യാ...

ശിഷ്യാ

ശ്വാസംമുട്ടുന്നു. സർവ്വത്രഇരുട്ട്.

മുക്തിമാർഗ്ഗം ശിഷ്യാ—ആന്തര ജ്യോതിസ്സ്—സാക്ഷാൽ ബ്രഹ്മാനന്ദം...

എൻ്റെ നെൽപ്പാടങ്ങൾ...
എൻ്റെ കാരണവന്മാരുടെ നെൽപ്പാടങ്ങൾ...
എൻ്റെ തറവാടിൻ്റെ നെൽപ്പാടങ്ങൾ.
കാരണവർ പറയാൻശ്രമിച്ചു. വിഫലമായ ശ്രമം. വാക്കുകൾ പുറത്തുവരാൻ പരദേവത അനുവദിച്ചില്ല.

സന്ധ്യയിലേയ്ക്കുമയങ്ങിവീഴുന്നഅന്തരീക്ഷം.

പകലിൻ്റെവെളുപ്പ്നേർത്ത്ചെമപ്പായി... കറുപ്പായി...അന്തരീക്ഷത്തിൽപടരുന്നു.

പകലിനുംവെളുപ്പിനുംഭൗതികമാററങ്ങൾ.

ലോകത്തിനാകെമാററം.

സന്ധ്യയുടെ ഇരുണ്ട പുകപടലങ്ങളെത്തുളച്ചു കടന്നു വരുന്ന ചെമന്നരശ്മികൾ പടർന്നുപിടിച്ച വലിയമേലങ്ങത്തു തറവാട്, ഇവിടെ മാററങ്ങളറിയാതെ......മാററങ്ങളിൽനിന്നകന്നുമാറി സ്ഥിതി ചെയ്തു.

ഉമ്മറത്ത് കാലൊടിഞ്ഞ ചാരുകസേരയിൽ പോക്കുവെയിലിൻ്റെ ക്ഷീണഭാവത്തെ നോക്കിക്കൊണ്ട്, കഴിഞ്ഞുപോയകാലത്തെ പ്രതാപങ്ങളെ അയവിറക്കിക്കൊണ്ട് കിടക്കുന്ന കേശവൻനായർ എന്ന കാരണവർ.

വർഷങ്ങൾക്കുമുമ്പ് മന്ത്രിസത്തമൻ തങ്കനായർ എന്ന ധീരൻ്റെ ജീവനും ആത്മാവും ഈ ചാരുകസേരയെ ജീവിപ്പിച്ചിരുന്നു...രാജ്യഭരണത്തെ ജീവിപ്പിച്ചിരുന്നു...പ്രജകളെ ജീവിപ്പിച്ചിരുന്നു.

കൊല്ലിനും കൊലയ്ക്കുമുള്ള അധികാരം വിനിയോഗിച്ച വല്യകാരണവർ...

അന്ന് ഈ ചാരുകസേര സിംഹാസനമായിരുന്നു. സിംഹാസനത്തിൽ ഇരുന്നിരുന്നത് സിംഹമായിരുന്നു. പട്ടുതുണികളിൽക്കുളിച്ച സിംഹാസനം തിളങ്ങിയിരുന്നു.

ഇന്ന്, മന്ത്രിസത്തമൻ തങ്കനായർ എന്ന കാരണവരുടേയും, കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടായിരുന്ന വല്യകാരണവരുടേയും ആത്മാക്കളേറ്റുകൊണ്ട ചാരുകസേര എന്ന സിംഹാസനത്തിൻ്റെ കാലുകൾ ഒടിഞ്ഞു. പൊടിപിടിച്ചു. ചിതൽപ്പുറ്റുകൾ തേഞ്ഞുമാഞ്ഞു. മുഷിഞ്ഞ തുണികൾകീറി.

മന്ത്രിസത്തമൻ രാജ്യഭരണംനടത്തിയ അതേ സിംഹാസനത്തിലിരുന്നുകൊണ്ട്, ഇവിടെ, ഒരു തറവാട് ഭരിക്കാനാവാതെ കേശവൻനായർ എന്ന കാരണവർ വിഷമിച്ചു.

വലിയ പൊടിപടലം. പൊടിപടലത്തിൻ്റെ അവ്യക്തതയിൽ, കുളമ്പടി ശബ്ദത്തിൻ്റെ താളത്തിനനുസരിച്ച് കുതിച്ചുവരുന്ന വെള്ളക്കുതിരകൾ... അതിനുപുറത്ത്, കസവുമുണ്ടും തലപ്പാവും ധരിച്ച തങ്കനായർ എന്ന മന്ത്രിസത്തമൻ...തങ്കനായർ എന്ന കാരണവർ...തങ്കനായർ എന്ന ..

# ഭീഷ്മപർവ്വം

ശ്രീകുമാർ ഇ. പി.

കേശവൻനായരുടെ കണ്ണുകളിൽ ഭൂതത്തിൻ്റെ സ്വപ്നം.

കേശവൻനായരുടെ മനസ്സ് ഭൂതത്തിൻ്റെ ലോകത്തിൽ.

പരന്നുകിടക്കുന്ന വിശാലമായഭൂമി. കണ്ണെത്താത്തദൂരം. നിറഞ്ഞുനിൽക്കുന്നനെല്ലുതിരുകൾ... പാടങ്ങൾ...പാടങ്ങളിൽപണി ചെയ്യുന്ന പുലയന്മാർ...പൂനെല്ലിൻ്റെ പരിമളം...അകലെ കസവുമുണ്ടും ഉത്തരീയവും ധരിച്ചകാരണവർ. പിറകിൽനിന്ന് ഭൃത്യൻ ഓലക്കുടചൂടിച്ചു. താമ്പാളവും കിണ്ടിവെള്ളവും താങ്ങിയശിങ്കിടികൾ...അകലെ ഓഛാനിച്ചു നില്ക്കുന്ന പണിക്കപ്പൻ...

എല്ലാം കൺമുന്നിലെ വെള്ളിത്തിരയിലൂടെ ഓടിമറയുമ്പോൾ...

തിരശ്ശീലവീഴുന്നു.

ഇവിടെ വർത്തമാനത്തിൻ്റെകയ്പ്.

ഹൃദയത്തിൽവേദന.

അവശേഷിക്കുന്നത്സ്വപ്നംമാത്രം.

ദിവസങ്ങൾതോറും ഏറിവരുന്ന വർത്തമാനത്തിൻ്റെ കയ്പ്...വർത്തമാനമെന്നകയ്പ്...കയ്പെന്ന ഇരുട്ട്...ഇരുളിൽ പടലങ്ങൾ...ആ ഇരുളിൻ പടലങ്ങൾ അന്ധനാക്കുന്ന കേശവൻനായർ എന്ന കാരണവർ...ആ അന്ധകാരത്തിൽ അലഞ്ഞുതിരിയുന്ന തറവാട്ടംഗങ്ങൾ...ആ അന്ധകാരത്തിൽ വട്ടംകറങ്ങുന്ന മേലങ്ങത്ത് തറവാട്...

ദിവസങ്ങൾ കറങ്ങി. ആ വലയത്തിൽ പുതിയ അനുഭവസമ്പത്തുനേടിയ കേശവൻനായർക്ക് ചവർപ്പിൻ്റെ രുചി. ആ ചവർപ്പിൽ മുങ്ങിപ്പോയ പ്രാർത്ഥന തൊണ്ടക്കുഴിയിലേയ്ക്ക് “എൻ്റെ പരദേവതേ...എന്നെ വേഗമങ്ങോട്ടെടുത്തേക്കണേ...”

പരദേവത നെൽപ്പാടങ്ങളിൽകറങ്ങി. അവസാനം വയലിൽ പണിയെടുക്കുന്ന ചാത്തൻപുലയനായി.

പരദേവത ചാത്തൻപുലയനായിരുന്നു.

ചാത്തൻപുലയൻ പരദേവതയായിരുന്നു.

ആ മാററം ഇവിടെ ആരംഭിക്കുന്നു.

“നോ ചാത്താ നീയീപ്പറഞ്ഞത്?...ങും...! ഇന്നാലയും തൊടങ്ങീതല്ലല്ലോള്...മുപ്പത്തിരണ്ട് വർഷായില്ലേ നീവ്ട്ടെത്തെ തലമൂപ്പനായ്ട്ട്...ന്വരെ നെല്ല് തറവാട്ടിലെത്തിക്കാതിരുന്ന്ട്ട്ണ്ടോ? പിന്നെ ഇപ്പോ...?”

"അത്...പിന്നെ...തമ്പ്രാ...അടിയനത് കൃതിണ്ടെങ്കിലും അടിയന്റെ പുള്ളാരിങ്ങള്...അവര് സമ്മതിക്കണില്ല..."

"അതൊന്നും പറഞ്ഞാൽ പററില്ല ചാത്താ...ഒരു പറനെല്ല് ഉടനേവേണം. ഒരുമണിനെല്ലിവിടില്ല..."

"തമ്പ്രാ...അത്..."

"എന്ത്...?നെല്ല് തരില്ലേ...?"

"തമ്പ്രാ...പുള്ളേരും യൂണിയൻകാരും പറേണത് കൃശിപൂമി കർശകനെന്നാ..."

ചുഴലി.

ചുഴലിസൃഷ്ടിച്ച ചുഴി.

ചുഴലിയിൽപ്പെട്ട മേലങ്ങത്തുകേശവൻ നായർ..., കറങ്ങി...തിരഞ്ഞു...അവസാനം ലയിച്ചുപോയി...

കയ്പെന്നഇരുട്ട്.

ചവർപ്പെന്നകറുപ്പ്.

അവയിൽനിന്നും ഓടിയകലാൻ ശ്രമിക്കുന്ന കാരണവർ.

വീണ്ടും ഭൂതത്തിന്റെ സ്വപ്നം.

ഇവിടെ പ്രകാശം.

പ്രകാശമെന്നവെളുപ്പ്

പ്രകാശംപതിയുന്ന വലിയ നാലുകെട്ടുമാളിക. മുററത്തു കുന്നുപോലെ കൂട്ടിയിട്ടിരിക്കുന്ന നെല്ല്. മെതിയ്ക്കുവാനും കുത്തുവാനും നൂറുകണക്കിനു ജോലിക്കാർ. അവരുടെയിടയിൽ വെള്ളികെട്ടിച്ച ചൂരലുമായി കറങ്ങുന്ന വല്യകാരണവർ...ചുററിലും സേവകന്മാരും ശിങ്കിടികളും സേവക്കാരും...

കയ്യാല...പടിപ്പുര...എട്ടുമുറിത്തൊഴുത്ത്...പത്തായപ്പുര...കാളപ്പുര...ആമാടക്കുളം...ഭഗവതിമണ്ഡപം...

ചെമ്പുളുട്ടുകൾക്കും അരിക്കാടിയ്ക്കുമായി ഓച്ഛാനിച്ചുനില്ക്കുന്ന പിച്ചക്കാർ...

പ്രകാശംമങ്ങി. വെളിച്ചത്തിന്റെ കണങ്ങൾ നുറുങ്ങി...ബിന്ദുവായി...പൊട്ടായി...അന്തരീക്ഷത്തിൽ അലിഞ്ഞു..., ചക്രവാളത്തിന്റെ അനന്തതയിൽപ്പോയി അസ്തമിച്ചു.

ഇരുട്ടെന്ന കറുപ്പു വീണ്ടും.

നാലുകെട്ടിൽ സ്ത്രീശാപം.

രോദനങ്ങൾ...പരാതികൾ...

"അമ്മേ...നിക്ക് പുസ്തകംവാങ്ങാൻകാശ്..."

"വെശപ്പുമാറീലുചേച്ചീ...കൊറച്ചുകൂടിചോറ്..."

"വെശപ്പുമാറീല്ലെങ്കിലേ...ദേമ്പറത്ത് വല്യമ്മാമ്മി തപ്പുണ്ട്. പോയിപാ ചോറുതരാൻ..."

"അമ്മായീ...രമേശൻ ഇന്നലെ സ്കൂളിലെ ഒരു കുട്ടീടെ ചോറ് കട്ടണ്ട്..."

"എനിക്ക് വെശന്നിട്ടാമ്മേ..."

"അതൊരു മാപ്പക്കുട്ടീട്യാ..."

രോദനങ്ങളിൽക്കുളിച്ച അന്തരീക്ഷം.

"എന്റെ സാരികീറി..."

"എനിക്കുമുണ്ടില്ല..."

നിലയ്ക്കാത്ത ആവശ്യങ്ങൾക്കുള്ളിൽ...പരാതികൾക്കുള്ളിൽ...അപേക്ഷകൾക്കും രോദനങ്ങൾക്കും നടുവിൽ, കേശവൻ നായർ എന്ന മേലങ്ങത്തുതറവാട്ടിലെ കാരണവർ ചക്രമായി നിന്നുകറങ്ങി.

വീണ്ടും കടന്നുപോകുന്ന ദിവസങ്ങൾ...ദിവസങ്ങളിൽ വീർപ്പുമുട്ടുന്ന മേലങ്ങത്തുതറവാട്.

വിളിച്ചിട്ടുംപരദേവതവന്നില്ല.

ചാത്തൻപുലയൻവന്നില്ല.

വെളിച്ചംകേറാത്ത അടുക്കളപ്പുരയ്ക്കുള്ളിൽനിന്നും പരാതികളുടെ ശൃംഖലകളുമായികടന്നു വരുന്ന കാരണവപത്നി.

"നെല്ലില്ല..."

"നെല്ലില്ലെങ്കിൽ ഞാനെന്തോവേണം? ചാത്തൻ നെല്ല് തരത്തില്ലെന്നാ പറഞ്ഞ്."

"വേണ്ടാ...പട്ടിണികിടക്കാം..."

"ഉള്ളതുകൊണ്ട് നിങ്ങളൊക്കെ കഴിച്ചോ. എനിക്ക് വേണ്ട."

"ഉള്ളത് എന്തിരിക്കുന്നു? ഇന്നീ തറവാട്ടില് തീപൂട്ടീട്ടില്ല. എന്റെ കാര്യം ആരറിയുന്നു! രണ്ടുദിവസമായി ഭക്ഷണംകഴിച്ചിട്ട്...വയ്ക്കുന്നത് പിള്ളേർക്ക തന്നെ മതിയാകുന്നില്ല..."

കണ്ണുകളിൽ നിറഞ്ഞകണ്ണുനീർ. വിശപ്പിന്റെ കണ്ണുനീർ. അത് മേലങ്ങത്തുതറവാടിന്റെ പൂമുഖത്തുവീണു.

സിംഹാസനംഞെട്ടി.

മന്ത്രിസത്തമന്റേയും വല്യകാരണവരുടേയും ആത്മാക്കൾ പിടഞ്ഞെഴുന്നേററു.

അന്ധകാരം.

ഈ അന്ധകാരത്തിൽ പ്രകാശം വീഴ്ത്താൻ ഒരാൾക്കേ കഴിയൂ...

പരദേവതയ്ക്ക്.

കേശവൻനായരുടെ മനസ്സിൽ പരദേവത.

ദിവസങ്ങളുടെ ചിറകടിയിൽ നെൽപ്പാടങ്ങളുടെ മാറുന്ന ഭാവങ്ങൾ...രൂപങ്ങൾ...

കൊയ്ത്തുകഴിഞ്ഞ പാടങ്ങൾ...അവയിൽനിന്ന് കിളികൾ കൊക്കുനിറയെ നെൻമണികൾ കൊത്തിക്കൊണ്ടുപോയി.

അപ്പോൾ മേലങ്ങത്ത് കേശവൻനായർ എന്ന ആയിരം പറനിലത്തിനുടമ പട്ടിണികിടക്കുന്നു.

വീണ്ടും പൊലിയുന്ന ദിവസങ്ങളിൽനിന്ന്,

"അമ്മേ...ദേ...വല്യമ്മാൻപോണ..."

"ചേട്ടാ എവിടെപോണു...?"

"അമ്മാവാ ഇങ്ങട്ട് വരൂ..."

"പോയാൽ എവിടെവരെ പോവും?"

ദിവസങ്ങളുടെ ആഗമനത്തിൽ ഹൃദയത്തിൽ മുളച്ച ഇരുട്ട് വളർന്നു...വികസിച്ചു. എങ്ങും നിറഞ്ഞ ഇരുളിന്റെ പടലങ്ങളിൽ തപ്പിത്തടയുന്ന കാരണവർ കേശവൻനായർ. ചുററിലും രൂപങ്ങൾ...ഒന്നിനേയും കാണുവാൻ വയ്യ. എല്ലാം അസ്ഥികൂടങ്ങൾ... അവ പൊട്ടിച്ചിരിക്കുന്നു...അവയ്ക്കുള്ളിൽനിന്നുകൊണ്ട് ചാത്തൻപുലയൻ അലറി. 'കൃഷിഭൂമി കർഷകനാ...'

തളരുന്ന കാലുകൾ. പടർന്നുകയറുന്ന നെൽപ്പാടങ്ങൾ...അവ ശൂന്യമായിരുന്നു. ശൂന്യമായ കണ്ണുകളോടെ കാരണവർ ആ ശൂന്യതയെ ദർശിച്ചു.

എന്റെ നെൽപ്പാടങ്ങൾ...

എന്റെ കാരണവന്മാരുടെ നെൽപ്പാടങ്ങൾ...

എന്റെ തറവാടിന്റെ നെൽപ്പാടങ്ങൾ.

കാരണവർ പറയാൻശ്രമിച്ചു. വിഫലമായ ശ്രമം. വാക്കുകൾ പുറത്തുവരാൻ പരദേവത അനുവദിച്ചില്ല.

എങ്ങുനിന്നോവന്ന കാററിൽ, നിറഞ്ഞുനിന്ന നെല്ലിന്റെമണം...പുനെല്ലിന്റെ ലഹരിപിടിപ്പിക്കുന്നമണം...

അവസാനത്തെ മണിനെല്ലും കൊത്തിക്കൊണ്ട് പോകുന്നപക്ഷി...

ഒഴിഞ്ഞപാടത്തിൽ അങ്ങിങ്ങുകിടക്കുന്ന പതിരുകൾ...

"തമ്പ്രാ...!!!" ചാത്തന്റെ കണ്ണുകളിൽ അത്ഭുതം

"ചാത്താ..."

"എന്താതമ്പ്രാ...ഇവടെ...ആരുടേന്റെ..."

"ചാത്താ...തിരി...കഞ്ഞിവെള്ളം..."

മേലങ്ങത്തുതറവാടിന്റെ അടിത്തറ ഇളകി.

സിംഹാസനം നിലത്തുവീണുടഞ്ഞു.

കാരണവരുടെ തൊണ്ടയിടറി. കണ്ണുനിറഞ്ഞു. മുന്നിൽ മന്ത്രിസത്തമന്റേയും വല്യകാരണവരുടേയും പല്ലിളിക്കുന്ന അസ്ഥികൂടങ്ങൾ...

"വേഗം താടാ..എത്രദെവസമായി അന്നം കണ്ടിട്ട്..

ആയിരംപറ നിലത്തിനവകാശിയുടെ ശബ്ദം.

"തമ്പ്രാ...എന്താണീപറേണത്...? അടിയന് തെരിയണില്ല..."

ഇരട്ടിച്ച അത്ഭുതം മുററിത്തുറിച്ച കണ്ണുകളോടെ മായയോ പരിഹാസമോ എന്നറിയാൻവയ്യാതെ വലയുന്ന വൃദ്ധപ്പുലയൻ...

"നീ കഞ്ഞിവെള്ളവും തരില്ലേ...എങ്കിൽവേണ്ട..."

പിൻതിരിയുന്ന കാലടികളിൽ തളർച്ച. വട്ടം കറങ്ങുന്ന ഭൂമിയിൽ പിടിച്ചുനില്ക്കാൻ ഇടമില്ല.

എല്ലായിടവും ശൂന്യതയിൽ. എങ്ങും അന്ധകാരം. ഇടറുന്ന കാലടികൾ. ഇരുളിന്റെ അലകൾ കണ്ണുകളിലേയ്ക്ക് പ്രവഹിക്കുന്നു. അത് ശരീരമെങ്ങുംപടരുന്നു.

"ചിരുതേ... ച്ചിരികഞ്ഞിവെള്ളംങ്ങ്ട്ട് കൊട്ടാ...ദേ... തമ്പ്രാനൊവടെ..."

ചിരട്ടയിൽ പഴങ്കഞ്ഞിവെള്ളം.

ആയിരംപറ നിലത്തിനവകാശി മേലങ്ങത്തു കേശവൻ നായർ ചാത്തൻപുലയൻ നീട്ടിയ കഞ്ഞിവെള്ളം രുചിച്ചു. ആർത്തിയോടെ മൊത്തി മൊത്തി കുടിച്ചു. ചാത്തന്റെ കണ്ണുകളിൽ പ്രതിഫലിക്കുന്ന ആ കാഴ്ച. കണ്ണുകളിൽ വേലിയേററം. അവ നിറഞ്ഞു കവിഞ്ഞു. എല്ലാംമറന്നുള്ള നിർവൃതിയിൽ ചാത്തൻ...

"തമ്പ്രാ...എന്റെ തമ്പ്രാ..."

★


# STATE BANK OF TRAVANCORE

OFFERS:

*Attractive Rates of Interest on Deposits :*

Fixed Deposits up to — 7¼ %
Thrift Deposits up to — 7 %
Savings Bank Account — 4%

Liberal financial assistance to Small-Scale Industries Export—Orinted Industries and Agriculturists

For further information please step into one of our 256 branches.

മഴത്തുള്ളികൾ ശരീരത്തിൽ പതിച്ചപ്പോൾ ഉഷ ഉണർന്നു. എവിടെയും നിശ്ശബ്ദത. വൃക്ഷശിഖരങ്ങൾ തണുത്തു വിറയ്ക്കുന്നു. ഉരുകി ഉരുകി മെഴുകുതിരികൾ തീരാറായിരിക്കുന്നു. ഒരു മഴത്തുള്ളിവീണ് മെഴുകുതിരി ചീറികെട്ടു. അറിയാതെ ഞെട്ടിയോ? ശരീരത്തിലെവിടെയോനിന്ന് എന്തോ അടർന്ന് പോയ പ്രതീതി.

... ... ...

പണ്ട് സ്വപ്നം കാണാൻ നേരമില്ലായിരുന്നു. കർത്തവ്യങ്ങൾ മുണ്ടയിട്ട് വലിച്ചുകൊണ്ടിരുന്നു. എങ്കിലും ലക്ഷ്യമുണ്ടായിരുന്നു; ജോയിച്ചന്റെ പ്രോത്സാഹനം ഉണ്ടായിരുന്നു.

ഇന്നു താൻ സമ്പന്നയാണ്. സ്വന്തമായി ആശുപത്രിയുണ്ട്. എം. ആർ. സി. പി ഡിഗ്രിയുണ്ട്. തന്നെ പുച്ഛത്തോട് വീക്ഷിച്ച സമുദായത്തോട് താൻ പ്രതികാരം വീട്ടി.

പുകച്ചു പുകച്ച് ജീവിതം അവസാനിപ്പിച്ച അപ്പച്ചൻ, ഇന്ന്, കണ്ണിൽ വിഷാദവും, നെററിയിൽ ചുളിവും, വെള്ളിനരയും ഉള്ള അമ്മച്ചിയുടെ നാവിൽ നിന്ന്, ഹൃദയത്തിൽനിന്ന് തന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാറുണ്ട്.

സാധുവും, സുന്ദരിയും, പഠിക്കാൻ മിടുക്കിയുമായ ഉഷയെപ്പററി സമുദായം വായിൽ തോന്നിയതു പറഞ്ഞു. അസൂയയിൽ നിന്നുടലെടുത്ത വൈരാഗ്യം!

... ... ...

കോളേജിൽ എത്തിയ ആദ്യദിവസം! ആയിരം വശങ്ങളിൽനിന്ന് നോട്ടങ്ങൾ പായുന്നു എന്നറിഞ്ഞപ്പോൾ അല്പമൊന്നറച്ചു. എങ്കിലും ധൈര്യം നടിച്ചു. അന്നു തനിക്ക് കോളേജിലേയ്ക്കു ഒരു വലിയ പാഴ്സൽവന്നു. പ്രീഡിഗ്രിക്കുവേണ്ട എല്ലാ ടെക്സ്ററുകളും! ഒരു ചെറിയകടലാസിൽ ഒരു കുറിപ്പ്. "ഉഷേ, പഠിക്കൂ. കഴിവിന്റെ പരമാവധി ഉപയോഗിക്കൂ. കാണുമ്പോൾ തോന്നുന്നത് അനുരാഗമാണ് അല്ലേ? നമ്മൾ രണ്ടുപേരും സയൻസ് സ്ററുഡൻസല്ലേ. നമുക്കതിന്റെ പ്രായോഗികവശങ്ങളെപ്പററി ചിന്തിക്കാം. എന്താ സമ്മതിച്ചോ ഉഷസ്സേ? ജോയി"

... ... ...

കിട്ടാൻ മോഹിച്ചതാണെങ്കിലും ഇത്രയും ധൈര്യമായി, ഇത്രയും സ്പഷ്ടമായി പറയുമെന്ന് താൻ ഓർത്തേയല്ല. പിന്നൊരു ആവേശമായിരുന്നു. അത്യുൽസാഹത്തോടെ പഠിച്ചു. സ്നേഹവലയം പ്രോത്സാഹനം തന്നു. അദ്ദേഹം എഫ്. ആർ. സി. എസ്. എ

# മെഴുകുതിരി

## മേബൽ പി. അബ്രഹാം

*നീ മാന്യയായി തീർന്നില്ലായിരുന്നെങ്കിൽ അതു് എന്നെ എപ്പോഴും ദുഃഖിപ്പിച്ചുകൊണ്ടിരുന്നേനെ. എനിക്കുവേണ്ടി, എന്റെ ആത്മാവിനുവേണ്ടി നീ ശാന്തയാകുക.*

ടുത്തു എന്ന്, താൻ ഇംഗ്ലണ്ടിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ എഴുതിയറിയിച്ചു. താൻ നാട്ടിലേയ്ക്കു തിരിക്കുമ്പോഴാണ് ആ എഴുത്തുകിട്ടിയതു്.

"പ്രിയമുള്ള ഉഷേ,

നീ വർണ്ണിച്ചതുപോലുള്ള ആ വ്യക്തിയുണ്ടല്ലോ—നീണ്ടുമെലിഞ്ഞ മുഖം, വലിയ തിളങ്ങുന്ന കണ്ണുകളും കട്ടിയുള്ള പുരികങ്ങളും ഒക്കെയുള്ള ആ രൂപം മരിച്ചുപോയിരിക്കുന്ന ഉഷേ. ഞെട്ടരുതു്. ഇന്ന് ആരാണ് ഉള്ളതെന്നോ വീർത്തമുഖം, മുറിഞ്ഞ അഗ്രത്തോടുകൂടിയ വിരലുകളും ഒക്കെയുള്ള ഒരു മൃഗം! നിനക്കെന്റെ രൂപം മനസ്സിൽ വരയ്ക്കാൻ കഴിയുന്നുണ്ടോ ഉഷേ? ഓരോ ദിവസവും ചീഞ്ഞ മാംസക്കഷണങ്ങൾ പൊഴിഞ്ഞു പൊയ്ക്കൊണ്ടിരിക്കയാണ്. ഇവിടെയെങ്ങും മരുന്നിന്റെ മണമാണ്. ഈ ഇനി ഒന്നേ മുരടിക്കാനുള്ളൂ, ഈ ഹൃദയം. ഈ രോഗവിവരം നിന്നെ എനിക്ക് രണ്ടുവർഷംമുമ്പ് അറിയിക്കാമായിരുന്നു. ഞങ്ങളുടെ കുടുംബപാരമ്പര്യമാണ് ഈ രോഗമെന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ എഫ്. ആർ. സി. എസ്സിന് പോയില്ല എന്നു് പറയാമായിരുന്നു. എങ്കിലും എന്റെ ഉഷേ, നിന്റെ ഭാവിയെപ്പററിയുള്ള പ്രതീക്ഷ അതിനെന്നെ അനുവദിച്ചില്ല. നീ മാന്യയായി തീർന്നില്ലായിരുന്നെങ്കിൽ, അതു് എന്നെ എപ്പോഴും ദുഃഖിപ്പിച്ചുകൊണ്ടിരുന്നേനെ. പക്ഷേ ഈ മുറിവിനെ മറെറാരു പുരുഷന്റെ പുഞ്ചിരി, സ്നേഹം ക്രമേണ കരിയിച്ചുകൊള്ളും.

ധൈര്യം കാട്ടുക. വീണ്ടും ഉയർന്നു വരുക. രോഗികളിൽ ഒരു കുളിർകാററായി പരിലസിക്കുക. എനിക്കുവേണ്ടി, എന്റെ ആത്മാവിനുവേണ്ടി നീ ശാന്തയാകുക.

നിന്റെ ഉഷസ്സിന്റെ
ജോയി"

... ... ...

"കൊച്ചമ്മേ, കൊച്ചമ്മേ" അമ്പിളി പെട്ടെന്ന് ഞെട്ടിച്ചു. "മണി പത്തായി കൊച്ചമ്മേ."

... ... ...

▲

With best compliments from:

AN OLD STUDENT

Space donated by

A WELL WISHER

# SORRY INDIA

**THOMAS A GEORGE**

- Youth accelerating a nations' doom
- every man for himself; winner takes all!
- handing over what the English left in their trashbins
- pangs of hunger brewing a blood bath

The policy makers of our country have imposed a ceiling on every other thing. It is indeed a wonder that they have yet to impose a ceiling on the most abundant factor of Indian life- laziness.

In spite of the fact that we are a poor country, it is indeed deplorable that we as a nation are yet to realise the dignity of labour.

As per available data, youth seem to be in the majority in the population figures. But the youth of today contribute not in the welfare of the nation, but instead, they are accelerating its doom.

Today, in our vast country, a teenager who wants to earn a few 'bucks' finds it quite a formidable job. He cannot go around selling newspapers. He cannot get a job in a store. He cannot polish somebody's shoes nor can he obtain any odd job anywhere for that matter. The prying eyes and the tongue of society are to blame. Even though in our country discriminations on the basis of caste, colour and creed have ceased, the scars of centuries of such practices will continue to be grinding stones in the path of progress.

Moreover, today's youth have ended up as mere pawns in the hands of the power barons! Does not the voice of conscience prick the minds of all ye, all who line by the explotation of your nation and her youth? Self seems to be the mosf important person in India today. Every man for himself; winner takes all! Some motto!!

The trouble with our country is not that she is poor, but that too many of her leaders are too rich. After all, India is an elected dictatorship! Half the 'punks' on the ruling ladder know next to nothing! But wielding that extremely powerful tool called influence, they manage to implant themselves firmly there, and only a disastrous earthquake can make them budge. All they do is fatten their bank balances and their stomachs. And nobody cries shame! India will become a truly democratic republic on the day when minimum qualifications are specified for the representatives of her people and the portfolioss of the ministries are handed over on the basis of a written examination.

Recently I had the occassion to hear the remark, "The destiny of India is being moulded in her classrooms" Fair enough. But isn't the mould an out dated and alien syllabus? Nay, the whole system wiil have to bo overhauled. In India today, students are assimilating matter, half of which will prove useless in later life. They have handed over to us what the English had left in their trashbins.

Indian affairs are in a very, very sorry state. People do not understand the value of freedom because it was gained without much bloodshed. There was nothing — only non — violence. Gandhiji would have wept ceaselessly had he l ved to see a life of toil being thus wasted. Abject poverty on one hand and rising sky scrapers and atomic reactors on the other. The mass of the common people are being duped. Beware! the pangs of hunger will soon turn into frustration and a blood bath will ensue!


With best Compliments of:

**SAJEEVA PHARMACY**

H. O. ALWAYE

Manufacturers, Distributors & Exporters of Ayurvedic Medicines, Indian Drugs & Herbs



arts club committee



office bearers

student christian fellowship



dr. s. k. nair before the prize giving

ucc trophy in hockey



running about for dr. p. m. cherian trophy



manorama trophy

mr. balagangadhara menon
getting to know the players



manoroma trophy

this time s. d. college alleppey
keeps the trophy



winners ucc trophy

hockey



district champions

athletic team

കെ. പി. സന്തോഷ്

# വിശപ്പ്

വിശാലമായ വലയുടെ ഒഴിഞ്ഞ കോണിൽ ആൺ എട്ടുകാലി ചുരുണ്ടുകൂടി, ഉറങ്ങി. വലയുടെ നടുവിലുള്ള മെത്തയിൽ പെൺ എട്ടുകാലി ഉണർന്നിരുന്നു, ഇരയേയും കാത്ത്.

പെൺ എട്ടുകാലിക്കു വിശന്നു. കഴിഞ്ഞ രാത്രിമുതൽ പട്ടിണിയാണ്.

എട്ടുകാലി വിശപ്പിനിടയിൽ പലതും ഓർത്തു. ഇന്നലെ രാത്രി തിന്ന കൊതുകിനെ, അവന്റെ പിടച്ചിലിനെ. പട്ടണത്തിലെ തുണിക്കടയിലെ മണിയനീച്ചയെക്കുറിച്ചോർക്കാൻ രസം. അവനെ കഴിച്ചപ്പോൾ കുഴഞ്ഞു പോയി. അവന്റെയൊരു കരുത്ത്!

പ്രാണികളെ ഓർത്തപ്പോൾ ചിരിവന്നു. പാവങ്ങൾ പട്ടിയെപ്പോലെ കിതക്കുന്നു. ഇടക്കിടെ വലയിൽ കുടുങ്ങാറുള്ള വണ്ട്. അവന്റെ കവിളിലെ ചാട്ടുളി പോലെ കുത്തിക്കൊള്ളുന്ന രോമങ്ങൾ.

എട്ടുകാലി പിന്നേയും ചിന്തിച്ചു. പിച്ചുകൊണ്ടുവരുന്ന പയ്യനെപ്പറ്റിയും കാവിലെ ചിറപ്പിനെപ്പറ്റിയും.

വരാൻ പോകുന്ന ഇരയെക്കുറിച്ചോർത്തപ്പോൾ വായിൽ വെള്ളമൂറി. വിശപ്പ് വർധിച്ചു. എല്ലാവരേയും എല്ലാത്തിനേയും അകത്താക്കുവാനുള്ള വിശപ്പ്. എല്ലാം തന്നിൽ ലയിപ്പിക്കുവാനുള്ള വിശപ്പ്.

ഇര വരുന്നില്ല. എട്ടുകാലിക്ക് നിരാശ. ഒരു കൊതുകെങ്കിലും വന്നെങ്കിൽ—എട്ടുകാലി ആശിച്ചു.

എട്ടുകാലി മെത്തയിൽ നിന്നെഴുന്നേറ്റ് വരാന്തയിലേക്ക് ഇഴഞ്ഞു. വഴിയെ പോകുന്ന ഈച്ചയെയെങ്കിലും ചാടിപ്പിടിക്കണം. വിശപ്പുമാറണം. ഈച്ചകളെല്ലാം മാളത്തിൽ ഉറക്കമായി.

വിശപ്പു കൂടി വന്നു. എട്ടുകാലിക്കു ഭ്രാന്തു പിടിക്കുന്നതുപോലെ തോന്നി. വലക്കുള്ളിലേക്ക് ഇഴഞ്ഞു. നിലാവിന്റെ അരണ്ട വെളിച്ചത്തിൽ ആൺ എട്ടുകാലിയെ കണ്ടു. ചുരുണ്ടു കൂടി കിടന്നുറങ്ങുന്നു. പെൺ എട്ടുകാലി അടുത്തു ചെന്നു. ശോഷിച്ച ശരീരം. ഒട്ടിയ കവിള്. പുരികത്തിനു താഴെ രണ്ടു കുഴികൾ. തേരട്ട പോലെ വരപോലെ ഉണങ്ങി വരണ്ട ചുണ്ട്. വെറുപ്പു തോന്നി. ഈച്ചകളുടെ കരുത്തുറ്റ ശരീരം ഓർമ്മവന്നു. തുടുത്ത കവിളുകൾ. വിരിവൊത്ത നെഞ്ചിലെ കറുത്ത രോമക്കാടുകൾ.........
.........ഓർക്കുന്തോറും വായിൽ വെള്ളമൂറുന്നു.

വിശപ്പു കൂടിക്കൂടി വന്നു. ഒടുവിൽ പെൺ എട്ടുകാലിക്ക് ഭ്രാന്ത്!

ആൺ എട്ടുകാലിയെ വീണ്ടും നോക്കി. അപ്പോൾ.........തടിച്ച ശരീരം കണ്ടു. കരുത്തുറ്റ ശരീരം. വിരിഞ്ഞ മാറ് കണ്ടു. ശിവനെക്കണ്ടു. സദ്വ്യസാപവും കണ്ടു.

പെൺ എട്ടുകാലി പതുങ്ങി പതുങ്ങി മുന്നോട്ടിഴഞ്ഞു. സംതൃപ്തിയോടെ. ഇരയെ കിട്ടിയ സന്തോഷത്തോടെ. നീണ്ട കാലുകൾകൊണ്ട് ശോഷിച്ച ശരീരം കെട്ടിവരിഞ്ഞു. തല, കഴുത്ത് ഓരോന്നായി വായിൽ ഒതുങ്ങി. ആൺ എട്ടുകാലി അപ്പോഴും പിടഞ്ഞുകൊണ്ടിരുന്നു............

ഈ. പി. സുരേഷ്

# ഒരു ദിവസം

## പ്രഭാതം :

പ്രഭാതത്തിന്റെ കുളിർമ്മ ആനന്ദകരമായിരുന്നു.

വരാനിരിക്കുന്ന മദ്ധ്യാഹ്നത്തോടും അപരാഹ്നത്തോടുമുള്ള പ്രതിഷേധമായിരുന്നു.

നീലാകാശത്തിൽ കിഴക്കോട്ടു നീങ്ങിക്കൊണ്ടിരുന്ന വെള്ളിമേഘക്കഷണങ്ങൾക്കു കീഴെ ഒരു കാക്ക എങ്ങോട്ടെന്നില്ലാതെ പറന്നിരുന്നു.

അതിനുംകീഴെ വയസ്സനരയാലിന്റെ ഇലകളിൽ തങ്ങിനിന്നിരുന്ന മഞ്ഞുതുള്ളികൾ താഴെ കൊഴിഞ്ഞു കിടന്നിരുന്ന ഇലകളിലും പാറിനിന്നിരുന്നു.

സൂര്യനെമാത്രം കാണാനുണ്ടായിരുന്നില്ല.

പ്രഭാതം സുന്ദരമായിരുന്നു. ആ കാക്കയെപ്പോലെ.

സൂര്യനില്ലാത്ത പ്രഭാതം.

വീണ്ടുമൊരു പ്രഭാതത്തിന്റെ ആരംഭത്തിൽ അവനുറങ്ങുകയായിരുന്നു.

Now I shall come to the last point—the inculcation of social values. Arnold Toynbee, the great historian of our times has said that this century will be remembered in future ages, not because of its technical advances or scientific achievements, but because for the first time in the history of man, nations have come to recognise that prosperity is possible not only for the rich few, but for all. All nations in the world now are taking steps to achieve prosperity, and India too, is trying to bring progress to all her people. She has many great achievements to her credit, since independence, but still lags far behind in the race of progress. Her pace of change is slow and is fraught with the danger of disillusionment and revolt by the masses. The country is beset with stupendous problems such as regionalism, linguism, communalism in all forms, illiteracy, continuing population explosion, and corruption, and corruption in public life. It is in this context, that the cry for social and national consciousness and integration assumes

vital importance and the social purposes of education are being emphasised and reassessed.

Education must be given a social dimension. The days are gone, when education was the past time of the rich, the university was a sort of ivory-tower unrelated to society. Society has come to realise that it pays for and therefore expects the university to work for change and improvement of society. University education has and must become oriented to national development. Education is to be one of the main instruments of social change.

There today, about 90 universities and 3200 colleges in India with three million students. Education is a major national enterprise and a sizeable part of the revenue of state governments is spent on education. A direct link is established between education and economic growth, for economic growth is not merely a matter of development of physical resources or training skilled labour, but involves human change on a g and scale. It involves re-orientation of values concerning time, status, money and work. Development is increasingly being understood as the development of the human personality of helping man to grow into his full stature and strive for a fuller, more truly human existence.

Students, the world over, have always been in the vanguard of social change. However, it cannot be said that the Indian students have achieved any score in this direction. 'Studentpower' in this country has not been fully harnessed to become a driving force The students actively interested in social and economic causes are small in number. Even those students who are active are stooges of political parties. They waste much of their energies for unimportant causes and work for narrow loyalties. Emotion rules over reason in many instances and there is lack of self-discipline. Many foreign crities say that Indian students lack a national spirit, a do-or-die determination and faith in the future of the country. One cannot wish for a national calamity or aggression to occur every time, for people to unite and demonstrate their national solidarity: Our internal enemies-poverty, socio-economic oppression and injustice, political instability and moral pauperism-these are fatal to our life as a free and progressive nation and have to be fought against with all our might.

With their youth, energy, and enthusiasm the students and youth of our country are eminently qualified to strive for a better social order. It is no use to sit back and complain of the hop-lessness of the situation and trying to compromise with existing order. We have to strive ourselves to build a better country

Social awareness must begin, first in the college—among the teachers, clerks, attendants and peons, among and between each and all of these groups. All in a college must realise that they form part of a community being engaged in a common task and sharing a common welfare. The primary thing is to establish a real community, based on loyalty to a common purpose.

Lack of contact between teachers and students in the class rooms due to unmanageable numbers and examination—orientedness of the learning—teaching process must be compensated for in other ways—through extra-

Phone: 499

Pho: (Res) 353

LAVANNIA

Department Store — ALWAYE Kerala

NOVELTY & GIFT SPECIALISTS

curricular activities and personal contacts. One of the aims of extra-curricular activities—clubs, association, games and social functions—is to bring together as many of the teachers and students in as many ways as possible, but the truth is that only a very small number makes use of such opportunities.

The college is society in miniature. Most of the problems and conflicts of society are reflected within the college community. The teachers have an important task in showing their own social maturity. The relationship of teachers and students must be as between adults and adults. Students must be understood as young human being undergoing the conflict of growing up. Such conflict is with the authority of parents and teachers, their own sexuality, their aspiration to become earners and in the establishment of their own identities. Students and their problems must be understood against the backgound of these conflicts.

One last point. Relating the college to the neighbourhood is a favourite theme that is much discussed, without anything being done about it. Colleges, sometimes act as if they are ivory towars far removed from the society. Each college must plan and become integrally involved with its neighbourhood. Caring for the neighbourhood and attending to its many problems, atleast in a small way, must become part of college curriculam. A number of ways are open to relate the college and its community to the neighbourhood. Slum clearance, teaching the people the fundamentals of hygiene, helping in adult education, manual labour in development schemes etc., are some examples that can be cited. It is not opportunities, but the will to serve, that is lacking.

Love the country, working for its progress, and faith in her future, must preoccupy the mind of every citizen and a good deal of sacrifices have to be made individually and collectively. The higher education of our country, about which we are all concerned, must be able to serve these purposes.

PHONE: 554

ALANKAR RESTAURANT

BAR ATTACHED

ALWAYE-1

# ആനമുടിയിലെ വെളുത്ത കല്ലുകൾ

കെ. ബാലകൃഷ്ണൻ നായർ

ശ്രീ. രാജൻ വർഗ്ഗീസിന്റെ നേതൃത്വത്തിൽ 1973 ഫെബ്രുവരി മാസം 17-ാം തിയതി ഈ കോളേജിലെ പതിനൊന്നു വിദ്യാർത്ഥികളും മൂന്ന് അദ്ധ്യാപകരും ആനമുടി കയറി. അന്നു രാത്രി അവിടെ ഉറങ്ങിയതിനുശേഷം അവർ പിറ്റേന്ന് താഴെക്കിറങ്ങി. പിന്നീടവർ കൊടൈക്കനാലിലേക്കു നടന്നു.

## ഫെബ്രുവരി പതിനാറ്:

ഒരേ കാരണം കൊണ്ടായിരിക്കയില്ല പലരുംകൂടി ഒരേ കാര്യം ചെയ്യുന്നതു്. ഞങ്ങൾ പതിനഞ്ചുപേരുടെ സംഘത്തിനും ഈ നിയമം ബാധകമാണ്. ഇന്ന്, ഞങ്ങൾ ആനമുടികയറാൻ പോകുന്നു. ഞങ്ങളുടെ സ്വന്തം പ്രത്യേകതകൾ, വിരസനായ എന്നെയും അന്വേഷണകുതുകിയായ ഉണ്ണികൃഷ്ണനേയും ഈ സംഘത്തിൽചേർത്തു. അതുപോലെ മററു പതിമൂന്നുപേർക്കും പതിമൂന്നു പ്രത്യേക പ്രേരകശക്തികളുണ്ട്. അങ്ങനെ, ഞങ്ങൾ ആനമുടികയറാൻ പോകുന്നു. തോളുകളിൽ തൂക്കിയിരിക്കുന്ന ഭാണ്ഡങ്ങൾ ഞങ്ങളെ മററുള്ളവരിൽനിന്നും വേർതിരിച്ചുനിർത്തുന്നതുകൊണ്ടാകാം; ആളുകൾ ഞങ്ങളെ സൂക്ഷിക്കുന്നുണ്ട്.

... ... ...

നേരിയമംഗലം പാലം കടന്നപ്പോഴേ തോന്നി കാലാവസ്ഥ സുഖകരമായ തണുപ്പിലേക്ക് ആഴ്ന്നുകൊണ്ടിരിക്കുകയാണെന്ന്. ഇപ്പോൾ ഞങ്ങൾ മൂന്നാറിലാണ്. ഇന്നലെ ആനമുടികയറി, രാത്രി അവിടെ ഉറങ്ങി, ഇന്നിറങ്ങിവന്ന ഏഴുപേരെ ഞങ്ങൾ ഇവിടെക്കണ്ടു. സാധനങ്ങൾ ചുമക്കാനായി ഒൻപതു കൂലിക്കാരെ അവർ വിലയ്ക്കുവാങ്ങിയിരുന്നത്രേ. (രാത്രിയിലെ കൊടുംതണുപ്പിൽ കുടിയ്ക്കാനുള്ള ബ്രാണ്ടിക്കുപ്പികൾ മാത്രമായിരുന്നിരിക്കണം ഈ 'സാഹസികർ' തലേന്നു രാത്രി സ്വയം ചുമന്നതു്.)

... ... ...

സംഘാംഗമായ മാത്യുവിന്റെ അമ്മാവന് ഇവിടത്തെ തേയിലക്കമ്പനിയിൽ ജോലിയാണ്. ഇദ്ദേഹത്തിന്റെ പദവിക്ക് സ്വന്തം ക്വാർട്ടേഴ്സുണ്ട്. അദ്ദേഹത്തിന്റെ പൂട്ടിയിട്ട വീട് ഞങ്ങൾക്കുറങ്ങാനായി അദ്ദേഹം തുറന്നുതന്നു.

... ... ...

## ഫെബ്രുവരി പതിനേഴ്:

ഇവിടെനിന്നു നോക്കുമ്പോൾ ആനമുടിയുടെ, ദൂരെയുള്ള ചെറിയരൂപം കാണാം. കറുത്ത പാറ. ഓർമ്മകൾ സൂക്ഷിക്കുന്ന പതിവുള്ള അവിവാഹിതനായ മധ്യവയസ്കൻ അദ്ധ്യാപകന് ഈ പശ്ചാത്തലത്തിൽ തന്റെ ഒരു ഫോട്ടോ എടുത്താൽ കൊള്ളാമെന്ന് ഒരാഗ്രഹം തോന്നുന്നു

... ... ...

മൂന്നു കൂലിക്കാരുണ്ട്; കൂടാരവും ഭക്ഷണവും ചുമക്കാൻ. (അവരെപ്പോലെ തന്നെ, മാത്യുവും ബാബുവും രാജൻ വർഗ്ഗീസും ആരോഗ്യവാന്മാരായ ചുമട്ടുകാരാണെന്ന് പിന്നീട് തെളിഞ്ഞു.)

രാവിലെ പതിനൊന്നുമണിക്ക് ഞങ്ങൾ മുകളിലേക്ക് കയറിത്തുടങ്ങുന്നു. തേയിലക്കാട്ടുകൾക്കിടയിലൂടെ തൊഴിലാളികൾ നടക്കുന്ന വഴിയുണ്ട്.

ആ വഴികൾ തേയിലക്കാട്ടുകളോടൊപ്പം ഇല്ലാതാകുന്നു. ഇനി കാടാണ്. ആനകൾ നടക്കാറുള്ള ഗവൺമെൻറ്വനം. ഇവിടെ പാറക്കെട്ടുകളും അരുവികളുമുണ്ട്. മരങ്ങളും, കാററും തണുപ്പുമുണ്ട്, മല കയറി പരിചയമില്ലാത്ത ഞങ്ങൾ ഇടക്കിടക്ക് ഈ സ്ഥലങ്ങളിൽ ക്ഷീണിച്ച്, കിടക്കുന്നു. വീണ്ടും എണീററ് മുകളിലേക്ക്. കൊട്ടമുടി ഇനിയും എത്രയോ ഉയരെയാണ്!

... ... ...

ഇപ്പോൾ സമയം രണ്ടുമണി കഴിഞ്ഞു. വെച്ചു വെച്ച് മുകളിലെത്തി. ഇതാണ് ആനമുടി. കേരളത്തിലെ ഏററവും പൊക്കമുള്ള കൊട്ടമുടി. 8841 അടി പൊക്കം എവറസ്റ്റിന്റെ കാലിലെ രോമം പോലെയാണിതു്. എന്നാലും ഒന്നുണ്ട്. ഇതിലും പൊക്കംകൂടിയ സ്ഥലങ്ങൾ ഇനി ഹിമാലയങ്ങളിൽ, എവറസ്റ്റിന്റെ അനുജന്മാരുടെയിടയ്ക്കേ കാണൂ.

... ... ...

ഭാണ്ഡത്തിലെ ചോറ് രുചിയോടെ തിന്നു. കൂട്ടുകാർ കൂടാരമുണ്ടാക്കുന്നു. കയററത്തിന്റെ വിജയത്തിൽ ആഹ്ലാദിച്ച് അവർ വെറുതെ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു.

... ... ...


FACTORY-SEAL
REMOVE BEFORE USING
Toshiba
ANAND
POWER KING
LEAK PROOF
This is the only battery you don't have to test before buying.
It's the only one with top seal.
2385

ഞാൻ നേരത്തേകരുതിയിരുന്നതാണു്. എനിക്കു് ദൂരെക്കാണുന്ന, ആരോ അടുക്കിവച്ച ആ കല്ലുകൾക്കരികിൽ ഒററയ്ക്കിരുന്നു് ഒരെഴുത്തെഴുതണം. എനിക്കു മാത്രമേ പേനയുള്ളു. രാജൻ വർഗ്ഗീസിന്റെ കയ്യിൽ പേപ്പറുണ്ടു്.

ഒരു പരസ്പരധാരണയിലെത്തി. അദ്ദേഹത്തിനും എഴുത്തുവായിക്കാൻ ആളുണ്ടത്രേ! ശരി സാർ, താങ്കളും എഴുതിക്കൊള്ളൂ. ഇതാ പേന; ഞാൻ എഴുതിക്കഴിഞ്ഞു.

... ... ...

എന്നും ആനമുടിയിൽനിന്നു് അസ്തമനം കാണാൻ പററില്ല. പോരെങ്കിൽ ഇന്നു് പൂർണ്ണചന്ദ്രന്റെ രാത്രിയുമാണു്. അസ്തമനക്കാഴ്ച മുടക്കരുതു്.

സൂര്യൻ ദൂരെ മുങ്ങുന്നു അവിടെമാത്രമല്ല മേഘങ്ങൾ ഞങ്ങൾക്കുതൊട്ടുകൂടിയും മേഘങ്ങൾ, തണുത്തകാററിൽ ഒഴുകിപ്പോകുന്നുണ്ടു്. അവിസ്മരണീയമായ ഈ സന്ധ്യയിൽ, പിന്നിൽനിന്നു് ചന്ദ്രനും പൊങ്ങുന്നു ഞങ്ങളിപ്പോൾ അഗാധമായ ഒരു കൊക്കയുടെ വക്കിലാണു്. താഴെ, പൊള്ളാച്ചിയിൽ വിളക്കുകൾ കത്തുന്നു. ഞങ്ങൾ കൂടാരത്തിലേക്കു മടങ്ങുന്നു.

... ... ...

ഗോവിന്ദനുണ്ണിയുടെ തെർമോമീററിൽ താഴുന്ന താപനിലകാണാം. വെളിച്ചത്തോടൊപ്പം ചൂടുംപോയി. വേഗത്തിലാണു് താപനില 4°c ആയതു്. അർദ്ധരാത്രികഴിയുന്നതുവരെ കത്തുന്ന വിറകുകൾക്കു് ചുററുമിരിക്കാം.

... ... ...

യൗവ്വനത്തിൽത്തന്നെ കഷണ്ടി ബാധിച്ചുപോയ ഒരു സാർ എല്ലാത്തിനെയും അടക്കിവാഴുകയാണു്. ആ മനുഷ്യന്റെ വാക്കുകൾക്കൊപ്പിച്ചു് ഞങ്ങളെല്ലാം ചിരിക്കുന്നു. ഞങ്ങളിലൊരുവന്റെ മാതാവിനെക്കുറിച്ചു് അദ്ദേഹം കവിതാരൂപേണ നടത്തിയ പരാമർശനത്തിൽ ആനന്ദിച്ചു്, അവനും ഞങ്ങളും കൈകൊട്ടിപ്പാടുന്നു. പൊതുസ്വത്തായ കറുത്തമദ്യം തണുത്ത കട്ടൻകാപ്പിപോലെ തൊണ്ടയും കടന്നിറങ്ങി; അസ്ഥിക്കു് കീറുന്ന തണുപ്പാണു് അനുഭവപ്പെടുന്നതു്. ഈ രാത്രി അവസാനിക്കാതിരുന്നെങ്കിൽ എന്നു തോന്നുണ്ടു്. പക്ഷേ, മൂക്കിൽ നീരുവച്ചതുപോലെ തൊടുമ്പോൾ വേദനിക്കുന്നു. മൂക്കിലും കണ്ണുകളിലുംനിന്നു് വെള്ളം ഒലിക്കുന്നു. ശ്വാസംവിടാൻ പോലും സുഖം തോന്നുന്നില്ല. കൂടാരത്തിൽ, കമ്പിളികൾക്കുള്ളിൽ, സംഘാംഗങ്ങളുടെ ചൂടിൽ കിടന്നുറങ്ങട്ടെ; രാവിലത്തെ ഉദയത്തിനു വേണ്ടി. ആരോ വിളിച്ചു പറയുന്നു "ടെംപറേച്ചർ 0°c ആയി."

... ... ...

## ഫെബ്റുവരി പതിനെട്ടു്:

കോച്ചുന്നതണുപ്പിൽ, ഉണരുന്ന സൂര്യനെക്കാണാൻ തിടുക്കംകൂട്ടിയ സൗഹൃദത്തിനോടൊപ്പം വെളിയിലിറങ്ങിനിന്നു. പിന്നീടു്, കൂടാരത്തിന്റെ മുന്നിൽ സംഘാംഗങ്ങൾ നിരന്നുനിന്നു; ഗോവിന്ദനുണ്ണിയുടെ ക്യാമറയുടെ കണ്ണിൽ നോക്കിക്കൊണ്ടു്.

... ... ...

ആനമുടിയിൽനിന്നു ഞങ്ങൾ താഴെക്കിറങ്ങുന്നതിനു മുൻപു്, കറുത്ത ഈ പാറകളിൽ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ പേരുകൾ കൊത്തിവയ്ക്കട്ടെ. വയ്യ, വിഷമമാണു്. കല്ലുകൾകൊണ്ടിവിടെ അക്ഷരങ്ങൾ വരയ്ക്കാൻനോക്കാം. ഈ പേരുകൾ നാളത്തെ മഴ മായ്ച്ചുകളയുമായിരിക്കാം. പക്ഷേ ഇന്നു ഞങ്ങൾ ഇവ ഇവിടെ എഴുതി.

... ... ...

ആനമുടി, വിട. നന്ദി: കൂടുതൽ തണുപ്പിക്കാതിരുന്നതിനു് പ്രഭാതകൃത്യങ്ങളും പ്രാതലും ഇരവികുളത്തിനടുത്തുള്ള അരുവിക്കരയിൽ.

... ... ...

ഇവിടെയിരുന്നു റൊട്ടിയും മുട്ടയും തിന്നുമ്പോൾ അരുവിയിലെ ഐസുവെള്ളത്തിൽ നഗ്നരായിക്കുളിക്കുന്ന കൂട്ടുകാരെക്കാണുന്നു. ഈ തണുത്തകളി നിങ്ങളെ വിറപ്പിക്കുന്നില്ലേ? രാജേന്ദ്രാ, ബാബു, [illegible], വരൂ, നമുക്കിനിയും വളരെ താഴേക്കിറങ്ങേണ്ടതുണ്ടു്.

... ... ...

തേയിലക്കാടുകൾ ഇവിടെ തുടങ്ങുന്നു. ഇതിലെ ബസ്സുകളും കാറുകളും ഓടുന്ന റോഡുണ്ടു്. ഇവിടെയാണു് കാളിമുത്തു ടാക്സിയുംകൊണ്ടുവരാമെന്നു പറഞ്ഞിരിക്കുന്നതു്, ഒരുമണിക്കു്. ഇപ്പോൾ സമയം പതിനൊന്നു കഴിഞ്ഞിട്ടേയുള്ളു. ഈ താഴ്‌വരയിലെ ചൂടിൽ, നിരത്തുവക്കിലെത്തണലിൽ ആകാശത്തെ നോക്കിക്കിടക്കുക എത്രസുഖകരമാണു്! ചില കൂട്ടുകാർ അടുത്തുള്ള അരുവിയിൽ കാൽമുട്ടുകൾവരെ വെള്ളത്തിൽ താഴ്ത്തി മറന്നിരിക്കുന്നു. ഞാനും കണ്ണുസാമി [illegible]രുടെ താഴത്തെക്കടയിലെ ശർക്കരക്കാപ്പികുടിച്ചു വരട്ടെ.

... ... ...

## ഫെബ്റുവരി പത്തൊൻപതു്:

ഇന്നലെ ഉച്ചക്കു് കാളിമുത്തുകൊണ്ടുവന്ന വണ്ടിയിൽ മൂന്നാറിൽ തിരിച്ചെത്തിയതു മുതൽ ഇന്നു രാവിലെ

വരെ സമയം വേഗം കടന്നുപോയി. വിനോദം പകർന്നുതന്ന കെ. എ. മാത്യുവും വിനോദമായിമാറിയ ടി. എം. മാത്യുവും, തമാശയെന്തെന്നു മനസ്സിലായിട്ടില്ലാത്ത ജോസഫ് മാത്യുവും—മൂന്നു മാത്യുമാർ—ഇന്നു രാവിലെ കോളേജിലേക്കു മടങ്ങുന്നു. അവർ കൊടൈക്കനാലിലേക്കു നടക്കാൻവരുന്നില്ല.

പിന്നെ ഇന്നലെയെന്തു ചെയ്തു? ബാക്കിയുള്ള റം കുടിച്ചുതീർത്തു. അമ്പലത്തിലെ തീർത്ഥംപോലെ ഓരോരുത്തരും രണ്ടുമൂന്നു തുള്ളികൾ പങ്കിട്ടു.

... ... ...

ബാക്കിയുള്ള ഞങ്ങൾ ഇപ്പോൾ, ഏതാണ്ട് മുപ്പതുമൈലോളം അകലെയുള്ള ടോപ്പ്സ്റ്റേഷനിലാണ്. ഇവിടെനിന്നും താഴേക്ക്, കേരളത്തിനും മദ്രാസിനും ഇടയ്ക്കുകൂടി, കുതിരകളും കഴുതകളും മനുഷ്യരുംമാത്രം സഞ്ചരിക്കുന്ന കുത്തനെയുള്ള ഒരു വഴിയുണ്ട്. പന്ത്രണ്ടുമൈലോളം താഴേക്ക് ഓടിയാൽ കൊരങ്ങണി എന്ന ഗ്രാമത്തിലെത്തും. അവിടന്നു ബോഡിനായ്ക്കന്നൂരിലേക്ക് ബസ്സുണ്ട്. ബോഡിൽനിന്ന് നാളെ രാവിലെ കൊടൈക്കനാലിലേക്ക് പോകാം.

... ... ...

കരിങ്കൽ വഴികളിൽക്കൂടി ഞങ്ങൾ താഴേക്ക് ഓടുന്നു. ഷൂസുകൾക്കുള്ളിൽ, നടന്നു നടന്നു പൊട്ടിയ കാലുകളാണ്. ഇന്ന് കാലുകൾ വേദനിക്കുന്നു. ശൈത്യ-താപ വ്യത്യാസങ്ങൾ മുഖത്തെ ഒരു പാളിതൊലി ഇളക്കിക്കളഞ്ഞു. എന്നിട്ടും ഈ യാത്ര എത്ര ആനന്ദകരം! ഞാൻ ഇനി കോളേജിലെത്തുന്നതുവരെ ഷർട്ടും പാൻറും മാറില്ല. ഇപ്പോഴേ വിയർപ്പിന്റെ ഗന്ധമുണ്ട്. ആകപ്പാടെ, തെണ്ടിനടക്കുന്ന ഒരു ഹിപ്പിക്കൂട്ടം മാതിരിയുണ്ട് ഞങ്ങൾ. എന്നിട്ടും, ഈ യാത്ര അവസാനിക്കാതിരുന്നെങ്കിലെന്ന് ഞാനിപ്പോൾ ആഗ്രഹിക്കുന്നു. എല്ലാവരും അങ്ങനെ ആഗ്രഹിക്കുന്നു.

... ... ...

കൊരങ്ങണിയിൽ നല്ല ചായ കിട്ടും.

ഭാഗ്യം! ബോഡിയിലേക്ക് ഞങ്ങൾക്ക് ഒരു ജീപ്പു കിട്ടി. തുറന്ന ജീപ്പിൽ നഗരത്തിൽ ചെന്നിറങ്ങുന്ന ഞങ്ങളെ വന്യമൃഗങ്ങളെയെന്നപോലെ ആളുകൾ നോക്കുന്നു.

... ... ...

ഇതൊരു നശിച്ചസ്ഥലമാണ്. ഇവിടെ ഒന്നുമില്ല. ഞങ്ങളിപ്പോൾ കഴിച്ചുകൊണ്ടിരിക്കുന്ന ഇഡ്ഡലിയും ദോശയും മാത്രമുണ്ട്. രാത്രി ഹോട്ടൽമുറിയിലെ അവിയുന്ന ചൂടിലിരിക്കുമ്പോൾ, പൂക്കളുടേയും മേഘങ്ങളുടേയും നാട്ടിൽനിന്ന് ഒരു ചാണകക്കുഴിയിൽ വീണപോലെ തോന്നി.

... ... ...

## ഫെബ്രുവരി ഇരുപത്:

രാവിലെ നാലുമണിക്കാരംഭിച്ച ബസ്സുയാത്ര ഇവിടെ—കൊടൈക്കനാലെന്ന സുഖിയന്മാരുടെ നാട്ടിൽ ഞങ്ങളെയെത്തിച്ചു. ഇവിടെ, ധാരാളം വെളുത്ത പാശ്ചാത്യക്കുട്ടികളുണ്ട്, നല്ല ബുദ്ധിയുള്ളവ. ഒരുത്തനെ ഷാജി ഇംഗ്ലീഷിൽ എന്തോ കളിയാക്കി. അതിനുമറുപടിയായി അവൻ ശുദ്ധമലയാളത്തിൽ നിഘണ്ടുവിലില്ലാത്ത ഒരു പദം ഉറക്കെവിളിച്ചുപറഞ്ഞു. പാശ്ചാത്യരുടെ മലയാളബോധം വിളിച്ചറിയിക്കുന്ന ഒരു സന്ദർഭം.

... ... ...

വാടകയ്ക്കെടുത്ത ബോട്ടുകളിൽ, തടാകത്തിൽ ഞങ്ങൾ തുഴഞ്ഞു. ഇണയോടൊത്തിരിക്കുന്ന മറ്റൊരു തുഴച്ചിൽക്കാരനെ ഞങ്ങൾ വെള്ളത്തിൽക്കണ്ടു. അയാളും അവളും ഈയിടെ വിവാഹിതരായതാണെന്നു തോന്നുന്നു. സ്വപ്നങ്ങൾ നെയ്തു നെയ്ത് ഒരു വലിയ വലയുണ്ടാക്കി ഈ തണുത്ത വെള്ളത്തിൽ എറിയുന്ന അവർ ഞങ്ങളെ ശ്രദ്ധിക്കുന്നേയില്ല. പ്രഭാതം മുതൽ പ്രദോഷംവരെ ഈ തടാകത്തിൽ ഒഴുകി നടക്കുന്നതിന് വള്ളക്കൂലിയായി പത്തുറുപ്പികയേ കൊടുക്കേണ്ടതുള്ളൂ.

... ... ...

ഉച്ചക്ക് ഞങ്ങൾ തടാകത്തിന്റെ കരയിലെ മരങ്ങളുടെ തണലിൽ മലർന്നുകിടന്നു. ആരോ അടുത്ത വീട്ടിൽ പിയാനോ വായിക്കാൻ ശ്രമിക്കുന്നുണ്ട്. പാശ്ചാത്യരുടെ ഭംഗിയുള്ള വീടുകളാണ് ചുറ്റുപാടും.

... ... ...

ഞങ്ങൾ പിന്നീട് കൊടായ് റോഡിലെത്തി, ബസ്സുമാർഗ്ഗം. അവിടന്ന് കോയമ്പുത്തൂരേക്കും.

21-ാം തീയതി ഉച്ചക്ക് കോളേജിൽ നടന്നെത്തിയ (അന്നു ബന്തായിരുന്നു) ഞങ്ങളുടെ ഭാണ്ഡങ്ങളിൽ ഓർമ്മകളുണ്ടായിരുന്നു. എന്റെ പ്രിയപ്പെട്ടവർക്ക് കൊടുക്കാനും എനിക്കു സൂക്ഷിക്കുവാനുമായി ആനമുടിയിലെ മൂന്നുകല്ലുകൾ ഞാനെന്റെ ഭാണ്ഡത്തിൽ കരുതിയിട്ടുണ്ട്. വെറും വെള്ളാരക്കല്ലുകൾ. ഞാൻ സൂക്ഷിക്കുന്ന അതിലെ ഒരു കല്ല് എന്റെ വിലപിടിപ്പുള്ള സ്വത്താണ്. ചെറിയ ഒരു സാഹസികതയുടെ വെള്ള വെളുത്ത വെറും കല്ല്.

... ... ...

# ഇടപ്പള്ളി രാഘവൻ പിള്ള

By ഉണ്ണികൃഷ്ണൻ — ശിവവാള്ളി

വള്ളത്തോൾ, ആശാൻ തുടങ്ങിയ മഹാകവികളുടെ സാഹിതീസപര്യക്കുശേഷം മന്ദഗതിയെ പ്രാപിച്ച മലയാള പദ്യസാഹിത്യത്തിന് പുതിയൊരു വാഗ്ദാനം നൽകാനെന്നപോലെ രണ്ടു യുവകവികൾ രംഗത്തുവന്നു. ഇടപ്പള്ളി രാഘവൻ പിള്ളയും ചങ്ങമ്പുഴ കൃഷ്ണപിള്ളയും. പാണ്ഡിത്യവും ലോകപരിചയവും കുറവായിരുന്നെങ്കിലും തോളോടുതോൾ ചേർന്ന് നവനവങ്ങളായ ആശയഗതികളുമായി നടന്നിരുന്ന ഈ യുവകവികളുടെ തൂലികകളിൽനിന്നും അടർന്നുവീണ ഊഷ്മളങ്ങളായ വരികൾകണ്ട് അന്നത്തെ കവികൾ അമ്പരന്നുപോയി. മലയാളികൾ മഹാകാവ്യങ്ങളെ മാറോടണച്ചിരുന്ന അക്കാലത്ത് ഇവർ സംഭാവന ചെയ്തതോ, ഹ്രസ്വങ്ങളും ഭാവാവിഷ്കരണങ്ങളുമായി കൊച്ചു കൃതികൾമാത്രം. പക്ഷേ, അവ ഓരോന്നും തന്നെ മാനുഷികവികാരങ്ങളെ തട്ടിയുണർത്താൻ കഴിവുള്ളവയായിരുന്നു—മനുഷ്യത്വത്തിന്റെനേർക്ക് പടവെട്ടുന്ന അനീതിയോടുള്ള വെല്ലുവിളിയായിരുന്നു.

കൊല്ലവർഷം 1084-ൽ വടക്കൻ പറവൂരിൽ ശ്രീമാൻ നീലകണ്ഠപ്പിള്ളയുടേയും ശ്രീമതി കല്യാണിയമ്മയുടേയും മകനായി രാഘവൻപിള്ള ജനിച്ചു. ജനിച്ചപ്പോൾ കരഞ്ഞ കരച്ചിൽ മാറിയത് മരിച്ചപ്പോഴാണ്. വിങ്ങിപ്പൊട്ടുന്ന ഹൃദയവും കണ്ണീരിൽ കുതിർന്ന മുഖവുമായി കുറച്ചുവർഷങ്ങൾ രാഘവൻപിള്ള ആത്മാർത്ഥതയോടെ ജീവിച്ചു. പക്ഷേ കാപട്യത്തിന്റെ കറപുരണ്ട ഈ ലോകത്തിൽ തന്റെ ആത്മാർത്ഥതക്ക് സ്ഥാനമില്ലെന്നുകണ്ട് ആ ധീരൻ തന്റെ ജീവിതം അവസാനിപ്പിച്ചു. തന്റെ ചുരുങ്ങിയ ജീവിതയാത്രക്കിടയിൽ അധികമൊന്നും എഴുതിത്തള്ളുവാൻ അദ്ദേഹം മിനക്കെട്ടില്ല. എഴുതപ്പെട്ട ഓരോ വരികളും മലയാള സാഹിത്യത്തിലെ മായാത്ത വരികളാണ്. പാണ്ഡിത്യം കൊണ്ടുമാത്രമേ കവിതയെഴുതാവൂ എന്ന വിശ്വാസം അതോടെ അസ്തമിച്ചു. ജന്മസിദ്ധമായ കവിതാവാസന സ്വജീവിതാനുഭവങ്ങളിൽക്കൂടി കടന്നു വന്നപ്പോൾ അതിന് ഹൃദയസ്പൃക്കായ ഒരാസ്വാദ്യതകൈവന്നു.

രാഘവൻപിള്ളയുടെ രചനാരീതി മലയാള ഭാഷയിൽ ഒരു പുതിയ കാൽവയ്പായിരുന്നു. സംസ്കൃതവൃത്ത പ്രേമികളുടെ ഇടയിൽനിന്നുകൊണ്ട് കൈരളിക്ക് അദ്ദേഹം കാഴ്ചയർപ്പിച്ച കനകോപഹാരങ്ങൾ അധികവും ദ്രാവിഡവൃത്തങ്ങളിലുള്ളവയായിരുന്നു. പ്രസിദ്ധ ആംഗലേയകവികളായ ബൈറൺ, കീറ്റ്സ്, ബ്രൗണിംഗ്, ഷെല്ലി തുടങ്ങിയ കവികളെയാണ് അദ്ദേഹം അനുകരിച്ചത്. ആത്മഭാവങ്ങളുടെ ആവിഷ്കാരമാണ് യഥാർത്ഥകവിത എന്നദ്ദേഹം വിശ്വസിച്ചു. അതു് കൂടുതൽ ഹൃദയസ്പൃക്കാണ്, ആസ്വാദ്യതകലർന്നതാണ്, വായനക്കാരനെ ഇരുത്തിചിന്തിപ്പിക്കുന്നതിന് പര്യാപ്തമാണ്. ആത്മാവിഷ്കരണത്തിനനുയോജ്യമായ കലാവാസന അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു. സ്വന്തം ഹൃദയവികാരങ്ങളെ മറ്റു കഥാപാത്രങ്ങളിലൂടെയാണ് സാധാരണ കവികൾ പ്രദർശിപ്പിക്കാറുള്ളത്. രാഘവൻപിള്ളക്കതിഷ്ടമല്ല. ഹൃദയവികാരങ്ങളെയും ചിന്താഗതികളെയും മറച്ചുവെക്കാതെ വെട്ടിത്തുറന്നു പറയാനായിരുന്നു അദ്ദേഹത്തിനിഷ്ടം.

ഗ്രാമഭംഗി നിറഞ്ഞൊഴുകുന്ന ഇടപ്പള്ളിയിൽ ഒരു പ്രണയം തളിരിട്ടില്ലെങ്കിലേ അത്ഭുതമുള്ളൂ. ഈ പ്രേമത്തിന്റെ പര്യവസാനമായിരുന്നു അദ്ദേഹത്തെ നിരാശയുടെ നീർച്ചുഴിയിൽ പെടുത്തി മരണത്തിനുപ്രേരിപ്പിച്ചതും. ആ തൂലികയിൽനിന്നും അടർന്നുവീണതു് സ്വന്തം കണ്ണീർക്കണങ്ങളാണ്. അതും സംഗീതാത്മകമായ ശോകച്ഛായയിൽ. ശോകാത്മകമായ കവിതക്ക് ഏതു ക്രൂരഹൃദയത്തിലും തറച്ചുകയറാനുള്ള കഴിവുണ്ട്. ഒരിക്കൽ കേട്ടാൽ അവ ഹൃദിസ്ഥങ്ങളാവുകയായി. ആന്തരികസൗന്ദര്യത്തിന് ഇത്രമേൽ വിലകല്പിച്ച മറ്റൊരു കവി മലയാളഭാഷയിൽ ഉണ്ടായിരുന്നോ എന്നു സംശയമാണ്. മറ്റു കവികൾ പുകഴ്ത്തിപ്പാടാറുള്ള ബാഹ്യസൗന്ദര്യത്തെ ആസ്വദിക്കുവാൻ രാഘവൻപിള്ള മിനക്കെട്ടില്ല. അദ്ദേഹത്തിന്റെ കവിതക്ക് പശ്ചാത്തലം സ്വന്തം ഹൃദയമിടിപ്പുകളാണ്. ആ മുരളിയിൽനിന്നു പുറപ്പെടുന്ന ഘനഗംഭീരമുള്ള മധുരസ്വരങ്ങൾ കണ്ണീരിൽ കുതിർന്ന കവിയുടെ കരളലിയിപ്പിക്കുന്ന കഥയുമാണ്.

ഇടപ്പള്ളിയുടെ ചില പ്രധാനപ്പെട്ട കവിതാസമാഹാരങ്ങളാണ് ഹൃദയസ്മിതം, മണിനാദം, തുഷാരഹാരം, അവ്യക്തഗീതം, നവസൗരഭം തുടങ്ങിയവ. അവ്യക്തഗീതത്തിൽക്കൂടി ഒഴുകിയെത്തുന്ന ആ കവിതാസരണി കൂടുതൽ കോളിളക്കമുണ്ടാക്കുന്നതു് മണിനാദത്തിലാണ്. മണിനാദത്തിന്റെ [illegible] നും സ്വന്തം ഹൃദയവേദനയുടെ ധ്വനിയാണ്.

അവ്യക്തമായ് ആ സ്വരം മരവിച്ച ചേതനയുടെ തേങ്ങലുകളാണ്. തന്റെ മുൻപിൽകണ്ട ജീവിതത്തിൽ അദ്ദേഹം വിശ്വസിച്ചു. ജീവിതപാന്ഥാവിൽ വിലങ്ങുതടികളായി രൂപംകൊണ്ട എല്ലാ വസ്തുക്കളെയും എടുത്തുമാററാൻ ആ മഹാത്മാവു ശ്രമിച്ചുനോക്കി. പക്ഷേ ഫലം നിരാശയായിരുന്നു. ഈ ചുരുങ്ങിയ കാലയളവിൽ ചില പഴമൊഴികൾ പരമാർത്ഥങ്ങളാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. ഈ തത്വചിന്തകൾ ഇടപ്പള്ളിക്കവിതകളിൽ അങ്ങോളമിങ്ങോളം അലതല്ലുന്നതുകാണാം.

"ചിരിയെന്നറിയാതെ തൂകിപ്പോയാൽ
ചിരകാലം തേങ്ങിക്കരഞ്ഞിടേണം.
ചെറുമിന്നൽകണ്ടുതെളിഞ്ഞുമേഘ-
മൊരുജന്മം കണ്ണീർപൊഴിച്ചിടേണം."

എന്നും

"അഴകിലാതരു ലേശമിട്ടെപ്പൊഴും
മെഴുകിമോടികലർത്തുമീമേടയിൽ
കഴലരൊല്പമയഞ്ഞിരുന്നീടുകിൽ
വഴുതി വീഴാതിരിയ്ക്കില്ലൊരിക്കലും."

എന്നുമുള്ള പദ്യങ്ങൾ ഉദാഹരണങ്ങളാണ്. കണ്ണഞ്ചിപ്പിക്കുന്ന പുതുമയുടെ വെളിച്ചത്തിൽ കാപട്യം ഒളിച്ചിരുന്നതു് കവികണ്ടില്ല. തന്റെ ജീവിതയാത്രക്കിടയിൽ രാഘവൻപിള്ളയും കാൽവഴുതിവീണു.

ഇടപ്പള്ളിക്കവിതയുടെ മറെറാരു പ്രധാനഗുണമാണ് അതിൽകാണുന്ന പ്രതിരൂപാത്മകത്വം അഥവാ സിമ്പോളിസം. 'ഒരു കവിതന്റെ വികാരത്തെ ധ്വനിപ്പിക്കുന്നതിനുവേണ്ടി തിരഞ്ഞെടുക്കുന്ന ഭൗതികവസ്തുക്കൾക്കും, ഭൂതാർത്ഥങ്ങൾക്കും, രംഗങ്ങൾക്കും, സംഭാവ്യതകൾക്കുംകൂടി പൊതുവേ പറയുന്ന പേരാണല്ലോ സിമ്പോളിസം. തന്റെ മുന്നിൽ കാണുന്ന ലോകത്തിൽ അദ്ദേഹം വിശ്വസിച്ചു. ഭാവിതങ്ങളെക്കുറിച്ച് അദ്ദേഹത്തിന് ചിന്തിക്കേണ്ട ആവശ്യമില്ലായിരുന്നു. നാളെയും ഇന്നലെയും അദ്ദേഹത്തിന്റെ കണ്ണിൽ നിസ്സാരവസ്തുക്കളാണ്. തകരാത്ത നീർപ്പോളയിൽ അദ്ദേഹം എഴുതുന്നു

"നീളവേ ഞാൻവൃഥാവിലായെന്തിനു—
'നാളെ'യെന്നു സമാശ്വസിച്ചീടുന്നു
നാളെ–യെന്നതെപട്ടടയിൽ തുണാ—
നാളമല്ലയോ? ഇന്നലെയാണുഞാൻ."

രാഘവൻ പിള്ളയുടെ ഓരോവരിയും സമുദായത്തിലെ അനീതികളോടുള്ള വെല്ലുവിളിയായിരുന്നു. പക്ഷേ അതുമുഴുവനാക്കാനദ്ദേഹത്തിന് കഴിഞ്ഞില്ല. ആ ഭാരമേററതു് ഇഷ്ടതോഴനായ ചങ്ങമ്പുഴയാണ്. വിശാലമായ ഈ ലോകത്തിൽ ഉററവരായി ആരെയും കണ്ടെത്താൻ കഴിയാതെ 'കരയാൻ മാത്രം രണ്ടുകണ്ണുമായ് പിറന്ന' അദ്ദേഹം തന്റെ മരണത്തിൽ അനുശോചിക്കാൻ ഒരു കരിയിലപോലുമുണ്ടാവില്ലെന്നു പറയുമ്പോൾ ആ ഹൃദയം എത്രമാത്രം വ്രണപ്പെട്ടിരിക്കണം. തന്റെ ഹൃദയാർത്തി ദാഹത്തിന് ലോകം മുഴുവനും അലഞ്ഞു തിരിഞ്ഞിട്ടും ഒരിററുവെള്ളം കിട്ടിയില്ല അദ്ദേഹത്തിന്. ഒരു വാതിലും പലവുരു മുട്ടിനോക്കിയെങ്കിലും തുറക്കപ്പെട്ടില്ല. സ്വാർത്ഥതയുടെ മുൻപിൽ മുട്ടുകുത്തിനില്ക്കുന്ന ഈ ലോകത്തിൽ ജീവിക്കുക അസാദ്ധ്യമാണെന്നദ്ദേഹത്തിനു തോന്നി. ഈ ബോധം ആത്മാർത്ഥത നിറഞ്ഞ ആ അനുഗൃഹീത കലാകാരനെ അനന്തതയിലേക്കാനയിച്ചു.

സ്വന്തം ഹൃദയത്തിൽ മെനഞ്ഞെടുത്ത ആ പ്രേമശില്പത്തിന് ഈ ലോകം വിലകല്പിച്ചില്ല. അദ്ദേഹത്തിന്റെ ഓരോ ആശാസൗധങ്ങളും അടിക്കടി തകർന്നുവീണു. ജീവിതനൗകയെ മന്ദം മന്ദം മുന്നോട്ടു നീക്കിയ മന്ദമാരുതൻ ഒരു കൊടുങ്കാററായിമാറി. കോളിളക്കത്തിൽപെട്ട് ആ തോണിമറിഞ്ഞു പോയി മരണത്തിന്റെ നാന്ദിയായ മണിയടി' മണിനാദം എന്ന കവിതയിൽനിന്നും ഉയരുന്നതാണ്.


**Lecco**

**Laboratory Equipment & Chemical Company**

Head Office :
49-C Middle Road
CALCUTTA-14

★

Branch :
Palace Road
ALWAYE
Phone : 169

"മണിമുഴക്കം മരണദിനത്തിന്റെ
മണിമുഴക്കം മധുരംവരുന്നു ഞാൻ"

വികാരപ്പാറ 'വരുന്നു ഞാൻ' എന്ന കവിതയാണ് രാഘവൻപിള്ള കൈരളിക്ക് അവസാനമായി കാഴ്ചവച്ചത്. തന്റെ പ്രണയിനിയുടെ വിവാഹമുഹൂർത്തത്തിൽ

"ഓമനേ വരുന്നുഞാൻ
വായന നിറുത്തട്ടേ
ഈമണിദീപാങ്കരം
ഞാൻതന്നെകെടുത്തട്ടേ"

എന്നവരികളോടെ ആ ജീവൻ എന്നെന്നേക്കുമായി നിലച്ചു.

**സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദാഹം ഒരുവശത്ത്. പ്രേമത്തിനുവേണ്ടിയുള്ള ദാഹം മറുവശത്ത്. ഇവ ഒത്തുചേർന്നപ്പോൾ അടക്കാനാവാത്ത ദാഹമായി ഒരുതുള്ളി വെള്ളംപോലും കിട്ടാതെ ആ ഹൃദയം നീറിനീറിമരിച്ചു.**

അങ്ങിനെ ഭാവനകൊണ്ടു വിരചിച്ചു സ്വർഗ്ഗീയസാമ്രാജ്യം ദുഷ്പ്രാപ്യമാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. നിരാശയുടെ നീർച്ചുഴിയിൽ പെട്ട് അദ്ദേഹം എഴുതി

"ചിരികയാണിതാ ഞാനൊരധഃകൃതൻ
കരയുവാനായ് പിറന്നൊരുകാമുകൻ"

പ്രേമനൈരാശ്യത്തെക്കാളേറെ സ്വാർത്ഥമതികളായ ചിലരെ ആശ്രയിക്കേണ്ടിവന്നതിലുള്ള വിഷാദവും അഭിമാനഭംഗവുമാണ് അദ്ദേഹത്തെ ആത്മഹത്യക്കു പ്രേരിപ്പിച്ചത് എന്നുപറയാം. മരണത്തിന് ഏതാനും നിമിഷങ്ങൾക്കു മുൻപെഴുതിയ അന്ത്യസന്ദേശത്തിൽ അദ്ദേഹം ഇപ്രകാരം എഴുതുന്നു. "ഞാൻ ശ്വസിക്കുന്ന വായു ആകമാനം അസ്വാതന്ത്ര്യത്തിന്റെ വിഷബീജങ്ങളാൽ മലീമസമാണ്. ഞാൻ കഴിക്കുന്ന ആഹാരമെല്ലാം ദാസ്യത്തിന്റെ കല്ലുകടിക്കുന്നവയാണ്. ഞാനുടുക്കുന്ന വസ്ത്രംപോലും പാരതന്ത്ര്യത്തിന്റെ കാരിരുമ്പാണിനിറഞ്ഞതാണ്." സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദാഹം ഒരുവശത്ത്. പ്രേമത്തിനു വേണ്ടിയുള്ള ദാഹം മറുവശത്ത്. ഇവ ഒത്തുചേർന്നപ്പോൾ അടക്കാനാവാത്ത ദാഹമായി ഒരുതുള്ളി വെള്ളംപോലും കിട്ടാതെ ആ ഹൃദയം നീറിനീറിമരിച്ചു.

അങ്ങിനെ ആത്മഹത്യയെ കാലേക്കൂട്ടിത്തന്നെ ഭാവനയിൽക്കൂടികണ്ട്, എഴുതി, ഇടപ്പള്ളി രാഘവൻപിള്ള ആത്മാഭിമാനത്തോടെ അന്ത്യശ്വാസം വലിച്ചു. ചങ്ങമ്പുഴക്ക് ഒരാത്മാർത്ഥ സുഹൃത്തുനഷ്ടപ്പെട്ടു. കൈരളിക്ക് ഒരു കണ്ണിലുണ്ണിയും. തന്റെ ആത്മാർത്ഥതോഴന്റെ മരണത്തെക്കുറിച്ച് ചങ്ങമ്പുഴ എഴുതുന്നു.

"നിശ്ചലമക്കാഴ്ച കണ്ടുനിന്നു
മൃത്യുവും പൊട്ടിക്കരഞ്ഞിരിക്കും.
ആമഹാജീവിതം മാഞ്ഞനേരം
ഭൂമിയും സ്തംഭിച്ചുപോയിരിക്കും.
വിണ്ണിലെതാരകളൊക്കെയും ക—
ണ്ണൊന്നിച്ചിറുക്കിയടച്ചിരിക്കും.
അക്കാഴ്ച കാൺകെ ചരാചരങ്ങ—
ളൊക്കെയുംഞെട്ടിത്തെറിച്ചിരിക്കും.
കായായിത്തീരാൻതുടങ്ങിയപ്പോൾ
പോയല്ലോ പോയല്ലോ പുഷ്പമേ നീ
നാളത്തെയോമൽപ്രഭാതവുമായ്
നാകത്തിൽനീപോയൊളിച്ചുവല്ലോ."

★

For Textiles

JOS BROTHERS
ERNAKULAM

# "ELSON GARMENTS"

C. S. I. Shopping Centre ALWAYE

**A Synonym for the Best Garment Making**

# "RAYMONDS"

C. S. I. Shopping Centre - ALWAYE

**FOR ANYTHING IN TAILORING AND DRY WASHING**

# ഒരു പുരാവൃത്തം

കെ. കുഞ്ഞികൃഷ്ണൻ

എല്ലാ ശക്തിയുമെടുത്ത് ഞാൻ ശവത്തിന്റെ കഴുത്തിൽ വിരലുകളമർത്തി. കണ്ണുകൾ തുറിച്ചു, നാവു പുറത്തേയ്ക്കുനീട്ടി ശവം പിടഞ്ഞു.

കട്ടികൂടിയ ഇരുട്ടാണ് എന്റെമുറിയിൽ
ജാലകങ്ങളില്ലാത്തതുകൊണ്ട്, പ്രവേശനമില്ല-
വെളിച്ചത്തിന്ന്, പ്രകാശത്തിന്ന്, സൂര്യരശ്മികൾക്ക്:

തണുപ്പിന്റെ ഊഷ്മളത ആവരണം ചെയ്യുമ്പോൾ എട്ടുകാലികളും, ചിതലുകളും, മററു ഷഡ്പദങ്ങളും ഇരതേടി ഇറങ്ങുന്നു.

അവർ എന്റെ ശരീരത്തിന്റെ ഓരോ അവയവങ്ങൾ ഭക്ഷിക്കുന്നു. തൃപ്തിയാകുമ്പോൾ തിരിച്ചു പോകുന്നു. മുറിയുടെ ഒരററത്ത് എന്റെ പഴയ കട്ടിൽ—ചിലന്തിവലകളുടെ തോരണങ്ങൾ; എന്റെ മെത്ത: വിയർപ്പിന്റെ, എന്റെമാത്രം വിയർപ്പിന്റെ ഗന്ധം ഉൾക്കൊള്ളുന്ന, എന്റെ ശരീരത്തിന്റെ ചലനംമാത്രം മനസ്സിലാക്കുന്ന മെത്ത—

ഒരിക്കലും ഞാനതിന്റെ നിറം കണ്ടിട്ടില്ല.

രൂപം കണ്ടിട്ടില്ല!

ഇരുട്ടിൽ, കട്ടികൂടിയ ഇരുട്ടിൽ എല്ലാം എനിക്കനാവശ്യമായിരുന്നു.

ഒരിക്കൽ

ചിതൽപ്പുററുകളും, ചിലന്തിവലകളും മാററി ഞാനെന്റെ പ്രിയപ്പെട്ട കിടക്കയിലേക്കുനോക്കി—

ശൂന്യം!

ഇരുട്ട് സൃഷ്ടിച്ചെടുക്കുന്ന ശൂന്യത ഞാൻ മാററി, എന്റെ സ്പർശനശക്തികൊണ്ട്.

എനിക്കിഷ്ടപ്പെട്ട, തണുപ്പിന്റെ, വിറങ്ങലിച്ചരൂപം കട്ടിലിൽ ഞാൻ കണ്ടു. കൈകൊണ്ട് തടവിനോക്കിയപ്പോൾ അതൊരു മനുഷ്യരൂപമായിരുന്നു. ഒരു ശവം.

വാതിൽ തള്ളിത്തുറന്നു ഞാൻ വെളിച്ചത്തിലേക്കു പാറിവീണപ്പോൾ, തിരിഞ്ഞുനോക്കാനുള്ള ഉൾക്കരുത്ത് സൃഷ്ടിച്ചെടുത്തപ്പോൾ, ഞാൻ ഇരുട്ടിലേക്ക് ഒളിക്കണ്ണിട്ടു നോക്കിയപ്പോൾ തോളിൽ വന്നുവീണ കൈകൾ ശവത്തിന്റേതായിരുന്നു.

ശവത്തിന്റെ കൈകൾ എന്റേതായിരുന്നു,
കണ്ണുകളെന്റേതായിരുന്നു.
മുഖം എന്റേതായിരുന്നു
കാലുകളെന്റേതായിരുന്നു.

എല്ലാ ശക്തിയുമെടുത്ത് ഞാൻ ശവത്തിന്റെ കഴുത്തിൽ വിരലുകളമർത്തി. കണ്ണുകൾ തുറിച്ചു, നാവു പുറത്തേയ്ക്കുനീട്ടി ശവം പിടഞ്ഞു.

ശവം മരിച്ചു. ഞാൻ കൊന്നു.

എന്നിട്ട് എന്റെ ശവമെടുത്ത് അതിന്റെ മുഖം എന്റെ ഉടുമുണ്ടഴിച്ച് മറച്ച് ഞാൻ നടന്നു.

വെളിച്ചത്തിലൂടെ—

☼

നിങ്ങൾക്കാവശ്യമുള്ള
എല്ലാ തുണിത്തരങ്ങൾക്കും സന്ദർശിക്കുവിൻ!!!
കെ. വി. വർക്കി & Co,
അങ്കമാലി



'mr uc' abdul khadar



college champion jose k. s.



Lest female voice geetha p.



best actor jose george



best male voice mohandas

# നാഷണൽ സർവ്വീസ്സ് സ്കീം



എൻ. എസ്സ്. എസ്സ്. അംഗങ്ങൾ "ലക്ഷം വീട്" നിർമ്മിക്കുന്ന പ്രവർത്തനത്തിൽ
"education through social service"



"യുവാക്കൾ ക്ഷാമത്തിനെതിരെ"

കനാൽ നിർമ്മാണത്തിൽ

# കലാലയവും സമൂഹവും തമ്മിൽ അടുക്കുന്നു



''സോഷ്യൽ വർക്ക് ക്യാമ്പി''നോടനുബന്ധിച്ച് നടന്ന റോഡ് നിർമ്മാണം



dr. a. k. baby opening the canal

''youth against famine''



cfficer and cadets who attended the annual training camp at south vazhakulam

ncc



# BRAINY MACHINES

GEETHA. P.

## Man's steersmen to a new age.

Any science is built on the experiments, ideas and suggestions of the past. Man plans his future and constructs his present on the solid foundation that generations of great men have laid. Cybernetics, too, has roots that go far back in time. The story of cybernetics introduces us to a world of scientific magic in which machines imitate human and animal behaviour and can free man from drudgery and boredom. It deals not only with machines, but with the human brain and nervous system-with the way in which man thinks, reacts, behaves and learns. Indeed cybernetics has shown how much man has in common with the machines he has made. The way in which some machines regulate themselves is similar to contain activities of the animal nervous system.

The term 'CYBERNETICS' is derived from the greek word 'KUBERNETES' meaning 'steersman'—steersman of a feed back mechanism. We will consider the working of a thermostat to study what is feed back. This simple device is used to keep temperature in a room or chamber at a predetermined level, say 85°C. If the temperature goes down information reaches the thermostat that the room is cold. This is called the input. The thermostat then consults its instruction which is " if the temperature in the living room falls below 85°C start the furace." It then activates the furnace to raise rhe room temperature. This is the output. But the thermostat is always alert. If the temperature exceeds 85° again it regulates the furnace.




Fig. No. 1

The diagram shows that it is a closed feed back loop because the operation of the system does not depend on any other elements and the system is self regulating, adjusting and controlling itself. It is the temperature of the room that determines whether the furnace be in operation or not, and whether or not the furnace operates determines the temperature of the room. A feed back system is thus capable of eating its own tail.

Information has been communicated and in accordance with the information the system has respondad with an action that regulates itself. It is by this " steering " process that the thermostat or any other feed back system works. The human body, too, has a thermostat like control which regulates body temperature, keeping it within certain limits, no matter what the outside temperature be. The human thermostat is in the hypothalamus, a vital area of the brain and one of the most important control centres of human being. Suppose on a hot summer day after a hurried walk along the MG road you are getting into an air conditioned theatre for seeing a film. As soon as the cold air reaches the skin, its temperature begins to drop. Nerve fibres in the skin's sense organs immediately start flashing this message to the brain in their on-off code. When the information reaches the hypothalamus, instructions are sent out to set the necessary plan of operation into effect. Signals are sent to the heart and blood vessels with instructions to alter the flow of blood pumped into the vessels at the surface of the skin, and the body temperature rises: Thus by proper actions the body temperature is kept constant.

Certain aspects of the brain have been compared with those of a computer. Signals come, into the brain from all the sense organs, each sense organ transmitting its stimuli along different kinds of nerve fibres. In the brain the cortex is the area where the impulses are sorted and send to the concerned section dealing with

that particular sense. There they are analysed, decisions are made and the answering impulse returns along the nervous system. Every sensory perception of colour, light, sound, heat, pain etc—is transmitted by electrical impulses. It is one of the miracles of nature that the animal nervous system is equipped to send the right information to the right section of the brain.

One of the most precious possessions of the human being is his memory. Not only this facility enables him to learn and function, but it provides each person with recollections of his own individual and unique past. Computer operation is composed of five essential partsviz- input, logic, memory, and output.




Fig. No. 2.

The input is the way the machine is given the information it needs to solve the problem the operator wants solved. The problem itself is also fed through the input as well as any other dates that should be kept in memory until they are used. The coded information that goes into the input is called the programme. Once the machine is programmed, the control unit takes over. It determines what operation should come next. The logic unit does all the mathematical operations that have to be done and is independent of the information stored in memory. Finally the computer has reached a solution and is ready to give an answer or to take some kind of action; this is called the out-put.

Thus it can be seen that the electronic computer operates like the brain. Studies and discussions based on making electronic machines that imitate some aspects of animal and human behaviour, paved the way for the origin of ' Bionics ' (Bion = unit of life) — a sub-division of cybernetics. This is the study of similiarities and relationship between the machine and brain and of imitations of life-the construction of m a c h i n e s based on biological knowledge.

Now man is faced with increasingly complex areas of knowledge and is searching to understand his own mind and the technology the mind created. It is no longer possible to know most of what is known or to learn about almost everything The time of specialisation has come. Cybernetics seeks to find a single vocabulary and a single set of concepts to describe very different systems. Through cybernetics man will be able to find parallels and similiarities among man, his machines and his society. Thus cybernetics is man's steersman to a new age.


With the best compliments from:

COCHIN BAKERY

M. G. Road, ERNAKULAM.

# Why Educate?

Jessie Paul

**Men have become mere machines whose relationship with fellow beings has become unnatural and artifical.**

Man in the twentieth century is going ahead by leaps and bounds, casting his shell of worn out traditions far behind him. Science and technology have made him so dynamically powerful as to make him the master of the universe.

But this has created many problems too both at the national and international levels. In countries like ours people are still facing obstacles of the old dogmas, racial and religious differences, economic slavery of a few on the masses; false and faulty notions of the age long traditions are worn out but still adhered to ideology.

What we need in this present state of affairs is understanding and co-operation both on the national and international level. It is in promoting such understanding that education can play a vital role. Education, directed to the full development of the human personality and to the strengthening of respect for human rights and fundamental freedoms can further the cause of maintenance of tolerance and goodwill among nations. It's only education that enlarges the mental horizon and helps us to see the things in the broader perspective, without being affected by prejudices and narrow-mindedness.

True education can be defined in many ways. Education is the tireless pursiuit of truth, free exchange of ideas and knowledge, mutual understanding by truer knowledge of each other's lives. Only through education can national and international struggles between peoples of different religions and sects obstructing one's way of achieving national understanding be achieved. Education trains minds for a new era of social equality, economic welfare of each individual and freedom for all. As Dr. Radhakrishnan, remarked, "Education is the means for the reconstruction of society."

' Service of humanity is the service of God' should be the basic principle of education to create national and international understanding. Only this type of education can clear the dark clouds of dogmatic ideas, difference among men, and usher in a better world of mutual understanding and peace, much on the lines envisaged by Wendel Wilkie in his ' One World. '


With the best compliments of:

**JOY STORES**

ALWAYE

# പരാജയം

ശശി — മാത്തിൽ

അന്തിമയങ്ങുമ്പോളും—
ആമ്പൽവിടരുമ്പോളും
അമ്പിളിമാനത്തുദിച്ചിടുമ്പോളും
ആയിരമായിരംതാരാകുമാരികളും
താഴേക്കുനോക്കിച്ചിരിച്ചിടുമ്പോളും
ആശകളുംപൂവിട്ടുണർന്നീടുമെന്നുമെന്റെ
ആത്മാവിൽനിന്നുനീപറന്നുപോയോ?
ആനന്ദജീവിതവീഥിയിലേതൊരു
ക്രൂരപരാജയമോടിയെത്തി!
പാപിയാമീയെന്റെ
കണ്ണീരിലലിയുമീ—
ഹൃദയഗീതങ്ങളിന്നാരുകേൾപ്പാൻ!

■

# സ്വാഗതം

ഗോപകുമാർ കെ. പി.

കടന്നുവരുലോലേ എൻമനഃകവാടത്തിൽ
തംബുരുമീട്ടിക്കൊണ്ട് നഗ്നപാദയായ് വരൂ.
വെളുത്തലോലമാം കണങ്കാലിൽചാർത്തുനീ
പുഞ്ചിരിചിതറുന്ന സുവർണ്ണച്ചിലങ്കയെ.

സപ്തസ്വരത്തിനനുചാതമായ്പാദംവച്ച്
ഇമന്ദഹാസംപൊഴിച്ചെൻദേവീനീവരിക
പതക്കംപതിക്കൊരു മോതിരംചാർത്തിയനിൻ
മണിവിരലാൽ മീണ്ടതംബുരുവുമായ് വരൂ.

ഏഴാമത്തിന്ദ്രിയത്തിൽ അലിഞ്ഞുലയിച്ചുനീ
എൻമനംകുളിർപ്പിക്കാൻ വരില്ലേസുന്ദരിയായ്
ജീർണ്ണിച്ചമരംപോലെ ശോകമാം എൻഹൃദയം
പുനർജ്ജീവിപ്പിക്കുനീ ഓമലേമനോഹരി.

സപ്തസ്വരചഷകം നൽകില്ലേനീയെനിക്ക്
കുളിർപ്പിക്കില്ലേമമഹൃത്തംനിൻചിലങ്കയാൽ
ഞാൻനിന്നെവരിക്കുമ്പോളും എൻഹൃത്തിലിരു
ത്തുമ്പോളും
അറിയുംമഹാജനം മഹാകവിയായെന്നെ.

എന്നാശാപൂരണത്തിന്നായിഞാൻക്ഷണിക്കുന്നു
ഓമലേസർവ്വസ്വമേ എൻഹൃത്തിൽവരികനീ
സ്വാഗതമോതുന്നു ഞാൻഎന്നാശാസർവ്വസ്വമേ
തംബുരുമീട്ടിക്കൊണ്ട് നഗ്നപാദയായ് വരൂ.

★

WITH BEST COMPLIMENTS FROM:

KRISHNA
NOVELTY
STORES
COCHIN-2



post graduate representative — shine



secretary sr. day scholars association — gopinathan nair



secretary chess club — francis



secretary maths association — joseph k. i.



secretary botany association — francis



secretary physics association — vareed



secretary malayalam association — dilipkumar



secretary english association — john k. t.



secretary history association — kunjumohemad



represented raphael k. j.
kerala university thrice
in volley ball



member sunil c. jacob
state athletic team
best in the state amateurs
high jump



college champion asok. s.
represented kerala
university in hockey
and basket ball. won
c. p. andrews award
being the best athlete



represented george jacob
kerala university
in hockey



jacob n. j.
represented
kerala university
in foot-ball



attended antony a. e.
rock climbing
course at purandar



debator mathew sebastian



debator mohemadali



zone runners up

table tennis



tennis

zone runners up

# അഖിലേന്ത്യാ പട്ടീസ് കോൺഫറൻസ്

എ. കെ. സെയ്ദുമുഹമ്മദ്

കുലീനത്വത്തിന് സോഷ്യലിസ്ററു യുഗത്തിൽ സ്ഥാനമില്ലെന്ന് യൂത്തൻ വട്ടക്കണ്ണൻ ടിപ്പു സഗൗരവം പ്രഖ്യാപിച്ചു. യുവതുർക്കികളായ പട്ടികൾ അതിനെ ശക്തിയുക്തം പിന്താങ്ങി. അൽസേഷ്യൻ കൈസർ വട്ടക്കണ്ണൻ ടിപ്പുവിന്റെ മോറിനുമാന്തി.

“സർവ്വരാജ്യപട്ടികളേ നിങ്ങൾ സംഘടിക്കുവിൻ” എന്ന പ്രമേയമായിരുന്നു വട്ടക്കണ്ണൻ ടിപ്പു അവരുടെ വാർഷികയോഗത്തിൽ ആദ്യമായി അവതരിപ്പിച്ചത്. പട്ടിവംശത്തിലെ യൂത്തുവിഭാഗത്തിന്റെ നേതാവായിരുന്നു വട്ടക്കണ്ണൻ ടിപ്പു. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രമേയത്തെ യൂത്ത് പട്ടീസ് പൂർണ്ണമായി പിന്താങ്ങി. ചില വയസ്സൻസ് അതിനെ എതിർത്തെങ്കിലും അത് വിലപ്പോയില്ല. ബംഗാളിൽ നിന്നെത്തിയിരുന്ന ഒരു വയറിപെൺപട്ടിക്ക് ഒരു സംശയം: “പെൺപട്ടീസും ഈ പുരുഷപട്ടികളോടൊപ്പം സംഘടിക്കണമോ” എന്ന്. ലോകചരിത്രത്തിൽ ‘കൊടിച്ചി’ വർഗ്ഗത്തിനുള്ള സ്ഥാനത്തെക്കുറിച്ച് മൂപ്പത്തി ഒരു നീണ്ടപ്രസംഗം തന്നെ നടത്തി. കിളവനായ സുപ്രന് അത് തീരെ പിടിച്ചില്ല.

അവൻ ഒച്ചയിട്ടു “കൊടിച്ചിവർഗ്ഗത്തിനു സ്വാതന്ത്ര്യം അനുവദിക്കുകവയ്യ.” യൂത്തുനേതാവ് വട്ടക്കണ്ണൻ ടിപ്പു അതിനെ എതിർത്തു. “അവർക്കും സ്വാതന്ത്ര്യം വേണം. നാം എല്ലാം സംഘടിക്കണം. മനുഷ്യന്റെ ക്രൂരമർദ്ദനങ്ങളിൽനിന്ന് നാം വിമുക്തരാകണം. ഇത്രയുംകാലം നമുക്കൊരു സംഘടന ഉണ്ടായിരുന്നില്ല. ഇന്നതു നമുക്കുണ്ട്.” പുച്ഛസ്വരത്തിൽ മൂപ്പീന്ന് ഇടന്തു “ഇനി മനുഷ്യരെക്കണ്ടാൽ ഒരെണ്ണം വാലാട്ടിയേക്കരുത്. അവർ നമ്മുടെ വർഗ്ഗശത്രുക്കളാ. എത്ര നൂററാണ്ടായി അവർ നമ്മെ അടിമത്വത്തിൽ വച്ചുകൊണ്ടിരിക്കുന്നു. ഇനി അത് പൊറുപ്പിക്കുകവയ്യ.”

യുവകോമളനായ കൈസർ അതിനെ പിന്താങ്ങി—“നാലെന്നാൾ ദിവസം എന്റെ യജമാനന്റെ വീട്ടില്—അല്ല ആ പട്ടീടെ വീട്ടില്—ബിരിയാണി ഒക്കെ ഉണ്ടാന്ന്. എനിക്ക് കുറെ അസ്ഥികഷണം മാത്രമേ ആ നന്ദികെട്ടവര് തന്നൊള്ളൂ. അതിൽ ശക്തിയായി പ്രതിഷേധിക്കുന്ന ഒരു പ്രമേയം പാസാക്കണം. ഗവണ്മെൻറിൽ നിവേദനം നടത്തണം. ഈ അനീതിയെക്കുറിച്ച് അന്വേഷിപ്പിക്കണം.” വട്ടക്കണ്ണൻ ടിപ്പു:— “ഒരു റിട്ടയേഡ് ജഡ്ജിയെക്കൊണ്ടുതന്നെ അന്വേഷിപ്പിക്കണം.”

മുറിമൂക്കൻ പരമു ഒരു ഭേദഗതി അവതരിപ്പിച്ചു:— “അന്വേഷണക്കമ്മിററിയിൽ പട്ടീസ് അസോസിയേഷന്റെ പ്രതിനിധി വേണ”മെന്ന്. യൂത്ത് പട്ടീസ് ഭേദഗതിയെ പിന്താങ്ങി. അങ്ങനെ പ്രമേയം പാസായി. വട്ടക്കണ്ണൻ ടിപ്പു സ്റ്റേജായ വൈക്കോത്തുറുവിന്മേൽനിന്നൊന്നു ഞെളിഞ്ഞ് കോട്ടുവായിട്ട് പറഞ്ഞു:— “അപ്പോൾ അന്വേഷണക്കമ്മിററിയിലേക്കുള്ള പ്രതിനിധിയെ നാം ഉടൻ തിരഞ്ഞെടുക്കണം.”

നാടൻ പട്ടീസിന്റെ നേതാവായ മുറിമൂക്കൻ പരമു ആ സ്ഥാനമെങ്കിലും തങ്ങൾക്കുവേണ്ടി സംവരണം ചെയ്യണമെന്ന് വാദിച്ചു.

വിമൻ പട്ടീസിനുവേണ്ടി വയറി രംഗപ്രവേശം ചെയ്തു. സ്വരം അല്പം പരിഭവത്തിലാണ്:— “മുഴുവൻ സ്ഥാനങ്ങളും നിങ്ങൾ ആണുങ്ങളാണ് വീതിച്ചെടുക്കുന്നത്. ഇത്തവണ ആ പ്ലാനൊന്നും നടപ്പില്ല. അന്വേഷണക്കമ്മിററിയിലേക്കുള്ള നമ്മുടെ പ്രതിനിധി ‘വിമൻ പട്ടീസി’ൽ നിന്നുതന്നെ വേണം. അല്ലെങ്കിൽ ഞങ്ങൾ യോഗം ബഹിഷ്കരിക്കും.”— അവൾ ഭീഷണിമുഴക്കി. ‘അൽസേഷ്യൻ പട്ടീസി’നുവേണ്ടി കൈസർ ശബ്ദമുയർത്തി:—“എത്രത്യാഗം സഹിച്ചും ആ സ്ഥാനം ഞങ്ങൾതന്നെ കരസ്ഥമാക്കും. ഞങ്ങൾ കുലീനത്വമുള്ളവരല്യോ. അത് ഈ ‘നാടൻ പട്ടീ’സും അംഗീകരിച്ചേതീരൂ.”

കുലീനത്വത്തിന് സോഷ്യലിസ്ററുയുഗത്തിൽ സ്ഥാനമില്ലെന്നു യൂത്തൻ വട്ടക്കണ്ണൻ ടിപ്പു സഗൗരവം പ്രഖ്യാപിച്ചു. യുവതുർക്കികളായ പട്ടികൾ അതിനെ ശക്തിയുക്തം പിന്താങ്ങി. അൽസേഷ്യൻ കൈസർ വട്ടക്കണ്ണൻ ടിപ്പുവിന്റെ മോറിനുമാന്തി. പിന്നീടവിടെ ഒരു ബഹളംതന്നെയായിരുന്നു. യൂത്തുപട്ടീസും അൽസേഷ്യൻ പട്ടീസും തമ്മിൽ ഒരു

ഫ്ലോർവ്യൂർത്തിന് നടന്നു. 'ഫിമെൻ പട്ടീസ്'' നിഷ്പക്ഷതപാലിച്ചു. 'നാടൻ പട്ടീസ്'' കലീനതാവാദികളായ അൽസേഷ്യൻസിനെതിരെ രംഗപ്രവേശം ചെയ്തു. ''പട്ടീസ് യൂണിയൻ ഓഫ് വയസ്സൻസ്'' ഇരുകൂട്ടരേയും സ്വാന്തനപ്പെടുത്താൻ കിണഞ്ഞു പരിശ്രമിച്ചു. ഇതിനിടയിൽ കേളുവിന്റെ അവശേഷിച്ചിരുന്ന ഏകപല്ലും നഷ്ടപ്പെട്ടു. സന്നദ്ധസേനാരംഗപ്രവേശം ചെയ്ത് കാര്യങ്ങൾ നേരെയാക്കി. രംഗം ശാന്തമായതോടെ കേരളത്തെ പ്രതിനിധീകരിച്ചെത്തിയിരുന്ന കിട്ടു ''മാനവജീവിതത്തിൽ പട്ടികൾ വഹിക്കുന്ന പങ്കി''നെക്കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിച്ചു. എല്ലാ ഗ്രൂപ്പുകാരും ശ്ലി പിടിച്ചു കിട്ടു തുടർന്നു:— ''നമ്മുടെ ജോലി സമയമായ 6 P. M. തൊട്ട് 6 A. M. വരെയുള്ള 12 മണിക്കൂർ വെട്ടിക്കുറയ്ക്കണം. മനുഷ്യത്തൊഴിലാളികൾ സമരങ്ങൾ നടത്തിയതിന്റെ ഫലമായി അവരുടെ ജോലി സമയം 8മണിക്കൂറാക്കി കുറച്ചിട്ടുണ്ട്. നമുക്കും 8മണിക്കൂറിൽ കൂടുതൽ ജോലിചെയ്യാൻവയ്യ.''

യുവവിഭാഗം അതിനെയും പൂർണ്ണമായി പിന്താങ്ങി. അതിനുവേണ്ടി സമരം തന്നെ നടത്തണമെന്ന് അവർ വാദിച്ചു. ഏതുതരം സമരമുറയാണ് വേണ്ടതെന്ന് അൽസേഷ്യൻ കൈസർ സംശയം ഉന്നയിച്ചു. സമരപരിപാടി വട്ടക്കണ്ണൻ ടിപ്പു അവതരിപ്പിച്ചു. ''ഇന്നുമുതലുള്ള ആദ്യത്തെ പത്തുദിവസം മനുഷ്യനെകണ്ടാൽ ചാടി കടിച്ചേക്കണം.''—ഇത് സൂചനാസമരമാണെന്ന് ടിപ്പു വിശദീകരിച്ചു.

കേളു ഒന്നു പരുങ്ങി— ''ഈ വയസൻസിന്റെ കാര്യംകൂടി നിങ്ങൾ ഒന്നു പരിഗണിക്കണം. നിങ്ങൾക്ക് കടിയും കഴിഞ്ഞ് വേഗം ഓടാൻ കഴിയും. ഞങ്ങൾക്കതുകഴിയുമോ? അതുകൊണ്ട് ''പട്ടീസ് യൂണിയൻ ഓഫ് വയസ്സൻസിനെ അതിൽ നിന്നൊഴിവാക്കണം.''

കേളു പറഞ്ഞതാരു കേൾക്കാൻ? എങ്ങും യുവത്വത്തിന്റെ തുടിപ്പുതന്നെ.

ടിപ്പു സമരപരിപാടി വിശദീകരിക്കുകയാണ്— ''സൂചനാസമരം കഴിഞ്ഞ് ഒരു മാസത്തേക്ക് എന്നും നാം നമ്മുടെ ജോലികൾ മറന്നു തുടരണം. എന്നിട്ടും ഇതിനൊരു തീരുമാനമാകുന്നില്ലെങ്കിൽ നാം ''ഭൈരവ'' സമര''പരിപാടി ഒരു മാസത്തേക്ക് ഊർജ്ജിതപ്പെടുത്തണം. പിന്നീട് ഒരു രണ്ടു മാസത്തേക്കുകൂടി നാം തീരുമാനത്തിനുവേണ്ടി കാത്തിരിക്കണം.''

With best compliments from :

KERALA FISHERIES CORPORATION LTD.,

A GOVERNMENT UNDERTAKING

P. B. No: 1115 Shanmugham Road

ERNAKULAM :: COCHIN-11

Telephone: 32365 PBX

Telegram: 'DOLPHIN'

Telex: CN 210

കേരള പ്രതിനിധി ഇടയ്ക്കുകയറി. "എന്നിട്ടും ആ പട്ടികൾ യാതൊരു തീരുമാനവും എടുത്തില്ലെങ്കിലോ?"

ടിപ്പു:— നാം അവരെ ബഹിഷ്കരിക്കും."

കൊടിച്ചി നേതാവ് വയറിസ്സ് അപ്പറഞ്ഞതിൻെറ പൊരുൾ പിടികിട്ടിയില്ല. അവൾ ചോദിച്ചു. "ആ നായകളെ നാം ബഹിഷ്കരിച്ചാൽ അവർക്കെന്താകുഴപ്പം? നാംതന്നെ പട്ടിണികിടന്നു ചാകേണ്ടിവരും." കേരളാ പ്രതിനിധി കിട്ടുവാണ് വയറിസ്സ് ടിപ്പുവിൻെറ പ്രസ്താവന വിവരിച്ചുകൊടുത്തത്.

"നാം അവരെ ബഹിഷ്കരിച്ചശേഷം സായുധവിപ്ലവത്തിലൂടെ അവരുടെ ഭക്ഷ്യസാധനങ്ങൾ പിടിച്ചുപററം." വിശദീകരണം കൊടുക്കാൻ തലപുകഞ്ഞാലോചിച്ചുകൊണ്ടിരുന്ന ടിപ്പു കിട്ടുവിൻെറ വിശദീകരണം ഏററുപറഞ്ഞു:— "ഞാനും ആ പ്രസ്താവനകൊണ്ടുദ്ദേശിച്ചതുതന്നെയാണ്."

കൃതജ്ഞതാ പ്രസംഗത്തിൽ, പട്ടീസ് കോൺഫറൻസ് ഒരു വമ്പിച്ച വിജയമായിരുന്നുവെന്ന് കൈസർ പ്രസ്താവിച്ചു. കേളു തൻെറ നഷ്ടപ്പെട്ടപല്ലിൻെറ മോണ തടവിക്കൊണ്ടിരുന്നു. അടുത്തവാർഷികം വരുന്ന ജനവരി 2-ാംതിയതി കൂടുവാനും യോഗം തീരുമാനിച്ചു. 'പട്ടീസ് അസോസിയേഷൻ ഓഫ് ഇന്ത്യ'യുടെ അഖിലേന്ത്യാകാര്യദർശിയായി ടിപ്പുവിനേയും 'പട്ടീസ് വെൽഫയർ കമ്മിററി'യുടെ ചെയർമാനായി കൈസറിനേയും വിമൻ പട്ടീസിൻെറ പ്രസിഡൻറായി വയറിയേയും വയസൻസ് റെപ്രസെൻറററിവ് ആയി കേളുവിനേയും യോഗം തെരഞ്ഞെടുത്തു. അതിനുശേഷം യോഗം പിരിച്ചുവിട്ടു.


# G. T. N. TEXTILES LIMITED

**Post Bag No: 101**

**ALWAYE**

*MANUFACTURERS OF:*

**BEST QUALITY YARN COMBED AND CARDED**

**COUNT: 40s to 120s**

PHONE: Office & Factory: 302

TELEGRAMS: "PATODIA"

Managing Directors:

B. K. PATODIA & K. K. PATODIA

# ചിരഞ്ജീവി

എം. ജി. പൗലോസ്

ഈ പത്മാനദി ഇന്നും താഴോട്ടുതന്നെ ഒഴുകിപ്പോകുന്നു; ഇളം നീലിമയുള്ള ഇതിലെ ജലം വംഗസമുദ്രത്തിന്റെ അലമാലകളിൽ അലിഞ്ഞുചേരും.

സൂര്യൻ അസ്തമിച്ചിരിക്കുന്നു,

ഇന്നലേയും, ഇന്നും.

പത്മാനദിയുടെ നീലക്കയങ്ങളിൽ ഒളിച്ചിരുന്ന ഇരുട്ടു തലപൊക്കിത്തുടങ്ങി.

ഇരുട്ട് അസ്തമനത്തിന്റെനേരെ പല്ലിളിച്ചുകാണിച്ചു.

രക്തക്കറപിടിച്ച, കറുത്തപല്ലുകൾ!

അസ്തമനം ഞെട്ടിപ്പോയി!

ചെമന്ന ആകാശത്തിൽ വിളറിയ മേഘശകലങ്ങൾ!

അവ എങ്ങോട്ടോ യാത്രയാണ്.

ഇനി ഒരു പക്ഷേ മടങ്ങിവരില്ലായിരിക്കും. അസ്തമനത്തിന്റെ വിനാഴികയിലൂടെ ഇരുട്ട് അരിച്ചരിച്ചു കടന്നുവന്നു. ദുഃഖം എന്ന സുന്ദരി ജീവിതത്തിലേക്ക് കയറിവരും പോലെ.

ജീവിതം ദുഃഖമാണ്.

ദുഃഖം സത്യമാണ്.

സത്യം ശാശ്വതമാണ്!

ശോകച്ഛായചുരണ്ട ഏതോ ഒരു സന്ധ്യയിൽ ഈ സത്യം ആരോ എനിക്ക് പറഞ്ഞുതന്നിരുന്നു. അതും ഇവിടെവച്ചു; ഈ പത്മാനദിയുടെ ഈ മണൽ വിരിപ്പിൽവച്ചു തന്നെ.

അതു നീ ആയിരുന്നോ?

ഏതായാലും ഞാനതന്നു വിശ്വസിച്ചില്ല. പക്ഷേ, ഇന്നതു സത്യമാണെന്നു ബോദ്ധ്യമായിരിക്കുന്നു. ഞാൻ ദുഃഖിക്കുന്നു.

ദുഃഖത്തെ കണ്ടെത്തിയിരിക്കുന്നു.

ഇവിടെ ദുഃഖംമാത്രമെയുള്ളു! സൂര്യൻ അസ്തമിച്ചപ്പോൾ ആകാശം ദുഃഖിച്ചുന്നു. ചെമന്ന മേഘങ്ങളുടെ മുഖത്തും ദുഃഖത്തിന്റെ നിഴലുകൾ കാണാം. വെറുതെയല്ല അതു വിളറിയിരിക്കുന്നതു്.

വിളറിയമേഘങ്ങളുടെ ഇരുളിമ ഹൃദയത്തിൽ ഊറിക്കൂടുമ്പോൾ ദുഃഖം ഉണ്ടാകുന്നു. ദുഖം മനസ്സിൽ തളംകെട്ടുമ്പോൾ നിന്നെക്കുറിച്ചോർത്തുപോകുന്നു.

നിനക്കു മരണമില്ല;

നീ ചിരഞ്ജീവിയാണ്.

മരിക്കാത്ത ഓർമ്മകൾ ദുഃഖത്തെ ജീവിപ്പിക്കുന്നു.

ദുഃഖവും ചിരഞ്ജീവിയാണ്;

ഈ പത്മാനദിയെപ്പോലെ.

ഇതിന്റെ കയങ്ങളിലെ ഇരുളിമപോലെ.

ബന്ധനം ചിരഞ്ജീവിയായിരുന്നില്ല. അതു അറുത്തുമാററപ്പെട്ടിരിക്കുന്നു. ചെങ്കോലും ചിരഞ്ജീവിയല്ല. കാക്കിയുടുപ്പിട്ട കാട്ടാളന്മാരും ചിരഞ്ജീവികളല്ലെന്നു ബോദ്ധ്യമായിക്കഴിഞ്ഞു.

നീ മാത്രം ചിരഞ്ജീവിയാണ്.

ദുഃഖവും ചിരഞ്ജീവിയാണെന്നു തോന്നുന്നു.

പക്ഷേ നീ എവിടെയാണെന്നുമാത്രം അറിഞ്ഞുകൂടാ. പത്മാനദിയിലെ നീല ജലത്തിൽ നീ മുങ്ങിമറഞ്ഞിരിക്കയാണോ? അതോ ഈ ചണക്കാടുകളുടെ ഇടയിൽ ഒളിച്ചിരിക്കയാണോ?

വരൂ......നീ സ്വതന്ത്രയാണ്.

ഇന്ന്:

ബംഗ്ലദേശിന്റെ ഒന്നാം സ്വാതന്ത്ര്യദിനമാണ്.

അന്ന് അമ്പർഗിരിഗ്രാമത്തിലെ ചോററുപ്പു യിൽ ഞാൻ നിന്നെ തിരക്കിച്ചെന്നു. അതു ശൂന്യമായിരുന്നു.

അതിനുള്ളിൽ മരിച്ചുകിടന്നവരുടെ കൂട്ടത്തിലും നിന്റെ മൃതദേഹംപോലും കണ്ടില്ല.

അഗോറാക്കുന്നുകളിൽനിന്നും കവനരികൾ ഓ ലിയിട്ടപ്പോൾ ഞാനവിടെയും ചെന്നുനോക്കി. പക്ഷേ, നിന്നെക്കണ്ടില്ല.

ജഗൽചന്ദ്രറേയുടെ ചണക്കാടുകളിൽ ഒരു പകൽ മുഴുവൻ ഞാനലഞ്ഞുനടന്നു. അവിടെ നാലഞ്ചു യുവതികളുടെ മൃതദേഹങ്ങൾ കണ്ടു.

അങ്ങ്, അകലെ അകലെ, ആസ്സാംകുന്നുകളുടെ അപ്പുറത്ത് സൂര്യൻ അസ്തമിക്കുകയായിരുന്നു. മരിച്ച മനസ്സും മരവിച്ച ശരീരവുമായി ഞാനെവിടെയോ ഓടിനടന്നു.

അവസാനം ഈ പത്മാനദിയുടെ തീരത്ത് ആളൊഴിഞ്ഞ ഒരു പട്ടാളബങ്കർ കണ്ടു.

ഞാനുള്ളിൽ കടന്നു.

നേരിയ ഇരുട്ട്.

ഇരുട്ടിനു ചോരയുടെ മണം!

കണ്ണുകൾ പരതിനടന്നു.

ഉൽകണ്ഠയോടെ.

ഞാൻ നിന്നെക്കണ്ടു.

എന്റെ മാത്രമായിരുന്ന നിന്നെ!

നീ നഗ്നയായിരുന്നു;

ചിലേടങ്ങളിൽ ചോര ഉണങ്ങിപ്പിടിച്ചിരുന്നു.

നിറഞ്ഞ കണ്ണുകൾകൊണ്ട് ഞാൻ നിന്നെ വീക്ഷിച്ചുനോക്കി. നിന്നിൽ നീ ഉണ്ടായിരുന്നില്ല.

ജഗൽചന്ദ്രറേയുടെ ചണക്കാടുകളിൽ നീ പണിക്കു പോകുന്നതുകണ്ടിട്ടുണ്ട്.

# പ്രേമമെന്നാൽ...

പി. ററി. കുര്യൻ

പ്രേമം?
ലൈംഗികമായ ആസക്തി—നിർണ്ണായകഘടകം?
വിളക്കുകളും, പൂവൻകോഴികളും—കാമുകർ?
മാമ്പഴക്കാലങ്ങളിൽ—പ്രേമം?
അമ്പരപ്പുവേണ്ട, ആശങ്കവേണ്ട, അശ്ലീലചിന്ത വേണ്ട,
പ്രേമിച്ചുകൊള്ളട്ടെ.

പ്രേമം എന്ന വാക്കിന് ജീവിതം എന്നുപറയുന്നിടത്തോളം പഴക്കമുണ്ടെന്ന് വേണമെങ്കിൽ പറയാം. യുവഹൃദയങ്ങളിലെന്നല്ല പ്രായഭേദമെന്യെ അത് മനുഷ്യരിൽ വിവിധ അളവുകളിൽ അന്തർലീനമായിരിക്കുന്നുവെന്നാണ് മനഃശാസ്ത്രഅഭിമതം. ''കനകംമൂലം കാമിനിമൂലം'' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന എത്രയോ സംഭവ വികാസങ്ങളാണ് ലോകത്ത് നടന്നിട്ടുള്ളത്. കാമിനിക്കുവേണ്ടി പടവെട്ടിയ സലിമും കിരീടം വലിച്ചെറിഞ്ഞ എഡ്വേർഡ് എട്ടാമനും കാമിനിയുടെ സാന്നിദ്ധ്യത്തിൽ സർവ്വവും മറന്ന ഒമർഖയ്യാമും ഇതിനുദാഹരണങ്ങളല്ലെ? മാനവരാശിയെ ആദികാലം മുതൽ സ്വാധീനം ചെലുത്തിയ ഒരു വികാരവിശേഷമാണ് പ്രേമം എന്ന് കാണിക്കാനാണ് ഞാനിത്രയും പറഞ്ഞത്.

വിശ്രുതനായ മാനസിക വിശ്ലേഷണവിചക്ഷണനായ ഫ്രോയിഡ് പറയുന്നത് ''ജീവിതത്തിലാദ്യന്തം മനുഷ്യനിൽ സ്ഥാനം പിടിച്ചിരിക്കുന്ന സ്ത്രീപുരുഷപ്രേമം നൈസർഗ്ഗികമായ ഒരു സിദ്ധിയാണെ''ന്നാണ്. ഗ്രീക്കുപുരാണങ്ങളിൽ ഒരു കഥയുണ്ട്. ലോകത്തിന്റെ ആരംഭത്തിൽ അർദ്ധനാരികളും അർദ്ധപുരുഷന്മാരുമായ ജീവികളാണുണ്ടായിരുന്നത്. ഒരു വ്യക്തിയിൽത്തന്നെ സ്ത്രീയും പുരുഷനുമുണ്ടായിരുന്ന ഇവർ അഹന്തമൂത്ത് ദൈവവുമായി ലഹളക്കൊരുങ്ങി. കോപിഷ്ഠനായ ''സ്യൂസ്'' എന്ന ദൈവം അവരെ ആണും പെണ്ണുമായി വേർപെടുത്തി പലയിടങ്ങളിലാക്കി. അന്നുമുതൽ ആ പകുതികൾ ഒന്നിച്ചുചേരാൻ കൈക്കൊള്ളുന്ന വെമ്പലിനാണ് പ്രേമമെന്ന് പറയുന്നത്. അതെങ്ങിനെയുമാകട്ടെ.

എന്താണീ പ്രേമം? സ്ത്രീപുരുഷന്മാർക്ക് പരസ്പരം തോന്നുന്ന ഒരു വിശേഷ ആകർഷണത്തിനോ വികാരത്തിനോ പ്രേമമെന്ന് നാമകരണം ചെയ്യാം. പക്ഷെ ഇത് തികച്ചും പൂർണ്ണമല്ല. കാരണം പ്രേമം ഒരു വികാരവിശേഷം മാത്രമല്ല. ബാല്യത്തിൽനിന്ന് ആൺകുട്ടികളും പെൺകുട്ടികളും കൗമാരത്തിലേക്ക് കാലൂന്നുന്നവേളയിൽ ആണ് പ്രേമമെന്ന വികാരവും അങ്കുരിക്കുന്നത്. താരുണ്യപ്രാപ്തി (Puberty) ബാലികാബാലന്മാരുടെ അതിപ്രധാനമായൊരു പരിണാമഘട്ടമാണ്. അപ്പോൾ ആൺകുട്ടികളിൽ ഒരുതരം അലസതയും ആത്മവിശ്വാസവും സാഹസോത്സുകതയും ഒക്കെ തെളിഞ്ഞുകാണാം. ഇതിനു സമാന്തരമായ ലക്ഷണങ്ങൾ പെൺകുട്ടികളിലും ദർശനീയമാണ്. ഇവിടെയാണ് പ്രേമത്തിന്റെ ആരംഭം കുറിക്കുന്നത്. അയൽപക്കത്തെ സമപ്രായക്കാരിയായ പെൺകുട്ടിയോടോ സഹപാഠിയായ മറെറാരു പെൺകുട്ടിയോടോതോന്നുന്ന പ്രത്യേകത പ്രേമമായി രൂപാന്തരപ്പെട്ടെന്നുംവരാം. അവളുടെ ഭാവങ്ങൾ, സംസാരം, നടത്തയുടെ ചന്തം ഇതെല്ലാം ഈയവസരത്തിൽ കുമാരനെ പുളകമണിയിച്ചുവെന്നുവരാം. ഒരു മികച്ച ഗായകനോ രസികനോ ആയ ഒരു ആൺകുട്ടിയോടും ഒരു പെൺകുട്ടിക്ക് ഈവക വികാരങ്ങൾ തോന്നാം. അടുത്തപടി സിനിമയിലും നാടകത്തിലുംമററും കാണുന്നതരത്തിലുള്ള നായികയും നായകനുമായി തങ്ങളെത്തന്നെ താദാത്മ്യപ്പെടുത്തുകയും സ്വപ്നംകാണുകയും ചെയ്യുക എന്നതാണ്. ഇതൊക്കെ ഇത്തരക്കാർക്ക് എത്ര ആനന്ദദായകമാണെന്നോ! ഹൃദയേശ്വരനെയോ ഹൃദയേശ്വരിയെയോ സങ്കൽപ്പിച്ച് തന്നത്താൻ പ്രേമക്കത്തുകളും അവയ്ക്കുള്ള മറുപടികളും എഴുതി നിർവൃതികൊള്ളുന്ന പലരുമുണ്ട്.

പ്രേമം മിക്കവാറും കീഴ്പ്പെടുത്തുന്നത് മാനസികമായുള്ള ബലഹീനരെയും സ്വപ്നവിഹാരികളെയുമാണ്. ലൈംഗികമായ അ...ണ് പ്രേമത്തിന്റെ നിർണ്ണായക... ദിക്കുന്നവരാണ് ഫ്രോ... ഒരളവുവരെ ഇത്... പൂർണ്ണമായി ഇ...

വൈകിട്ട് പത്മാനദിയിലെ നീലക്കയങ്ങളാകെ നീ നീന്താൻ വരാറുണ്ട്. എന്നിട്ട് ആസ്സാമിന്റെ കുന്നുകളിലെ അസ്തമനമേഘങ്ങളിലേക്ക് പോകും. നീ അവിടെയാണോ ജീവിക്കുന്നത്?

ഇങ്ങോട്ടുപോരൂ...

നിന്റെ ജന്മഭൂമി ഇന്നുസ്വതന്ത്രമാണ്.

ഇന്നും പത്മാനദിയുടെതീരത്ത് ഞാൻ നിന്നെ കാത്തിരിക്കുന്നു. പക്ഷേ, നീ എന്റെ അടുക്കലേക്ക് വരാറില്ല. അതാ, ദുഃഖം എന്ന നിന്റെ കൂട്ടുകാരി വരുന്നുണ്ട്. അവളും ചിരഞ്ജീവിയാണ്; നിന്നെപ്പോലെതന്നെ.

... ... ...

യില്ല. ലൈംഗീകതൃഷ്ണകൾക്ക് പ്രേമത്തിന്റെ നിർണ്ണായക ഘടകമെന്ന സ്ഥാനം കൊടുക്കുന്നതെങ്കിൽ അതിന്റെ സാഫല്യത്തോടുകൂടി പ്രേമസാഫല്യമുണ്ടാകേണ്ടതാണ്. അതായത് ലൈംഗികതൃഷ്ണ നിലച്ചാൽ പ്രേമം നശിക്കണമെന്ന്. ഇത് വാസ്തവമാണെങ്കിൽ വിട്ടുകാളകൾക്കും പൂവൻകോഴികൾക്കും പ്രേമമുണ്ടെന്നും സമ്മതിക്കേണ്ടിവരും.

പ്രഥമദർശനത്തിലാണ് പ്രേമം അങ്കുരിക്കുന്നതെന്ന ചില വാദഗതിക്കാരുണ്ട്. പക്ഷെ പ്രേമത്തെപ്പററി ഗാഢമായി ചിന്തിച്ചാൽ ഇത്തരത്തിലൊന്ന് പ്രേമമല്ലെന്ന് പറയാം. അവിചാരിതമായി പാക്കിലോമറേറാവച്ച് ഒന്നുകണ്ട് പെട്ടെന്നങ്കുരിച്ച ഒരാകർഷണത്തെ പ്രേമത്തിന്റെ പട്ടികയിൽപ്പെടുത്താനാവില്ല. ഇതിനെ വേണമെങ്കിൽ ഒരു Physical Attraction എന്നുപറയാം.

സ്വതന്ത്രമായി ഇടപെടാനുള്ള അവസരം ലഭിക്കുമ്പോൾ ഒരു പക്ഷെ പ്രേമം ഉടലെടുത്തേക്കാം. ഒരേ ക്ലാസ്സിൽ പഠിക്കുന്നവരും അയൽപക്കത്തുള്ളവരും തമ്മിൽ പ്രേമബന്ധമുണ്ടാകുന്നത് ഇപ്രകാരമാണെന്ന് പറയാം. ഇതിനെത്രത്തോളം സ്ഥായീഭാവമുണ്ടായിരിക്കുമെന്ന കാര്യത്തിൽ എനിക്കഭിപ്രായമില്ല. പരിചയവും അന്യോന്യം അനുകമ്പ കാണിക്കാനുള്ള ശ്രമവും പ്രേമത്തിന് വഴിതെളിക്കാറുണ്ട്. മുമ്പ് സൂചിപ്പിച്ചപോലെ യാദൃശ്ചികമായി നടന്ന കൂടിക്കാഴ്ചകൾ വീണ്ടും വീണ്ടും ഉണ്ടാവുകയും ചെയ്താൽ അവയും പ്രേമബന്ധത്തിന് കളമൊരുക്കും.

ഇനി മറെറാരുവിധത്തിലുള്ള പ്രേമമുണ്ട്. ''പ്രേമിക്കാൻ വേണ്ടിയുള്ളപ്രേമം'' ഇതിനെ മുൻ പറഞ്ഞ ഒന്നുമായും ബന്ധപ്പെടുത്തുക സാദ്ധ്യമല്ല. ഇത് ഒരുതരം Temptation എന്ന് വേണമെങ്കിൽ പറയാം. സ്നേഹിതരുടെ പ്രണയചേഷ്ടകൾകണ്ടോ പ്രേമകഥകൾ വായിച്ചോ ചിലക്ക് അതിനെപ്പററി മനസ്സിലാക്കാനൊരാസക്തിയുണ്ടാകും. ഏതെങ്കിലും ഒന്നിനെകണ്ടുപിടിച്ച് പ്രേമിക്കലാണ് അടുത്ത പടി. മററുള്ളവരുടെ സൗമ്യമായ പെരുമാററവും മററും ഇത്തരക്കാർ തെററിദ്ധരിക്കാനിടയുണ്ട്. നമ്മുടെ കോളേജിലെ മാഞ്ചുവട്ടുകളിലും മററും ഇടവേളകളിൽ കാണാറുള്ള നർമ്മസല്ലാപങ്ങളെ വേണമെങ്കിൽ ഇക്കൂട്ടത്തിൽപ്പെടുത്താം.

പ്രേമമെന്ന പറയുന്നത് ഏതോ അന്യാദൃശ അനുഭൂതി വിശേഷമാണെന്നൊന്നും തെററിദ്ധരിച്ചുകളയരുത്. മനുഷ്യസഹജമായ സർവ്വവികാരങ്ങൾക്കുമൊപ്പം സ്ഥിതിചെയ്യുന്ന ഈ വികാരം എല്ലാവരിലും വിഭിന്നാവസ്ഥയിൽ അന്തർലീനമായിരിക്കുന്നു. പ്രേമം ആശങ്കയും അമ്പരപ്പും അശുഭചിന്തയുമൊക്കെ പ്രേമം മൂലം ഉണ്ടാകുന്നുവെങ്കിൽ അത് നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയിലുള്ള അപൂർണ്ണതമൂലമാണ്.

കവിത

# ജീവിതത്തോണി

കെ. വി. രാധ

നീലയററകണ്ണീരിന്നാഴിയിലിത്തോണി
പലനാളായ് യാത്രതുടന്നിട്ടനു
ജീവിതം ദുഃഖമാണിന്നെനിക്കെങ്കിലു—
മിക്കൊച്ചുതോണിതുഴഞ്ഞിട്ടും ഞാൻ
ഇരുളണിക്കാറുകൾചുററും നിറകിലും
എന്നോടം പൊന്നോടംപാഞ്ഞുപോകും
കാലംതൻ തണ്ടുവലിക്കൊണ്ടുനീങ്ങിടും
ഏകാന്തയാത്രയീമൂകമാം തോണിയിൽ
അയ്യയ്യോതെററിയെന്നാശകളിന്നെല്ലാം
തള്ളിക്കയറുന്നവെള്ളമിത്തോണിയിൽ
എങ്ങുനിന്നെങ്ങുനിന്നീവെള്ളച്ചാലുക-
ളാകെതകരുന്നോ മോഹജാലം?
ആശതന്നായിരം പൂക്കൾവിരികിലും
ശാശ്വതമാവുകില്ലേറെയൊന്നും.

★

For all kinds of
Piece Goods and Wedding Sarees

◆

RATHNA MAHAL
Alwaye, Alleppey, Quilon

നീ ചിരഞ്ജീവിയാണ്.
മരിക്കാത്ത ഓർമ്മകൾ ദുഃഖ
ദുഃഖവും ചിരഞ്ജീവിയാണ്;
ഈ പമ്പാനദിയെപ്പോലെ.




**Visit SEEMATTI**
**Leading Textile dealers of Kerala**

# SEEMATTI

M. G. Road, Ernakulam, Cochin 11, Tel: 33216

OTHER SHOPS:

Alleppey, Kottayam, Quilon, Changanasserry, Pathanamthitta, Thiruvalla and Gouri Mahal (Alleppey)

Managed by

S. VEERIAH REDDIAR

# ലളിതേ, ചിരിക്കൂ!

മോഹൻ ജേക്കബ്ബ്. പി.

ക്ലാസ്സുകാരി ആരെയോ നോക്കിച്ചിരിച്ചപ്പോൾ...ഞാൻ അമ്പരന്നു.

"ലളിതേ ... ചിരിക്കൂ ... ഒന്നുകൂടി ... ഒന്നുകൂടിയെങ്കിലും"...എൻെറ മനസ്സു മന്ത്രിച്ചു. പക്ഷെ എൻെറ കണ്ണുകളെ എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഓ...അവളുടെ ചിരിയാണു്. അവളുടെ തന്നെ. എൻെറ അനുജത്തിയുടെ, വർഷങ്ങൾക്കു മുൻപ്...

"ഏട്ടാ"...തൊണ്ടയിടറി.

"അനിയത്തീ..."

"എൻെറ ഏട്ടൻ വിഷമിക്കരുതേ..." ആ കണ്ണുകൾ നിറഞ്ഞു. സന്ധ്യമയങ്ങിയിരുന്നു.

"ഞാൻ...പോവട്ടേ...ഏട്ടാ...ഏട്ടാ."

അവൾപോയി. അനന്തതയുടെ തീരത്തേക്കു്. എൻ്റെ എല്ലാം തകർന്നിരുന്നു. സകലതും. ജീവിതം ഒരു ഭാരമായിത്തുടങ്ങി. അടക്കാനാവാത്ത ദുഃഖത്താൽ ഞാൻ ഒരു ഭ്രാന്തനെപ്പോലെ നടന്നപ്പോൾ എൻെറ വീട്ടുകാർ പല്ലിറുമ്മി! നാട്ടുകാർ പരിഹസിച്ചു.

"നാണം കെട്ടവൻ"

"ആ വാക്കുപറയരുതു്"!

"പറഞ്ഞാൽ...!!"

"തല്ലും"

"എന്നാൽ കാണട്ടെ!!"

..............................

തലയിൽ നാലഞ്ചു കെട്ടുകളുമായി ആശുപത്രിയിൽ കിടന്നപ്പോൾ, മരുന്നുകളുടെ മണം മൂക്കിലേക്കു കടന്നുവന്നപ്പോൾ...എൻെറ അനിയത്തി എൻെറ ഹൃദയത്തിൻെറ ശ്രീകോവിലിൽ വന്നുവിളിച്ചു.

"ഏട്ടാ"...

എൻെറ ഡെയിസിയെ ഞാൻ സ്നേഹിച്ചതാണു്. അനുജത്തിയായി. ഞങ്ങളുടെ ആത്മാവുകൾ ഇഴുകിച്ചേർന്നതാണു്. ഒരിക്കൽ കോവണിപ്പടികളിൽ പായൽ പിടിച്ചിട്ടുണ്ടായിരുന്നു. ഞാൻ ധൃതിയിൽ പടികൾ

ഇന്നു് അവളില്ല. അവരും പോയി, എൻെറ ... ലളിതയുടെ ചിരികാണുമ്പോൾ നിഷ്ക... ന്ന എൻെറ ഡെയിസിയുടെ ചിരിയാണു്...

ചവിട്ടിക്കയറി—ഞാൻ കാൽവഴുതി വീണു. അയൽപക്കത്തെ അവളുടെ മൺകുരയിൽനിന്നും ഞാനത്തി ഭയന്നോടിവന്നപ്പോൾ—അവൾ പൊട്ടിക്കരഞ്ഞുപോയി... പ്ലാസ്റ്ററിട്ട വലതുകയ്യിൽ നോക്കി നിറകണ്ണുകളുമായിനിന്ന ആ പെൺകുട്ടിയെ ഞാനെങ്ങനെ "അനുജത്തി"യെന്നു വിളിക്കാതിരിക്കും.

ഉണ്ണാറാകുമ്പോൾ

"ഏട്ടൻ ഉണ്ടോ?"

"ഉണ്ടു"

"ഞാനും ഉണ്ണട്ടെ" തിരക്കുപിടിച്ചു് ആ പാവാടക്കാരി അവളുടെ വീട്ടിലേയ്ക്കോടിപ്പോകും.

"ഏട്ടൻ കളിച്ചോ?"

"ഇല്ല."

"എന്നാൽ ഞാനും കളിക്കുന്നില്ല"

എൻെറ അനുജത്തിയും കളിക്കില്ല.

പലരും പലതും പറഞ്ഞു.

"മോശക്കാരനല്ല"

"ഇതത്ര നന്നല്ല."

"പെണ്ണു വളർന്നു വരികയാണു്."

"നീയവളോടു് ഇനി മിണ്ടരുതു്."

"മിണ്ടും"

"അച്ഛനറിയും"

അച്ഛനറിഞ്ഞു. എല്ലാവരുമെല്ലാവരുമറിഞ്ഞു. ഞങ്ങൾ പ്രേമബന്ധത്തിലാണെന്നു വിചാരിച്ചു. അവൾ എൻെറ വീട്ടിൽ വരാതെയായി. എങ്കിലും ആ മൺകുരയുടെ വാതില്ക്കൽനിന്നു ചിരിക്കും. ഇന്നു് അവളില്ല. അവരും പോയി, എൻെറ അനുജ... ത്തിപോയി. ലളിതയുടെ ചിരികാണുമ്പോൾ നിഷ്കളങ്കതയുടെ നിറകുടമായിരുന്ന എൻെറ ഡെയിസിയുടെ ചിരിയാണു് വേഗം ഓർമ്മവരിക.

"ലളിതേ, ചിരിക്കൂ.....ഒന്നുകൂടിയെങ്കിലും"—



basket ball

winners 'mace' trophy
runners up 'manorama trophy'



volley ball

zone runners up



women captains



men captains

# ആശാന്റെ സ്നേഹസങ്കല്പങ്ങൾ

എസ്. കൃഷ്ണൻകുട്ടി

സ്നേഹം കുളിർനിലാവുപോലെ സുഖത്തെ പ്രദാനം ചെയ്യുന്ന
അദ്ദേഹം സ്നേഹഗായകനായിരുന്നു

മലയാളികൾക്ക് ഒരിക്കലും മറക്കാനാകാത്ത ഒരു മഹാകവിയാണ് കുമാരനാശാൻ. ഭാഷാകവിതയിൽ നൂതന പരീക്ഷണങ്ങൾ നടത്തി വിജയം വരിച്ച ആ മഹാശയന്റെ കൃതികൾ ഇന്നും സഹൃദയരെ കോരിത്തരിപ്പിക്കുന്നു. ക്ലാസിക്, നിയോ–ക്ലാസിക് തുടങ്ങിയ പ്രസ്ഥാനങ്ങളിൽനിന്നു പൂർണ്ണമായും ഒഴിഞ്ഞുനിന്ന് ഭാഷാകവിതയിൽ കാല്പനികത്വത്തിന്റെ ആരംഭം കുറിച്ചവരിൽ പ്രധാനിയാണ് ഈ പ്രതിഭാശാലി. ജീവിതത്തിന്റെ വിവിധ വശങ്ങളെപ്പററി പേർത്തും പേർത്തും പഠിച്ച് ജീവിതയാഥാർത്ഥ്യങ്ങളെ സൗന്ദര്യത്തിന്റെ പരിവേഷമണിയിച്ച് അവതരിപ്പിക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അന്യാദൃശമായിരുന്നു. പാരമ്പര്യങ്ങൾക്കു മുഴുവനായി വശംവദനാകാതെ സ്വതന്ത്രമായി കവിതയെഴുതിയ ആദ്യത്തെ മലയാളകവിയും ആശാൻ തന്നെ

സാമുദായികമായി അനവധി അന്ധവിശ്വാസങ്ങളും, അനുഷ്ഠാനങ്ങളും വച്ചുപുലർത്തിയിരുന്ന ഒരു കാലഘട്ടത്തിലാണ് ആശാൻ ജനിച്ചത്. സമുദായത്തിന്റെ ഗതി വിഗതികൾക്കൊത്തു ജീവിക്കാതെ അതിൽനിന്നകന്നുനിന്നു സ്വതന്ത്രമായി ചിന്തിക്കുകയാണ് ആശാൻ ചെയ്തത്. അന്ധവിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ആരാധനാക്രമങ്ങളെയുംപററി സ്വതന്ത്രമായി ചിന്തിക്കുവാനും ആവശ്യമെങ്കിൽ എതിർക്കുവാനും അദ്ദേഹം സന്നദ്ധനായിരുന്നു. അദ്ദേഹത്തിന്റെ മിക്ക പ്രധാനകൃതികളും ഇതിനുസാക്ഷ്യം വഹിക്കുന്നു. ആദ്ധ്യാത്മിക സ്വഭാവത്തോടുകൂടിയതും അതേസമയം ഉദ്ബോധനാത്മകവുമായിരുന്നു അദ്ദേഹത്തിന്റെ കൃതികളെല്ലാംതന്നെ. പ്രതിഭാശാലിയായ അദ്ദേഹത്തിൽനിന്നും കൈരളിക്കു കിട്ടിയിട്ടുള്ള അമൂല്യസമ്പത്തുകൾ അനവധിയാണ്. വീണപൂവ്, നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, പ്രരോദനം തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്.

എന്താണ് ആശാൻകവിതയുടെ കാതലായ അംശം? തീർച്ചയായും സ്നേഹംതന്നെ. അദ്ദേഹം സ്നേഹഗായകനായിരുന്നു. വിവിധകൃതികളിൽക്കൂടി സ്നേഹത്തിന്റെ വിഭിന്ന ഭാവങ്ങൾ വർണ്ണിക്കുകയായിരുന്നു ആശാൻ ചെയ്തത്. അദ്ദേഹത്തിന്റെ സ്നേഹസങ്കല്പം ആധ്യാത്മിക സ്വഭാവത്തോടുകൂടിയതും വിശ്വം മുഴുവൻ നിറഞ്ഞുനിൽക്കുന്നതുമായിരുന്നു. സചേതനാ ചേതനമിപ്രപഞ്ചം സർവ്വം വിളക്കുന്ന കെടാവിളക്കായും സമസ്തഭവ്യങ്ങളുമുള്ളിലാഴ്ത്തുന്ന കടലായും" ആണ് അദ്ദേഹം സ്നേഹത്തെ സങ്കല്പിച്ചിരിക്കുന്നത്.

ജീവിതത്തിന്റെ മഹത്വം തന്നെ സ്ഥിതിചെയ്യുന്നത് സ്നേഹത്തിലാണ്. സ്നേഹം അഗാധവും പരപ്പാർന്നതുമത്രേ. സഹോദരപ്രണയം മുതൽ വിശ്വസ്നേഹം വരെ വ്യാപിച്ചിരിക്കുന്നു, സ്നേഹം. "അണു

ഓർമ്മിക്കുക!!!

ഓർമ്മിക്കുക!!!

കുറിയിൽ ചേരുന്നതിനു് ഒരു വിശ്വസ്ത സ്ഥാപനം

**കേരളാ കുറീസ് (P) ലിമിറ്റഡ്, ആലുവാ**

Phone : 490

ഞങ്ങൾ പുതുതായി തുടങ്ങുന്ന **18**-ാം നമ്പർ കുറിയിൽ ഉടൻ അംഗങ്ങളായിചേരുക

വിവിധ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനു് കുറിദിവസം തന്നെ സംഖ്യകൾ അടക്കുക—

ജീവിയിലും സഹോദരപ്രണയം തൽകൃപയാലെ തോന്നണം'' എന്ന് ആശാൻ പറയുന്നു. ഈ ലോകത്തിലെ ജീവികൾ എല്ലാം തന്നെ പരസ്പരബന്ധത്തോടുകൂടിയും സമാധാനപരമായും വർത്തിക്കുന്നത് സ്നേഹം മൂലമാണ്. സ്നേഹം കുളിർനിലാവു പോലെ സുഖത്തെ പ്രദാനം ചെയ്യുന്നു. അന്യോന്യം മനുഷ്യർ സ്നേഹിച്ചില്ലെങ്കിൽ മനുഷ്യജീവിതംതന്നെ നിരർത്ഥകമാണ്.

സ്നേഹം നിർമ്മലമാണ്, അതു് ആത്മീയ സുഖത്തെ പ്രദാനം ചെയ്യുന്നു. മോഹത്തിൻെറ കറപുരണ്ടാൽ സ്നേഹം നിരർത്ഥകമാണെന്നാണ് ആശാൻെറ പക്ഷം.

''സ്നേഹമാം കുളിർപൂനിലാവു
പരന്നു സർവ്വവുമേകമായ്
മോഹമാമിരുൾനീങ്ങിനിൻെറ
മഹത്വമുള്ളിൽ വിളങ്ങണേ!''

എന്നദ്ദേഹം പറയുന്നു.

യഥാർത്ഥസ്നേഹം ത്യാഗത്തിൽ അധിഷ്ഠിതമാണ്. സ്നേഹത്തിനുവേണ്ടി അനുഷ്ഠിക്കുന്ന ത്യാഗങ്ങളാകട്ടെ മഹത്തരവുമാണ്. അതു് ജീവിതത്തെ ധന്യമാക്കുകകൂടി ചെയ്യുന്നു.

''അനുജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ''

എന്നാണ് അദ്ദേഹം നളിനിയിൽ പറയുന്നതു്. ''പുരുഷന്നുപുമർത്ഥഹേതുവും'' ''തരുണിക്കു തരുണീഗുണങ്ങളുമാണ്'' സ്നേഹം. സ്നേഹം നിത്യവും അതേസമയം പരിശുദ്ധവുമാണ്. ഈ ലോകജീവിതംതന്നെ അല്പമെങ്കിലും ആശ്വാസകരമായി ഭവിക്കുന്നതു് സ്നേഹം കൊണ്ടാണ്. പരിശുദ്ധമായ ജീവിതത്തിൻെറ പര്യായമാണ് സ്നേഹം. അതു് എല്ലാതരത്തിലും മനുഷ്യന് ആനന്ദമേകുകയും ചെയ്യുന്നു.

സ്നേഹത്തിൽനിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു.
സ്നേഹം താൻ ശക്തി ജഗത്തിൽ—സ്വയം
സ്നേഹം താനാനന്ദമാർക്കും.
സ്നേഹം താൻ ജീവിതം—ശ്രീമൻ—സ്നേഹ
വ്യാഹതി തന്നെ മരണം
സ്നേഹം നരകത്തിൻദ്വീപിൽ—സ്വർഗ്ഗ
ഗേഹം പണിയുംപടുത്വം.

ഈ വരികൾമാത്രംമതി ആശാൻെറ സ്നേഹസങ്കല്പങ്ങൾ വ്യക്തമാക്കാൻ.

ആശാൻെറ സ്നേഹസങ്കല്പങ്ങൾ കേവലം ''വ്യക്തിവിഷയകം'' മാത്രമല്ല. വിവിധ സന്ദർഭങ്ങളിൽ അവ വിവിധരൂപം കൈക്കൊള്ളാറുണ്ട്. ആ സ്നേഹം ഓരോ വസ്തുക്കളിലും വ്യാപിച്ച് അവസാനം വിശ്വപ്രേമമായി രൂപാന്തരപ്പെടുന്നു.

നമസ്ക്കാരമുപഗ്രഹിച്ചു വരിക ഭവാൻനിസ്വാന
നിമഗ്നനാകാതെ വീണ്ടും ലോകസേവകനായ്
പതിതകാരുണികരാം ഭവാദൃശന്മാരെ
ക്ഷിതിദേവിയ്ക്കിന്നുംവേണമധികംപേരെ.

എന്നു കരുണയിൽ അദ്ദേഹം ഉപഗുപ്തനെ ലോകസേവനത്തിനായ് ഉദ്ബോധിപ്പിക്കുകയാണ്. ലോകം അതിസമത്വസുന്ദരമായി നിലനിൽക്കണമെങ്കിൽ അതിനു പ്രേരകമായി വർത്തിക്കേണ്ടതും സ്നേഹം തന്നെ. അദ്ദേഹം പറയുന്നു :—

വ്യതിയാനത്താൽവരും വിപ്ലവംനീക്കി ലോക
സ്ഥിതിപാലിക്കേണ്ടതോ സ്നേഹഗാനങ്ങളല്ലോ.

യഥാർത്ഥസ്നേഹം പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുന്നു. ആത്മസുഖത്തിൻെറ ഒരു പര്യായം കൂടിയാണു സ്നേഹം. സ്നേഹം മനുഷ്യനെ മനുഷ്യനാക്കുന്നു. മോഹമാകുന്ന അന്ധകാരത്തെ അകറ്റുന്നതിനുള്ള ഒരു പ്രകാശംകൂടിയാണ് സ്നേഹം.


ഈടും ഭംഗിയുമുള്ള തുണിത്തരങ്ങൾക്ക്
ആലുവായിൽ മൂന്നു സ്ഥാപനങ്ങൾ

റാണി
സിൽക്ക് ഹൗസ്
റെയിൽവേസ്റ്റേഷൻ ജംഗ്ഷൻ
ആലുവാ

മഹാറാണി
കാത്തലിക് സെൻ്റർ
ആലുവാ

റാണി കട്ട്പീസ്
സെൻറർ
സബ്ജയിൽ റോഡ്
ആലുവാ

"സ്നേഹം ജഗത്തിനു ജീവിതമാംനിനയ്ക്കിൽ
മോഹാന്ധജീവിതമതിനു മഹോവിളക്കാം
ആഹന്ത കോശമിഹ ഞാനെഴുതീടിലേകം
സ്നേഹത്തിനാത്മസുഖമെന്നൊരു സംജ്ഞകൂടി

സ്നേഹത്തിനു ആത്മസുഖമെന്നൊരു പേരുകൂടി നൽകുകയാണ് അദ്ദേഹം. മാത്രമല്ല, "ലോകാനുരാഗമിയലാത്തവരെ" മനുഷ്യരായി കണക്കാക്കാൻ കൂടി ആശാന് സമ്മതമല്ല.

"സ്നേഹമാമഖിലസാരമൂഴിയിൽ
സ്നേഹസാരമിഹസത്യമേകമാം" എന്ന തത്വത്തിൽ അദ്ദേഹം എത്തിച്ചേരുന്നു.

## 'മാംസനിബദ്ധമല്ലരാഗം'

"കലർപ്പില്ലാത്ത ശൃംഗാരം" എന്നാണ് ആശാൻ കവിതയിലെ ശൃംഗാരരസത്തെ കേരളപാണിനി വിശേഷിപ്പിച്ചത്. പരിശുദ്ധമായ ശൃംഗാരത്തെ വർണ്ണിച്ച് വർണ്ണിച്ച് വെണ്മണിമഹൻ തുടങ്ങിയ കവികൾ 'പച്ചക്കാമ'മായി തരംതാഴ്ത്തുകയാണ് ചെയ്തത്. ആശാനാകട്ടെ ശൃംഗാരത്തിന്റെ കറകളഞ്ഞ് അതിനെ വിമലീകരിക്കുകയാണ് ചെയ്തത്. ബാഹ്യസൗന്ദര്യത്തെക്കാളും ആന്തരികമായി അടുപ്പം പുലർത്തുന്നതാണ് യഥാർത്ഥ അനുരാഗം.

ഉടലോർക്കുക ബാഹ്യമായതിൽ
തടവും ലോകമതീവബാഹ്യമാം
സ്ഫുട സൗഹൃദമാന്തരാത്മികം
വെടിയുന്നെങ്ങിനെ തോഴി ദേഹികൾ

എന്നാണ് യഥാർത്ഥഅനുരാഗത്തെ കവി നിർവ്വചിച്ചിരിക്കുന്നത്. ദേഹബന്ധം ഇല്ലെങ്കിൽത്തന്നെയും പരസ്പര ഹൃദയാർപ്പണം കൊണ്ടുതന്നെ പ്രേമം സാഫല്യമടയുന്നു. ആശാന്റെ 'നളിനി' പാവനസ്നേഹത്തിനുവേണ്ടി ആത്മാർപ്പണം ചെയ്ത് മരണത്തെപ്പോലും മധുരീകരിച്ച "സുകുമാരചേതനയാണ്". നളിനിയും ലീലയും അനുരാഗത്തെ വിമലീകരിക്കുകയാണ് ചെയ്യുന്നത്. പാവന അനുരാഗത്തിനുവേണ്ടി അനുഷ്ഠിക്കുന്ന ത്യാഗങ്ങൾ—മരണംപോലും—പൂജ്യധന്യവുമാണ്. അനുരാഗം ചിലപ്പോൾ ഈ ലോകത്തിൽവച്ച് സാഫല്യമടഞ്ഞെന്നു വരികയില്ല. മരണാനന്തരം അതിന്റെ മഹത്വം വർദ്ധിക്കുകയേ ഉള്ളൂ.

വിലയെഴുമനുരാഗമത്തലാൽ
ഉലയുവതല്ല മറിച്ചുമേൽക്കുമേൽ
വിലസീടുമടിയറ്റ വെള്ളിപോ-
ലുലയതിലൂതിയ പൊന്നുപോലെയും.

എന്നാണ് ആശാൻ പറയുന്നത്.

തന്റെ എല്ലാ കൃതികളും തന്നെ സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്നതിനുവേണ്ടിയാണ് ആശാൻ രചിച്ചത്. "മനോഗ്രഹയേലും ദൃഢതരമായ സഹജാമലരാഗത്തിന്റെ" സാക്ഷാൽക്കാരത്തിനുവേണ്ടി ആത്മപരിത്യാഗം ചെയ്ത നളിനിയും ലീലയും ആത്മസുഖത്തോടെയാണ് മോക്ഷപദം പ്രാപിച്ചത്. "ചണ്ഡാലഭിക്ഷുകിയിൽ" മാതംഗിക്ക് ആനന്ദനിലുണ്ടാകുന്ന അഭിനിവേശം അവസാനം വിശ്വസ്നേഹമായി രൂപാന്തരപ്പെടുകയാണ് ചെയ്യുന്നത്. പരിശുദ്ധമായ പ്രേമത്തിന്റെ സാക്ഷാത്കരമാണ് ദുരവസ്ഥയിൽ. "അനുരക്തരായധനപതികൾ കനകാഭിഷേകം കാല്ക്കൽചെയ്തു തൊഴുതാലും കനിഞ്ഞൊന്ന് അനുഗ്രഹിക്കാൻ മടിക്കുന്ന" വേശ്യയായ വാസവദത്തക്ക് ഉപഗുപ്തനെന്ന ബുദ്ധശിഷ്യനിൽ അകൃത്രിമപ്രണയം" ഉടലെടുക്കുന്നതും അവസാനം ആ ശിഷ്യന്റെ പടി പടിയായുള്ള കരുണ ചൊരിയലാൽ മോക്ഷപദം പ്രാപിക്കുന്നതും "കരുണ"യിൽ കാണാം. കൈരളിക്കെന്നപോലെ തന്നിക്കും അഭിമാനപാത്രമായിരുന്ന കേരളപാണിനി


എസ്. എച്ച് ലീഗ്
ആലുവാ—683103

ക്രിസ്തീയ പ്രമേയങ്ങൾ അവതരിപ്പിക്കുന്ന എല്ലാവിധ ഗ്രന്ഥങ്ങളും ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. പ്രസ്തുത ഗ്രന്ഥങ്ങളും മറ്റു പ്രസിദ്ധീകരണശാലകളുടെ പുസ്തകങ്ങളും ഞങ്ങളുടെ ബുക്ക്സ്റ്റാളിൽ ലഭിക്കുന്നതാണ്.

പുസ്തകങ്ങൾക്കു പുറമെ ലീഗ് പ്രസിദ്ധീകരിക്കുന്ന:

| | | | | |
|---|---|---|---|---|
| 1. | മതവും ചിന്തയും | (മാസിക) | വാർഷിക വരിസംഖ്യ | Rs. 7/- |
| 2. | പ്രേഷിത കേരളം | (മിഷൻ മാസിക) | ,, | ,, 3/- |
| 3. | കാത്തോലിക്കകുടുംബം | (കുട്ടികളുടെ മാസിക) | ,, | ,, -/85 |

ജനറൽ സെക്രട്ടറി എസ്. എച്ച്. ലീഗ്
ആലുവാ-683103

# റിപ്പോർട്ടുകൾ

## നാഷണൽ സർവ്വീസ് സ്കീം

ഡയറക്ടർ—സി. ജെ. തോമസ്.

ഈ കൊല്ലത്തെ യൂണിററ് ഇരുപതു് ഗ്രൂപ്പുകളായി തിരിക്കപ്പെട്ടു. ഓരോ ഗ്രൂപ്പും ഓരോ പ്രത്യേക ജോലിചെയ്യുതീർക്കുന്നതിലേക്കായി സജ്ജീകരിക്കപ്പെട്ടു. പരിസരങ്ങളിലെ പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുക, തുന്നൽപ്പണിയിൽ പെൺകുട്ടികൾക്കു പരിശീലനം നൽകുക, പ്ലാസ്റ്റിക് വയർകൊണ്ടു് കൗതുകവസ്തുക്കൾ നിർമ്മിക്കുക, യൂണിററിന്റെ സ്വന്തം ലൈബ്രറി തുടങ്ങുക, രക്തദാനം നടത്തുക തുടങ്ങിയവ പൂർത്തീകരിക്കപ്പെട്ട പദ്ധതികളിൽ ചിലവമാത്രമാണ്. കായികസേവന പരിപാടികളിൽ പ്രധാനമായി നടപ്പാക്കിയവ ദേശത്തേയും വെളിയന്നൂനാട്ടിലേയും റോഡുകളുടെ അററകുററപ്പണികൾ തീർക്കുക, ഏലൂക്കരയേയും മുപ്പത്തടത്തേയും ബന്ധിപ്പിക്കുന്ന ഒരു പുതിയ റോഡ് വെട്ടുക എന്നിവയാണ്. ഒരു 'യുവജന ആർട്ട്സ ക്ലബ്ബ്'' രൂപീകരിക്കപ്പെട്ടയുണ്ടായി. കൂടാതെ, യൂണിററിലെ പല അംഗങ്ങളും 'ലീഡർഷിപ്പ്' ട്രെയിനിംഗ്ക്യാമ്പുകളിൽ പങ്കെടുത്തു.

## ഫോട്ടോഗ്രാഫിക് ക്ലബ്ബ്

പ്രസിഡന്റ്—മോഹൻ തോമസ്

സെക്രട്ടറി—ജോർജ്ജ് ജോസഫ്

താമസിച്ചാണ് രൂപീകരിക്കപ്പെട്ടതെങ്കിലും വിജയകരമായി ഒരു 'ഫോട്ടോഗ്രാഫിക്' മത്സരവും പ്രദർശനവും സംഘടിപ്പിക്കാൻ ക്ലബ്ബിനു് സാധിച്ചു.

---

യുടെ വേർപാടിൽ ദുഃഖിക്കുകയാണു് 'പ്രരോദന'
ത്തിൽ. അദ്ദേഹത്തോടുള്ള സ്നേഹം കരകവി
ഞ്ഞൊഴുകുകയാണു് ഇതിൽ.

ഇങ്ങനെ ആശാന്റെ ഏതുകൃതി പരിശോധി
ച്ചാലും അതിന്റെ കേന്ദ്രബിന്ദു സ്നേഹം മാത്രമാ
ണെന്നുകാണാം. ആ സ്നേഹത്തിന്റെ വിവിധ
ഭാഗങ്ങളെ വർണ്ണിക്കുന്ന ഉദ്യമത്തിലാണു് മററുഗുണ
ങ്ങൾ വന്നുചേർന്നതു്. മറെറല്ലുഗുണങ്ങൾ ആശാൻ
കവിതകളുണ്ടായിരുന്നാലും ശരി ''സ്നേഹഗായ
കൻ'' എന്ന നിലയിലായിരിക്കും ആ 'ദിവ്യകോ
കില'ത്തിന്റെ സ്മരണ നിലനിൽക്കുക.



## മലയാള സാഹിത്യസമാജം

പ്രസിഡന്റ്—തോന്നക്കൽ നാരായണൻ

സെക്രട്ടറി—ദിലീപ്കുമാർ. ഡി.

പ്രസിദ്ധ നിരൂപകനായ ശ്രീ. മാത്യു ഉലകംതറ സമാജം ഉൽഘാടനം ചെയ്തു. യുവസാഹിത്യവിമർശകനായ ശ്രീ. കെ. പി. ശശിധരന്റെ ആശംസാപ്രസംഗത്തോടെ സാഹിത്യ പ്രവർത്തനങ്ങൾ ആരംഭം കൊണ്ടു.

അനവധി സാഹിത്യവിഭാഗങ്ങളെക്കുറിച്ച് സിമ്പോസിയങ്ങൾ നടത്തപ്പെട്ടു. മലയാളം അസോസിയേഷനുമായി കൂട്ടുചേർന്നു് ഒരു വിനോദയാത്ര സംഘടിപ്പിക്കപ്പെട്ടു. 'ഉപാസന' എന്ന കൈയെഴുത്തു് മാസികയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

## സീനിയർ ഡേസ്ക്കോളേഴ്സ് അസോസിയേഷൻ

പ്രസിഡന്റ്—പി. കെ. നാരായണ മേനോൻ

സെക്രട്ടറി—എം. എൻ ഗോപിനാഥൻ നായർ

'ഡേസ്ക്കോളേഴ്സ് ഡേ' നടത്തപ്പെട്ടു. ഡ്രാമാ ക്ലബ്ബും ചെസ്സ്മത്സരങ്ങളും സീനിയർ ഡേസ്ക്കോളേഴ്സ് അസോസിയേഷന്റെ പ്രത്യേകതകളായിരുന്നു.

## സൈക്കോളജി അസോസിയേഷൻ

പ്രസിഡണ്ട്—തോമസ് ജോൺ

സെക്രട്ടറി—കെ. മുരളീധരൻ

അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രബന്ധങ്ങളെ പുരസ്കരിച്ച് ചർച്ചകൾനടന്നു. മൂന്നാംവർഷ വിദ്യാർത്ഥികളിൽ ചിലർ ബാംഗ്ലൂരിലെ പ്രസിദ്ധ—മാനസിക രോഗാശുപത്രി സന്ദർശിച്ചു. രോഗനിർണ്ണയ രീതികളെയും ആധുനിക ചികിത്സാസമ്പ്രദായങ്ങളെയും കുറിച്ച് നേരിട്ടുമനസ്സിലാക്കാൻ ഈ യാത്ര ഉതകി.

## ഇംഗ്ലീഷ് അസോസിയേഷൻ

പ്രസിഡന്റ്—ഇ. എൻ. നാരായണൻ നമ്പ്യാർ

സെക്രട്ടറി—ജോൺ. കെ. ടി.

ക്വിസ്പ്രോഗ്രാമുകൾ' നടത്തപ്പെട്ടു. 'സാഹിത്യവും ജീവിതവും' എന്ന വിഷയത്തെക്കുറിച്ച് ഒരു സജീവചർച്ച സംഘടിപ്പിക്കപ്പെട്ടു.

## ഹിസ്റ്ററി അസോസിയേഷൻ

പ്രസിഡന്റ്—ടി. എം. മാത്യു

സെക്രട്ടറി—എ. എസ്. കുഞ്ഞുമുഹമ്മദ്

ഡോ: മാർത്താണ്ഡവർമ്മയുടെ അദ്ധ്യക്ഷതയിൽ ഒരു സെമിനാർ സംഘടിപ്പിക്കപ്പെട്ടു. പ്രൊ. സി. ടി. ബെഞ്ചമിൻ, പ്രൊ. ടി. ബി. തോമസ്, ഡോ. എ. എം. ചാക്കോ എന്നിവർ തദവസരത്തിൽ സംസാരിച്ചു. 'ആധുനികയുഗത്തിൽ ചരിത്രത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തെ ആധാരമാക്കി ഒരു ലേഖനമത്സരവും നടത്തപ്പെട്ടു.

## ഇക്കണോമിക്സ് അസോസിയേഷൻ

പ്രസിഡന്റ്–ഡാ: എം. വി. കുര്യൻ

സെക്രട്ടറി–പി. എൻ. ലക്ഷ്മണൻപിള്ള

സിംപോസിയങ്ങളും മററുപരിപാടികളും അസോസിയേഷന്റെ വകയായി നടത്തി.

## മാത്തമാററിക്സ് അസോസിയേഷൻ

പ്രസിഡന്റ്–പി. സി. ചെറിയാൻ

സെക്രട്ടറി–കെ. എൽ. ജോസഫ്

'ഗണിതശാസ്ത്രത്തിലെ ആധുനിക പ്രവണതകളെ'ക്കുറിച്ച് ഒരു സിംപോസിയം സംഘടിപ്പിച്ചു.

## ഫിസിക്സ് അസോസിയേഷൻ

പ്രസിഡന്റ്–ഇട്ടൂപ്പ് മാത്യു

സെക്രട്ടറി–വി. ഡി. വറീത്

'ഫോർ ഡയമെൻഷണൽ സ്പേസ്' എന്ന ജോസിന്റെ പ്രബന്ധത്തെക്കുറിച്ച് ചർച്ചകൾ നടത്തി. പോസ്റ്റ്ഗ്രാഡുവേററ് വിദ്യാർത്ഥികൾ അനേകം ശാസ്ത്രവിഷയങ്ങളെക്കുറിച്ച് വാരാന്ത്യചർച്ചകൾ നടത്തി, ചർച്ചകൾക്കുപുറമേ അസോസിയേഷൻ 'ക്വിസ്പ്രോഗ്രാം', ലേഖനമത്സരം സിനിമാ പ്രദർശനം എന്നിവയും നടത്തി.

## സ്ററുഡന്റ് ക്രിസ്ത്യൻ ഫെല്ലോഷിപ്പ്

പ്രസിഡന്റ്–ജോർജ്ജ് ജോസഫ്

സെക്രട്ടറി–ഫിലിപ്പ്. സി. കോശി

ഉപദേഷ്ടാവ്–തോമസ് ജോൺ

ഈ സംഘടന കോളേജിലെ ധാർമ്മികജീവിതത്തിന്റെ താക്കോൽ സൂക്ഷിക്കുന്നു. 'വേദപുസ്തകപഠനസംഘങ്ങൾ' ഞായറാഴ്ചകളിൽ ഒന്നിച്ചുകൂടി. ചിലപ്പോൾ 'ഒരു ദിവസ സെമിനാറുകളും' ചർച്ചകളും സംഘടിപ്പിച്ചു. സോഷ്യൽ സർവ്വീസ് ലീഗിന്റെ അതിന്റെ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾക്കായി അററുവ് രൂപ സംഭാവന ചെയ്യാൻ ഈ സംഘടനയ്ക്കു കഴിഞ്ഞുവെന്നുള്ളത് ഒരു നേട്ടമത്രേ.

## ആർട്ട്സ് ക്ളബ്ബ്

പ്രസിഡന്റ്–എബ്രഹാം മാത്യു

സെക്രട്ടറി–സന്തോഷ്. കെ. പി.

സിനിമാനടൻ വിൻസന്റ് ക്ലബ്ബ് ഉൽഘാടനം ചെയ്തു. പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിന് വേണ്ടി ഒരു എക്സിക്യൂട്ടീവ് കമ്മിററി രൂപീകരിച്ചു. കോളേജിലെ കലാകാരന്മാരെയും കലാകാരികളേയും ഉൾപ്പെടുത്തിക്കൊണ്ട് മ്യൂസിക് ക്ലബ്ബ്, ഡ്രമാററിക് ക്ളബ്ബ്, കോളേജ് ഓർക്കെസ്ട്ര എന്നിവയ്ക്കു രൂപംകൊടുത്തു.

കോളേജിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായി ഒരു ചിത്രകലാപ്രദർശനം നടത്തപ്പെട്ടു. കോളേജിലെ അറിയപ്പെടാത്ത ചിത്രകാരന്മാരെ പ്രകാശത്തിലേക്കാനയിക്കാൻ ഇതിനു കഴിഞ്ഞു.

പിന്നീട് 'ആർട്ട്സ് ഡേ' സംഘടിപ്പിച്ചു. ഒരു മിനി കലോത്സവമായിരുന്നു ഇതെന്നുപറയാം.

സാധാരണപോലെ 'ആർട്ട്സ് ഫെസ്ററിവൽ' നടത്തപ്പെട്ടു. രണ്ടു ദിവസത്തെ കലാമത്സരങ്ങൾ ഉൽഘാടനംചെയ്തത് അബ്ദുക്കയാണ്.

നേട്ടങ്ങളിൽ മുന്തിനിൽക്കുന്ന മറെറാന്നുണ്ട്.

സാധാരണയായി, ഓരോ കാര്യങ്ങൾക്കുവേണ്ടി അദ്ധ്യാപക–വിദ്യാർത്ഥി–പൊതുജനങ്ങളുടെ കൈയിൽനിന്ന് പൈസ പിരിച്ചെടുത്തിട്ട്, കാര്യം നടത്തിയില്ലെന്നതോ പോകട്ടെ, പിരിച്ച തുകയ്ക്കു കണക്കുപോലുമില്ലാതാവുകയാണല്ലോ പതിവ്.

പക്ഷേ ആർട്ട്സ് ക്ളബ്ബ് ഒരു നല്ല പാരമ്പര്യം സൃഷ്ടിച്ചു. 'മനസ്സ്' എന്ന നാടകം വിജയകരമായി നടത്തി, അതിൽനിന്നു കിട്ടിയതുകൊണ്ട് കോളേജിനുവേണ്ടി ഒരു കർട്ടൻസെററ് വാങ്ങി.

ആത്മാർത്ഥതയോടെ സഹകരിച്ച വിദ്യാർത്ഥിനീ–വിദ്യാർത്ഥികളുടെ പങ്ക് ഇത്തരുണത്തിൽ മറക്കുകവയ്യ.

## സാഹിത്യചർച്ചാവേദി

പ്രസിഡന്റ്–തോന്നക്കൽ നാരായണൻ

സെക്രട്ടറി–സുന്ദരം ഗോവിന്ദ്

സാഹിത്യതല്പരരായ വിദ്യാർത്ഥികളുടെയോഗം ചേർന്ന് 'സാഹിത്യചർച്ചാവേദി'യെന്നപേരിൽ ഒരു സംഘടന രൂപീകരിച്ചു.

സാഹിത്യവിദ്യാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ട് സെമിനാറുകൾ, സിമ്പോസിയങ്ങൾ, സാഹിത്യമത്സരങ്ങൾ, സ്വന്തം രചനകളെ കുറിച്ചുള്ള മത്സരങ്ങൾ, തുടങ്ങിയവ സംഘടിപ്പിക്കുവാൻ ചർച്ചാവേദിക്ക് കഴിഞ്ഞു.

അടുത്ത വർഷത്തിൽ ചർച്ചാവേദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിന് സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

With best compliments from:

## NATIONAL PHARMACEUTICAL DISTRIBUTORS

distributors of pharmaceutical items

fine chemicals
tinctures
syrups etc.

Colour
and
Black and White

## Vigils' Studio

C S I Shopping Centre
Alwaye

## Dharmadeepti Alwaye

A Company incorporated in Kerala
Functions for promoting charity and education
*for particulars, contact the office*

DHARMADEEPTI
14/XIII Friendship House
ALWAYE-1

Phone: 201

Sri. U. J. MATHAI
Board Chairman

Sri. C. P. THOMAS
Manager

അമൂല്യനിമിഷങ്ങളെ അഴകുററ
ചിത്രങ്ങളിൽ അനശ്വരമാക്കുക!

## CHAMPION STUDIO

ALWAYE :: Kerala
Phone: 394

Photographers and Photo-goods Dealers

Licence No. 331 dated 15th October 1935

Statement about ownership and other particulars about newspaper (The Union Christian college Magazine) to be published in the first issue every year after last day of February.

**FORM IV**

*(See Rule 8)*

| | | |
|---|---|---|
| 1. Place of Publication | : | Union Christian College, Alwaye, Kerala State |
| 2. Periodicity of Publication | : | Once in a year—in March-April |
| 3. Printer's Name | : | Shri. C. T. Benjamin |
| Nationality | : | Indian |
| Address | : | Union Christian College, Alwaye |
| 4. Publisher's Name | : | Shri. C. T. Benjamin |
| Nationality | : | Indian |
| Address | : | Union Christian College, Alwaye |
| 5. Editor's Name | : | Shri. M. V. Paul |
| Nationality | : | Indian |
| Address | : | Union Christian College, Alwaye |
| 6. Names and Address of individuals who own the newspaper and partners or shareholders holding more than one percent of the total capital | : | Dr. A. K. Baby<br>Dr. M. V. Kurian<br>Dr. A. M. Chacko |

I, C. T. Benjamin, hereby declare that the particulars given above are true to the best of my knowledge and belief.

JULY 21, 1973.

C. T. Benjamin


*With best compliments from:*

**COMINCO BINANI ZINC LIMITED**

BINANIPURAM

P. B. No. 7. UDYOGAMANDAL P. O.

KERALA

(Regd: Office: Binani Buildings, 38 Strand Road Calcutta-1)

**Manufacturers of High Grade Electrolytic Zinc, Sulphuric Acid & Cadmium**

*Sole Selling Agents:*

**METAL DISTRIBUTORS LIMITED**

Calcutta, Bombay, Madras, New Delhi, Mirzapur, Udyogamandal

**INSTITUTE OF ENGLISH**

**Near pump junction, ALWAYE-1**

EXCELLENT COACHING OFFERED

IN

B. A. / B. Sc. English, Hindi & Malayalam

Pre-Degree English, Hindi, Malayalam & Subjects (Theory only)

For 2nd year B. A. / B. Sc. & Senior Pre-degree students

EVENING CLASSES ARRANGED

An Ideal Tution home for college Students

**MARY JACOB M. A.** (Principal)

Phone: 212

# ഞാനെന്ന രണ്ടു് മനുഷ്യൻ

ഒന്നു് :

കെ. പി. വിജയൻ

## മദനലഹരി

സ്ത്രീ, ശക്തി, നീയിന്നീയസുലഭനിമിഷത്തി
ലെന്നിലൊരു-
സർപ്പമായ്പ്പടരൂ; നിൻെറയുള്ളറകളിൽനിന്നും
പതഞ്ഞനസൃതംപ്രവഹിച്ചിടും ചുടുനിശ്വാ
സത്തിലെൻ-
ബോധമനസ്സിനെമയക്കൂ; ഈബോധത്തിൽനിൻ-
(അബോധത്തിലല്ല)
മാറിൽപ്പടരട്ടെഞാൻ; സുഖസുപ്തിതേടട്ടെ;
നിരാമുഖങ്ങളാം മറവിയിൽത്തള്ളട്ടെ, മൂർത്തമൊരു
വികാരത്തിൽ
സ്വയംമോഹിച്ച്, വീണ്ടുമാ ഹോമത്തിൻഫലം
ഞാനനുഭവിയ്ക്കട്ടെ.
സ്വയംതള്ളിയവനീഞാനീ; യജ്ഞാതഗഹ്വരങ്ങളി-
ലപരരിൽനിന്നും വ്യത്യസ്ഥനായ്ത്തീർന്നിടട്ടെ
(നിങ്ങളൊരു പ്രസ്ഥാനത്തിനായ്സ്വയം
ഹോമിച്ചിടുന്നു-
വെന്നാലതിൻ ഫലമപരരനുഭവിച്ചിടുന്നു.)
പുഷ്പമൃദുലമീയെൻമാംസവികാരം നിന്നിലഭയം
തേടിടട്ടെ,
ഞാൻവരുന്നു, വിഷാദനായ്, ഒരല്പനിമിഷ
മീലഹരിയ്ക്കായ്;
നിയമങ്ങളാം വേരററിടുന്നു, ഞാനവയെമറന്നിടുന്നു,
നിഗൂഢമീയാനന്ദത്തിലൊരോനിമിഷവും
ഞാനെരിയുന്നു!
നീകനൽക്കട്ടയല്ല, തിരിയിൽജ്വലിച്ചിടും
ജ്വാലയല്ല; യി-
ഞാനുമൊരിയ്ക്കലുമല്ലയൊരുശലഭം, തീയിൽ
വെന്തിടാൻ...
മരുവനത്തിലലയും പാന്ഥൻെറനിത്യദാഹ
ജലമാണ് നീ,
വാനത്തിലിഴഞ്ഞിട്ടു, മിരവിൽനിത്യവും കേണിടും-
വേഴാമ്പലിൻ ദാഹശമനജലധാരയാണെന്നീ...
വെട്ടററ്വീണിടും'സംസ്കാരത്തിൻ'
നിത്യദുഃഖമാണ്നീ,
മാനവസംസ്കാരത്തിലിടയ്ക്കിടയ്ക്ക് ജനി
തേടിടുംമോഹിനീ,
പുനർജ്ജനി, നീ, വീണ്ടുംമൃതിയടയുമൊരിയ്ക്കൽ-
(ഞാനന്നുണ്ടാകാതിരുന്നെങ്കിൽ!)
പ്പക്ഷെ, കാലചക്രത്തിൽനീയിരിപ്പൂ, വീണ്ടും
പ്രത്യക്ഷയാകുവാൻ...
നീശീതക്കാററായഞ്ഞടിച്ചെന്നിൽക്കയറും-
യീമദനലഹരിയിൽ ഞാൻമറന്നിടട്ടെസർവ്വം...
മറന്നിടട്ടെസർവ്വം...



രണ്ടു്:

## 'ദുഃഖ 'കാന്തി'

മറന്നിടട്ടെ,സർവ്വം മറന്നിടട്ടെഞാനിന്നു;
നിൻെറമുന്നിലിവിടെ;യുപവിഷ്ടനായിടട്ടെ;
നിർവ്വികാരനായിടട്ടെ

ഒരിയ്ക്കലുംകത്തിപ്പടരരുതേ, നീ; ദേവീ, പ്രണാമം.
ശാന്തചിത്തവുമീ; ശാന്തവദനവുമീ; കദനഭാരവും
പേറ, നീ

മദനലഹരി നയനങ്ങളിലെരിയിയ്ക്കരുതേ, നിൻ-
ദുഃഖമത്രയുമീ; ക്കവിളുകളിൽത്തെളിഞ്ഞിടട്ടെ-
യീസുന്ദരമാം ആകാരത്തിന്നൊരുപശ്ചാത്തല
മായിടട്ടെയതു്...

ചിത്രകാരൻ, ഞാൻജീവിതചിത്രകാരൻ,
നിന്നിൽ കലതേടിയെത്തിയൊരീചിത്രകാരൻ,
മാംസത്തെപ്പഴങ്കഥയാക്കി; ച്ചുഴററിയെറിഞ്ഞൊ
രീചിത്രകാരൻ,

നമിയ്ക്കുന്നുനിന്നെ, ദേവീ, വണക്കം, വണക്കം...
നിൻെറയീമാദകമേനി വസ്ത്രത്തിൽപ്പൊതിയൂ,
ഈതലമുടിയിഴകളാം, കറുത്തൊരീയിവ,
മാറിൽപ്പടരട്ടെ,

ശോകമായിടട്ടെസർവ്വം; ശോകം: ഞാനൊന്ന
ശോകത്തിൽ!
ദുഃഖിനി, കരയരുത്നീ; യതുമാച്ചിടുന്നനിൻെറവേദ
പ്രപഞ്ചത്തിൻവേദന;യിവിടെതളംകെട്ടിടും
വേദന...

വികാരമാകരുത്, മാദകമാകരുത്(?)...
ഒരല്പംയാമംമാത്രമയെങ്കിലെനിയ്ക്ക് നിന്നി
ലസ്തിത്വം...

പുറന്തള്ളപ്പെട്ടവ: നേകാന്തപഥികൻഞാൻ
രതിക്രീഡയ്ക്ക് "ശോഭ"
അമ്മയുടെമാറിൽനിന്നുമുററിയമുലപ്പാലിൽനിന്നും
തേടിയതൊ
നനേകംരാവുകളിൽനിൻമൂകതയിലഭയംതേടിടട്ടെ,
നീയെന്നമൊരുവിഷാദമായ് (*Melancholy*)
വിഷാദഭാവമായ്‌വന്ന്നിറ്റു...
സ്ത്രീയായ്, സ്നേഹമായ്, ശാന്തമായ് "വന്നു"നിറ്റു...
ദേവീ...ദേവീ...ജന്മാന്തരങ്ങളാംകഴിച്ചിടാം
നിന്നോടൊത്തുഞാൻ...



prof. t. u. joseph with office bearers—
botany association



history association



chess club



senior day scholar's association

# गरीबी-हटाओ

**M. JAYALAKSHMI**

योजना-बद्ध कार्य ही किसी देश की यथार्थ प्रगति में सहायक होता है। इसी को विचार कर हमारे प्रधान मंत्री श्रीमती इन्दिरा गांधी ने घनी आबादी वाले हिन्दुस्तान की आत्म-निर्भर (सभी क्षेत्रों में) बनाने के लिए एक योजना बद्ध कार्य को आरंभ किया। यह बात तो हम आसानी से समझ सकते हैं कि किसी साधारण योजना द्वारा यह काम असंभव है। इन सब को विचार कर प्रधान मंत्री ने 'गरीबी-हटाओ' नामक नारा लगाकर इस क्षेत्र के कार्यों का "श्री गणेश" किया।

पहली पंचवर्षीय योजना के दो प्रधान उद्देश्य थे। देश में युद्ध और विभाजन के कारण आर्थिक क्षेत्र में जो असन्तुलन पैदा हुआ उस को ठीक करना और राष्ट्रीय आय एवं कृषि तथा औद्योगिक उत्पादन में वृद्धि करना, जिससे कि नागरिकों के जीवन-स्थर में उन्नति हो। समाजवाद की नींव भी इसी योजना ने डाली। जिसका आधार यह है कि बिना किसी ऊँच-नीच, भेद भाव के सभी को एक प्रकार का अवसर देना। समाज-सुधार, ग्राम-सुधार, सिंचाई, मज़दूरों और हरिजनों की सहायता आदि पहली पंचवर्षीय योजना के अन्तर्गत शामिल किए गए। हम यह नहीं कह सकते हैं कि उपर्युक्त योजना गरीबी हटाने का एक मात्र साधन रहा। लेकिन जन-साधारण के लिए कल्याणकारी अवश्य रहा।

दूसरी पंचवर्षीय योजना में आर्थिक उन्नति की गति को तीव्र करने पर, रोजगार के साधनों को बढाने पर तथा आय और धन की विषमता को कम करने पर जोर दिया गया।

उपर्युक्त कार्यों को पूरा करने के साथ-साथ तीसरी पंचवर्षीय योजना के अन्तर्गत ग्रामीणों को रोजगार देने का प्रबंध किया गया। इस के अनुसार कृषकों को साल में उन दिन के लिए काम का प्रबंध किया गया जब कि उपज मन्द पडती है। चौथी और पाँचवी पंचवर्षीय योजना के बाद ही बेकारी की समस्या को हटाने के लिए सीधे मार्गों को अपनाना उचित समझा गया।

उपर्युक्त कार्यों के लिए नये मार्ग ढूँढ लिए गये। किसानों और कृषक मज़दूरों की सहायता की गयी। अकाल पीडित क्षेत्रों का सुधार किया गया। खेती के लिए नये तरीकों को अपनाया गया। 1971—72 में "रूरल एम्पोलयमेंट" की एक योजना प्रस्तुत की गई जिससे कि प्रत्येक जिले में 1000 लोगों को साल के लगभग दस महीने काम मिला। इस प्रकार गरीबी के विरुद्ध सफलता के कदम उठाए गये। इस का कारण पंचवर्षीय योजना ही है क्योंकि इसी योजना के कारण सभी क्षेत्रों के कार्यों में सफलता प्राप्त हुई। पहली योजना में 65.62 करोड रु० भूमि की सिंचाई के लिए खर्च किया गया। इसी को चौथी योजना के अन्तर्गत 1165 करोड रुपये कर दिया गया। सामाजिक उन्नति के लिये पहली योजना में 79 करोड और तीसरी योजना में 288 करोड रु० खर्च किया गया। औद्योगीकरण

के लिये पहली योजना में 14.67 करोड और चौथी योजना में 104.25 करोड खर्च किया गया। गाँव के विद्युतीकरण के लिए 56 करोड से 520 करोड रु० खर्च किया गया। शिक्षा के लिए 85 करोड से 235 करोड, अस्पताल और स्वास्थ्य केन्द्र की स्थापना के लिए 25 करोड से 164 करोड तक खर्च किया गया। परिवार नियोजन, शिशु चिकित्सा केन्द्र के लिए 10 लाख से 315 करोड रु० खर्च किया गया। भोजन व्यवस्था के लिए चौथी योजना में 100 करोड रु० लगाया गया। घर व्यवस्था के लिए पहली योजना में 22.30 करोड से 120 करोड रुपये खर्च किया गया। पिछडे जातियों की उन्नति के लिए 30 करोड से 142 करोड रु० कर दिया गया। रोजगारी और मज़दूरों के लिए 2 करोड रु० से 40 करोड रुपये खर्च किया गया।

रोज़गारी और सुधार कार्यों की ओर चौथी योजना में ध्यान दिया गया। इस के लिए केन्द्र सरकार ने 480 करोड रु० खर्च किया। 92 करोड रुपये प्रत्येक राज्यों में रोज़गारी प्रदान करने के लिए खर्च किया गया।

1972-73 वार्षिक योजना में गाँव की उन्नति सफाई, गाँवों में जल का प्रबंध और प्रारंभिक पाठशाला आदि पर विशेष रूप से ध्यान दिया गया। समाज में गरीबों की उन्नति के लिए चौदह बडे बैंकों का राष्ट्रीकरण किया गया। फलस्वरूप 'स्टेट बैंक ओफ इन्डिया' और दूसरे राष्ट्रीकृत किए गए बैंक भी किसानों और स्वव्यवसायियों की सहायता करने लगे। जून 1969 से मार्च 1972 तक के क्रमवद्ध गणना से यह मालूम होता है कि राष्ट्रीकृत बैंक खेती और दूसरे उपेक्षित क्षेत्रों की आर्थिक सहायता बहुत महत्वपूर्ण ढंग से किया हैं। 7,12.627 करोड रु० खेती को, 8,10,370 करोड रु० कुटीर उद्योग को, यातायात के साधनों के लिए 27,656 करोड रुपये, लघु-व्यवसाय के लिए 1,34,629 करोड रुपये स्व-व्यवसायियों को 51688 करोड रुपये शिक्षा के लिए 6,662 करोड रुपये उधार दिये।

खेत के लिए उपयुक्त खाद के कई कारखाने खोले गये है, जिनसे किसानों को बहुत लाभ पहुँचा है। इन्हीं कारखानों के कारण अनाज के क्षेत्र में धीरे-धीरे भारत आत्म-निर्भर बन रहा है। सिंचाई योजना में सफलता के लिए कई बांध बनाए गये हैं। "लैंड सीलिंग" योजना को भी अमल में लाया जा रहा है। इस के अनुसार कोई भी व्यक्ति एक निश्चित माप की ज़मीन को ही अपना सकता है। इस योजना के द्वारा भूमि-हीन व्यक्ति को भूमि दिया जायगी।

इस वर्ष श्रीमती इन्दिरा गाँधी को एफ. ए. ओ. की तरह से, (सन् 1971 में हिन्दुस्तान अन्न के क्षेत्र में आत्म-निर्भर होने के कारण) एक 'मेडल' मिला है। उस का एक मात्र कारण तो 'गरीबी हटाओ' क्षेत्र में होने वाले कार्य ही हैं। आशा है कि भारत अपने प्रधान मंत्री के नेतृत्व में एक दिन सभी क्षेत्रों में आत्म-निर्भर हो जायगा।


*Contact*

SPORTS CENTRE

DEALERS IN SPORTS & TOYS

Pre.   lub Road, ERNAKULAM

COCHIN-11

Prop: A. R. JOSEPH

Phone: 31981

# 'मृत्यु'

H. S. NAGI

आ गया अब वक्त कुछ करने का।
औ' रहेगा न जहाँ फर्क अपने - पराये का॥
जहाँ होंगी कहीं भी बस्तियाँ नहीं।
औ' नज़र आयेगी कोई रौशनी नहीं॥

इस राह पर 'मृत्यु' के सिवाय हमसफर नहीं,
औ' है यहाँ कोई भी साथ हमजुबाँ नहीं॥
बाँह पकड लिए जा रही है कोई अजनबी,
सिवाय 'मृत्यु' के कोई और साथ नहीं॥

साथ दे रही है, सिर्फ घर-घराती हवाएं।
साथ दे रही है, सिर्फ सुनी-सुनी चुप फिज़ाएं॥
सुनी-सुनी है, धडकती सभी धडकने।
धडक रही है हर ओर गहरी सन-सनी॥

आता नहीं है कहीं नज़र आसमां भी।
औ' न आती है कहीं नज़र जमीं भी॥
न चाँद है, न तारे हैं न कोई नज़ारे भी।
जमीन से उठ गयी है सारी रौनक भी॥

उठ रहा है हर ओरसे धुँआ-ही धुँआ,
धुँए में अनजाने हाथ अनजाना॥
सिवाय 'मृत्यु' के कोई और का हाथ नहीं,
सिवाय 'मृत्यु' के कोई और का साथ नहीं॥

साथ दे रही हैं रोती-सिसकती दिशाएं,
साथ दें न सकती सुनी रोद की आहें॥
इस पर भी हँस हँस गले लगाते।
जो नहीं कभी भी 'मृत्यु' से डरते॥

नहीं है 'मृत्यु' अनहोनी, रीत है होनी की
रही अब न ख्वाईश कोई हमसफर की॥
हमसफर के लिए अब न देखेंगे मुडके।
साथ चलेंगे अब तो कदम मिला 'मृत्यु' के॥




# King's English

King's English is beamed by the B.B.C. It is thoroughbred Anglo-Saxon. The English you learn at Menon and Krishnan is good English; it is King's English.

Students from Menon and Krishnan write the best essays in the University. It is like Bach's music, brief, neat and elegant. Match them with essays from anywhere, word for word, they are superior and inimitable. They are the work of Mr. C. R. Sankara Menon.

Class-room lectures bring the essays and other notes to life. They are heard and remembered. Climb aboard Menon and Krishnan to sail across the English Channel.

Write to reserve seats in the Pre-Degree Class and Hostels for Boys and Girls. Prospectus mailed on request.

## MENON AND KRISHNAN

DURBAR HALL ROAD, ERNAKULAM, COCHIN-16.

KERALA'S GREATEST TUTORIAL COLLEGE




# നിങ്ങളുടെ കുടുംബത്തിന്റെ നെഞ്ചിടിപ്പും നാഡിമിടിപ്പും ഞങ്ങൾ ശ്രദ്ധിക്കുന്നു

ഒരു രാജ്യത്തിനൊപ്പം തൂക്കവും ഘനവുമുള്ള പ്രശ്നങ്ങൾ എപ്പോഴും ഒരു കുടുംബത്തിനകത്തുമുണ്ട്: സാമ്പത്തിക ഭദ്രതയാണ് കുടുംബഭദ്രതയുടേയും അടിസ്ഥാനസത്യം.
ശ്രദ്ധാപൂർവ്വമായ ആസൂത്രണവും, കരുതലോടെയുള്ള ചുവടുവയ്പും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നമ്മെ സഹായിക്കും.
നിങ്ങളുടെ കുടുംബത്തിന്റെ നാഡിമിടിപ്പ് ശ്രദ്ധിക്കുന്ന ഞങ്ങൾ നിങ്ങളെ സഹായിക്കാനുള്ള പദ്ധതികളുടെ പ്രവർത്തനത്തിലാണെപ്പോഴും. അതിലൊന്നാണ് ഫെഡറൽ ബാങ്കിന്റെ കുറികൾ. ഈ കുറികളിലൂടെ നിങ്ങൾക്ക് പടിപടിയായുള്ള ഭദ്രത ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**ഫെഡറൽ ബാങ്ക് ലിമിറ്റഡ്**
(ഷെഡ്യൂൾഡ് ബാങ്ക്)
രജിസ്റ്റേർഡ് ആഫീസ്: ആലുവ.

designers.FB/572